## ‘ചേലാകർമ്മം (Circumcision) അനിസ്‌ലാമികം’

‘പിശാച് അവരോട്’ കൽപ്പിക്കുമ്പോൾ അവർ കന്നുകാലികളുടെ കാതുകൾ കീറി മുറിക്കുന്നു. പിശാച് അവരോടു കൽപ്പിക്കുമ്പോൾ അവരതാ അല്ലാഹുവിന്റെ സൃഷ്ടി ഘടനയെ അലങ്കോലപ്പെടുത്തുന്നു. (4:118), (4:119) നേർച്ച മൃഗങ്ങളായ ഒട്ടകങ്ങളുടെയും ആടുകളുടെയും മറ്റും കാതുകൾ കീറിമുറിച്ച് അടയാളം വെക്കുന്ന അറബികളുടെ അനാചാരത്തെ പൈശാചികം എന്നാണ് ഖുർആനും നബിയും അധിഃക്ഷേപിച്ചത്. കേവലം ആടുമാടുകളോടുള്ള ഖുർആനിന്റെ സമീപനം ഇതാണെങ്കിൽ നമ്മുടെ പിഞ്ചുകുഞ്ഞുങ്ങളുടെ ലിംഗാഗ്രചർമ്മം അനാവശ്യമായി അറുത്തുമാറ്റാൻ അല്ലാഹുവോ റസൂലോ കൽപ്പിക്കുമോ? വിശുദ്ധ ഖുർആനിൽ എവിടെയും ഒരു സൂചനപോലുമില്ലാത്തതും നബി തിരുമേനി ഒരു മതാചാരം എന്ന നിലക്ക് പഠിപ്പിച്ചിട്ടില്ലാത്തതുമായ ഒരു അനാചാരമാണ് ചേലാകർമ്മം..! മാത്രമല്ല നിർബന്ധിത മതപരിവർത്തനത്തിന്റെ ഏറ്റവും പ്രാകൃതമായ ഒരു രൂപവുമാണത്.

മാത്രമല്ല, സ്ത്രീക്കും പുരുഷനും ഏറ്റവുമധികം സ്പർശന സുഖം നൽകുന്ന കാമോദ്ദീപകമായ (Highly erogenous) ആ തൊലി ലൈംഗിക വേഴ്ചയുടെ പരിപൂർണ്ണതയ്ക്ക് അത്യാവശ്യമാണെന്നും ഡോക്ടർമാർ അഭിപ്രായപ്പെടുന്നു.

ഒരു ചികിത്സ എന്ന നിലയ്ക്ക് ചേലാകർമ്മത്തെ എല്ലാവരും അംഗീകരിക്കുന്നു. നമ്മുടെ ഹിന്ദു-കൃസ്ത്യൻ സഹോദരന്മാർ വരെ അത് ചെയ്യാറുണ്ട്. അതേസമയം ഖുർആനിൽ ഇല്ലാത്തതും നബി മാതൃക കാണിക്കാത്തതുമായ ഒരു ആചാരം ‘ഇസ്‌ലാമികം’ എന്ന പേരിൽ ചെയ്യുന്നത് ബിംബാരാധനപോലെ ഒരു വൻ കുറ്റമാണെന്ന ഖുർആനിക പാഠം നാം ഇനിയെങ്കിലും പഠിക്കുക...! വിദ്യാഭ്യാസമാണ് ഖുർആനും നബിയും പഠിപ്പിച്ച ഒന്നാമത്തെ ഇസ്‌ലാം കാര്യം. മുസ്ലീമാവാനുള്ള ആദ്യത്തെ യോഗ്യത അക്ഷരാഭ്യാസമാണ്. അല്ലാതെ ലിംഗം മുറിച്ച് വികലാംഗനാക്കലല്ല. ചേലാകർമ്മത്തിലെ മതവും ശാസ്ത്രവും അതിന്റെ ചരിത്രവും വളരെ സമഗ്രമായി അവതരിപ്പിക്കുകയാണ് ഈ കൊച്ചു ഗ്രന്ഥത്തിൽ ചെയ്തിട്ടുള്ളത്.

ഡോ: അബ്ദുൽ ജലീൽ പുറ്റെക്കാട്
www.jaleelputtekkad@yahoo.com



# ചേലാകർമ്മം അനിസ്‌ലാമികം

ചേകന്നൂർ മൗലവിയുടെ
ഖുർആനിക ദർശനങ്ങൾ – ഭാഗം 11

–ഡോ: അബ്ദുൽ ജലീൽ പുറ്റെക്കാട്.

## ഉള്ളടക്കം


ചേലാകർമ്മത്തിലെ മതവും ശാസ്ത്രവും .................................. 8

ചേലാകർമ്മം - അൽപം ചരിത്രം ............................................10

ചേലാകർമ്മം - സമീപകാലചരിത്രം ........................................ 19

ചേലാകർമ്മത്തിൽ പതിയിരിക്കുന്ന അപകടങ്ങൾ ....................23

'ചേലാകർമ്മം അനിസ്‌ലാമികം' എന്നതിന്റെ
ഖുർആനിക തെളിവുകൾ .................................................... 34

ചേലാകർമ്മം ഖുർആൻ വിരുദ്ധം എന്നതിനു
പ്രബലമായ ചിലതെളിവുകൾകൂടി..........................................39

'ഇസ്‌ലാം' എന്നാൽ അറേബ്യൻ സംസ്കാരമല്ല...! ...................... 47

സുന്നത്തായ എല്ലാ ആരാധനകളും
ഖുർആൻ വിരുദ്ധം..! ............................................................52

ചേലാകർമ്മം അനിസ്ലാമികം എന്നതിന്റെ
ഏറ്റവും ശക്തമായ ഒരു ഖുർആനിക തെളിവ്....! ......................52

**CHELAKARMAM ANISLAMIKAM**
**(Language Malayalam)**

| | | |
|---|---|---|
| Ist Edition | : | October 2006 |
| Copy | : | 2000 |
| Author | : | Dr. M. Abdul Jaleel, Puttekkad |
| Address | : | Edakkayil House<br>Puttekkad, Feroke<br>Kerala-673 631 |
| Price Rs. | : | 30.00 |
| Publishers | : | Khur-an Sunnath Society<br>K.S.S. Office, Market Road,<br>Feroke, Calicut, Kerala, India<br>673 631 |

**ചേലാകർമ്മം അനിസ്ലാമികം**
**ഡോ: എം. അബ്ദുൽ ജലീൽ പുറ്റെക്കാട്**
**ഒരു 'ഖുർആൻ സുന്നത്തുസൊസൈറ്റി' പ്രസിദ്ധീകരണം**




# മുഖവുര

ചേകന്നൂർ മൗലവിയുടെ ആകസ്മികമായ അന്ത്യം ഞങ്ങളെ വല്ലാതെ വേദനിപ്പിക്കുകയും അമ്പരപ്പിക്കുകയും ചെയ്തിരുന്നു. ആ അമ്പരപ്പും വേദനയും നാഥനില്ലാത്ത അവസ്ഥയും ഏതാനും മാസങ്ങളോളം നീണ്ടു നിൽക്കുകയും ചെയ്തു എന്നതും ഒരു വസ്തുതയാണ്. എങ്കിലും ദീർഘ ദൃഷ്ടിയോടെ അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ ഞങ്ങൾക്കു വളരെ സഹായകമായി. 'അക്ഷരങ്ങൾ' എന്നാൽ 'ക്ഷരം പറ്റാത്തത്' –നശിക്കാത്തത്–എന്നാണല്ലോ അർത്ഥം. വിശുദ്ധ ഖുർആനിന്റെയും അദ്ദേഹം സ്ഥാപിച്ച ഖുർആൻ സുന്നത്തു പ്രസ്ഥാനത്തിന്റെയും അനശ്വരത അദ്ദേഹത്തിന്റെ അക്ഷരങ്ങളിലൂടെ ഞങ്ങൾ കണ്ടു....! അദ്ദേഹം പറയാൻ ബാക്കിവെച്ച പലതും പറയാനും എഴുതാനും ഈയുള്ളവന് ധൈര്യം നൽകിയത് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ തന്നെ..!

ഇന്ന് ഖുർആൻ സുന്നത്തു പ്രസ്ഥാനം സമ്പൂർണ്ണവും സമ്പന്നവുമായിരിക്കുന്നു. മൗലവിയുടെ വിയോഗാനന്തരം പ്രസ്ഥാനത്തിലേക്കുവന്ന ചില മുജാഹിദു–ജമാഅത്തുപണ്ഡിതന്മാരുടെ പ്രസംഗങ്ങളും പ്രബന്ധങ്ങളും പുസ്തകങ്ങളും ആദർശ ബന്ധുക്കളുടെ നിസ്വാർത്ഥമായ സഹകരണവും പ്രവർത്തനങ്ങളും 'സുന്നത്തു–ജുമാഅത്ത്' എന്ന ഖുർആൻ വിരുദ്ധ സംഘടനയുടെ ഏതു രീതിയിലുള്ള കുതന്ത്രങ്ങളെയും നേരിടാൻ ഖുർആൻ സുന്നത്തു പ്രസ്ഥാനത്തെ പര്യാപ്തമാക്കിയിരിക്കുന്നു. അൽഹംദുലില്ലാ....

ചേകന്നൂർ മൗലവി പറയാൻ ബാക്കിവെച്ച ഒരു വിഷയമാണ് 'ചേലാകർമ്മം അനിസ്ലാമികം' എന്ന ഈ കൊച്ചു കൃതിയിലൂടെ ഈയുള്ളവൻ അവതരിപ്പിക്കുന്നത്...! ഈ ഗ്രന്ഥത്തിന്റെ രചനാവേളയിൽ എന്നെ സഹായിച്ച മൂതൂർ അബൂബക്കർ മൗലവി, സാലിംഹാജി, മുഹമ്മദ് ഇക്ബാൽ കക്കിടി, മുഹമ്മദുണ്ണിമൗലവി മാറഞ്ചേരി, മജീദ് സുല്ലമി ഉഗ്രപുരം, ഡോ: ഡെന്നിസൺ (D.O.C) തുടങ്ങിയവരോടുള്ള നന്ദിയും കടപ്പാടും ഇവിടെ രേഖപ്പെടുത്തട്ടെ..!

എന്ന്,

വിനീതൻ

**ഡോ: എം. അബ്ദുൽ ജലീൽ പുറ്റെക്കാട്.**
**K.S.S. ഓഫീസ്, മാർക്കറ്റ് റോഡ്, ഫറോക്ക് – 673 631**

അത്യുദാരനും കരുണാനിധിയുമായ
അല്ലാഹുവിന്റെ തിരുനാമത്തിൽ

# ആമുഖം

വിശുദ്ധ ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത അതിക്രൂരവും പൈശാചികവുമായ ഒരാനാചാരമാണ് 'ചേലാകർമ്മം' (Circumcision) എന്ന 'സുന്നത്ത് കല്യാണം.' നേർച്ച മൃഗങ്ങളായ ഒട്ടകങ്ങളുടെയും ആടുകളുടെയുമൊക്കെ കാതുകൾ കീറിമുറിച്ച് അടയാളം വയ്ക്കുന്ന ഒരു പതിവ് അറബികൾക്കുണ്ടായിരുന്നു. അല്ലാഹുവിന്റെ സൃഷ്ടിഘടനയെ അലങ്കോലപ്പെടുത്തുന്ന അറബികളുടെ ആ അനാചാരത്തെ പൈശാചികം (4:118, 119) എന്നാണ് ഖുർആനും മുഹമ്മദ് നബിയും അധിക്ഷേപിച്ചത്.

ലക്ഷത്തിൽ അല്ലെങ്കിൽ പത്തു ലക്ഷത്തിൽ ഒരു തെമ്മാടിക്ക് കള്ളുകുടിയും വ്യഭിചാരവും പ്രകൃതിവിരുദ്ധ നടപടികളും മറ്റുമായി കുത്തഴിഞ്ഞ ജീവിതം നയിക്കുമ്പോൾ അവരുടെ ലിംഗത്തിനും യോനീനാളത്തിനുമൊക്കെ ക്യാൻസർ വരുന്നു എന്ന കാരണം പറഞ്ഞുകൊണ്ട് നിഷ്കളങ്കരും നിസ്സഹായരുമായ കുട്ടികളുടെ ലിംഗാഗ്രചർമ്മം മുറിച്ചുകളയുന്നത് തനി ക്രൂരവും അപഹാസ്യവുമാണ്. ചേലാകർമ്മം മതാചാരമായി പാലിച്ചുവരുന്ന ഇസ്രയേലി ജൂതന്മാരിൽ ലിംഗത്തിന് ക്യാൻസർ ഉള്ളവർ പൂജ്യം ശതമാനമാണെങ്കിൽ ചേലാകർമ്മം ചെയ്യാത്ത വൃത്തിയിൽ നടക്കുന്ന നമ്മുടെ ഹിന്ദു

സഹോദരന്മാരിലും ക്രിസ്ത്യാനികളിലും ലിംഗത്തിനുള്ള ക്യാൻസർ ബാധയും പൂജ്യം ശതമാനമാണ്. അപ്പോൾ ദൈവം പഠിപ്പിച്ചതു പോലെ വൃത്തിയിൽ നടക്കുക എന്നതാണ് കാര്യം. 'വൃത്തിയുള്ളവരെയും ചെയ്ത് പോയ തെറ്റുകളിൽ പശ്ചാത്തപിച്ച് മടങ്ങുന്നവരേയും ദൈവം ഇഷ്ടപ്പെടുന്നു' (2:222 ) എന്ന് ഖുർആൻ പറഞ്ഞതോർക്കുക. അല്ലാതെ ചേലാകർമ്മത്തിൽ യാതൊരു ശാസ്ത്രവുമില്ല, മതവുമില്ല. അത് ഇസ്ലാം മതാചാരമല്ല. അതു നബിയോ ഖുർആനോ പഠിപ്പിച്ച സുന്നത്തുമല്ല. അറേബ്യയിൽ ഉണ്ടായിരുന്ന ഒരു ജൂത പാരമ്പര്യം മാത്രമാണത്. ലൈംഗിക വേഴ്ചയുടെ പരിപൂർണ്ണതക്കും കാമോദ്ദീപനത്തിനും ആ ലിംഗാഗ്ര ചർമ്മം സഹായിക്കുമെന്ന് ലൈംഗിക ശാസ്ത്ര വിദഗ്ദന്മാരായ ഡോക്ടർമാർ അഭിപ്രായപ്പെടുന്നു....!! കാരണം സ്ത്രീക്കും പുരുഷനും ഒരുപോലെ ധാരാളം സ്പർശന സുഖം നൽകുന്ന കാമോദ്ദീപകമായ, (erotic), ധാരാളം ഞരമ്പുകളും പേശികളുമടങ്ങുന്ന ഒരു ഭാഗമാണ് പ്രസ്തുത കിരാത നടപടിയിലൂടെ ഡോക്ടറും ഒസ്സാനും ചേർന്നു മുറിച്ചുകളയുന്നത്....!! ചേലാകർമ്മത്തെ അംഗീകരിക്കുന്ന, ചേലാകർമ്മത്തിൽ (Non- therapeutic neonatel circumcisionൽ) എന്തെങ്കിലും ഗുണമോ ശാസ്ത്രമോ, ഉണ്ടെന്ന് അംഗീകരിക്കുന്ന ഒരു മെഡിക്കൽ സംഘടനകളും ഇന്ന് ലോകത്തില്ല എന്നറിയുക. മാത്രമല്ല, മുപ്പത്തിയെട്ടോളം കാരണങ്ങളാണ് ചേലാകർമ്മത്തിനെതിരെ പ്രതികരിക്കുന്ന ഡോക്ടർമാർ, ചേലാകർമ്മത്തിനെതിരായി എടുത്തുദ്ധരിക്കുന്നത്... (Visitwww.doctorsopposingcircumcision, www.mothersagainstcircumcision). മതത്തിൽ യാതൊരു നിർബ്ബന്ധവുമില്ല.(2:256, 18:29, 10:100, 89:22) അല്ലാഹുവിന്റെ വചനങ്ങൾ പോലും ചിന്തിച്ചു പഠിച്ചല്ലാതെ നിങ്ങൾ സ്വീകരിക്കരുത്. (47:24, 38:29, 25:30, 73). 'നിങ്ങൾ ഗ്രന്ഥം ചുമക്കുന്ന കഴുതകളാകരുത്' എന്നൊക്കെയുള്ള തത്വങ്ങൾ ഖുർആനും മുഹമ്മദ് നബിയും പഠിപ്പിക്കുമ്പോൾ, ആ വിശുദ്ധ ഗ്രന്ഥത്തെ പാടേ അവഗണിച്ചുകൊണ്ട് ജീവിതവും മതവും ദൈവവും എന്തെന്നറിയാത്ത നിസ്സഹായനും നിഷ്കളങ്കനുമായ ഒരു കുട്ടിയുടെ ശരീരത്തിലെ ഏറ്റവും ഉൽകൃഷ്ടമായ ഒരവയവത്തിന്റെ– ലിംഗത്തിന്റെ – ഒരു ഭാഗം അവൻ മതവും ദൈവവും എന്താണെന്നറിയുന്നതിനു മുമ്പ് അറുത്തുമാറ്റുന്നത് തികഞ്ഞ കാടത്തരവും മതഭ്രാന്തും മാത്രമാണ്. നിർബ്ബന്ധിത മത പരിവർത്തനത്തിന്റെ ഏറ്റവും പ്രാകൃതമായ ഒരു രൂപവുമാണത്(മാർഗ്ഗം ചേർക്കൽ = മാർക്ക കല്യാണം). ആകാശവും ഭൂമിയും അവയ്ക്കിടയിലുള്ളതും മണ്ണിനടിയിലുള്ളതും മനുഷ്യശരീരവുമെല്ലാം തികച്ചും അന്യൂനമായ രീതിയിൽ, അതിമനോഹരമായി സൃഷ്ടിച്ചത് സാക്ഷാൽ അല്ലാഹുവാണെന്നും, അങ്ങിനെയുള്ള ആ അല്ലാഹുവിന്റെ സൃഷ്ടിഘടനയിൽ എവിടെയും ഒരു കുഴപ്പവും കണ്ടെത്താൻ നിങ്ങൾക്ക് കഴിയില്ലെന്നും ഖുർആൻ ദശക്കണക്കിന് സ്ഥലങ്ങളിൽ ഉണർത്തുന്നു. (67:3,4, 64:3, 51:21, 30:30, 40:64, 87:1, 82:6, 7, 95:4, 20:6,8, 20:50, 51, 27:88) അപ്പോൾ ഏറ്റവും മനോഹരം (95:4) എന്നു ഖുർആൻ പരിചയപ്പെടുത്തിയ മനുഷ്യശരീരത്തിലെ, ഏറ്റവും മഹത്തായ ഒരവയവത്തിന്റെ – ലിംഗത്തിന്റെ – അറ്റം അനാവശ്യമായി നിങ്ങൾ മുറിച്ചുകളയുന്നത് എന്തിനാണ് എന്നാണ് ഖുർആൻ വിശ്വാസികളായ നമുക്ക് സുന്നി മുജാഹിദ്– ജമാഅത്ത് മൗലവിമാരോട് ചോദിക്കാനുള്ളത്....!

ഒരു ചികിത്സ എന്ന നിലയ്ക്ക് ചേലാകർമ്മത്തെ എല്ലാ മതക്കാരും അംഗീകരിക്കുന്നുണ്ട്. ഖുർആനും അതംഗീകരിക്കുന്നു. എന്നാൽ ഖുർആനിലില്ലാത്ത – ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ഒരാചാരം, ഇസ്ലാംമതം എന്ന പേരിൽ അനുഷ്ഠിക്കുന്നത് ഖുർആനിക ദൃഷ്ട്യാ ശിർക്ക് പോലെ വൻ കുറ്റമാണെന്നും അത് ഹറാമാണെന്നുമുള്ള ഖുർ ആനിക പാഠം നാം മറക്കാതിരിക്കുക....!!!

## ചേലാകർമ്മത്തിലെ ( പരിഛേദനം–Circumcision)
## മതവും ശാസ്ത്രവും

വിശുദ്ധ ഖുർആനിൽ ഒരു സൂചന പോലുമില്ലാത്തതും നബിചെയ്തിട്ടില്ലാത്തതും മുസ്ലീം പുരുഷന്മാരോടും സ്ത്രീകളോടും കുഞ്ഞുങ്ങളോടും ചെയ്യുന്ന ഏറ്റവും വലിയ ഒരക്രമവുമാണ് സുന്നത്ത് കല്ല്യാണം എന്ന 'ചേലാകർമ്മം'. നബിയുടെയും 4 ഖലീഫമാരുടെയും കാലത്ത് അറേബ്യൻ ജൂതന്മാർ കൂട്ടം കൂട്ടമായി നബിയുടെ ചേരിയിലേയ്ക്ക് വന്നപ്പോൾ അവരിൽ ഉണ്ടായിരുന്ന ഒരനാചാരം അതേപടി നിലനിന്നു. ഈജിപ്ത്, സുഡാൻ, എത്യോപ്യ തുടങ്ങിയ രാജ്യങ്ങളിൽ പെൺകുട്ടികൾ പോലും ചേലാകർമ്മത്തിന് ഇരയാകുന്നുണ്ട്. മുആവിയയുടെ ഖുർആൻ വിരുദ്ധ രാജഭരണകാലത്ത് ആ അനാചാരം ഒരു സുന്നത്തായി നിലനിർത്താനും പ്രചരിപ്പിക്കാനും മുആവിയയും അബൂഹുറൈറയും 800 ശിഷ്യന്മാരും പ്രത്യേകം പ്രചാരവേല നടത്തുകയും ചെയ്തു. അതുമാത്രമാണ് മുസ്ലീം പുരുഷൻമാർ ചെയ്യുന്ന ചേലാകർമ്മത്തിന്റെ അടിസ്ഥാനം. അല്ലാതെ ഖുർആനിലോ യഥാർത്ഥ നബിചര്യയിലോ ചേലാകർമ്മത്തിന് യാതൊരു അടിസ്ഥാനവും കാണുന്നില്ല.

ചേലാകർമ്മത്തിലെ മതവും ശാസ്ത്രവും നമുക്കൊന്ന് പഠിക്കാം. അതിനുമുമ്പായി അൽപം ചരിത്രവും നാം പഠിക്കേണ്ടതുണ്ട്. ലൈംഗികത (ലൈംഗിക ചിന്താഗതിയും ലൈംഗിക വേഴ്ചയും) പാപമാണെന്നും അത് ചെകുത്താന്റെ പ്രവർത്തനമാണെന്നും പുരാതന കാലത്ത് ചില ജൂതന്മാർ വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. മാത്രമല്ല, പ്രാർത്ഥിക്കുമ്പോൾ മൂത്രത്തിന്റെ അംശം ലിംഗാഗ്രചർമ്മത്തിൽ (Foreskin-പുരുഷ ലിംഗത്തിന്റെ അഗ്രം ആവരണം ചെയ്തിരിക്കുന്ന ചർമ്മം - മണിച്ഛദം-Prepuce ൽ) തങ്ങി നിൽക്കുന്നത് മഹാ പാപമാണെന്നും മൂത്രത്തുള്ളി നജസാണെന്നും 'തുള്ളി മൂത്രം' തൊലിയിൽ തങ്ങിനിന്നാൽ അവരുടെ പ്രാർത്ഥനയും നമസ്കാരവുമൊന്നും ദൈവം സ്വീകരിക്കുകയില്ല എന്നും ചില ജൂതറബ്ബിമാർ നിയമമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു.

**ജൂതന്മാരുടെ അമിതമായ ആരാധന ഭ്രാന്തിനെ ഖുർആൻ എതിർക്കുന്നുണ്ട്. മാത്രമല്ല, മൂത്രം നജസാണെന്ന് ഖുർആൻ എവിടെയും സൂചിപ്പിക്കുന്നില്ല. അപ്പോൾ ലൈംഗിക വേഴ്ചയിൽ ഒരു അപൂർണത കൈവരുത്താനും ലിംഗാഗ്രചർമ്മത്തിൽ 'തുള്ളി മൂത്രം' തങ്ങി നിൽക്കുന്നത് തടയാനും വേണ്ടി ലോകത്താദ്യമായി ലിംഗത്തിന്റെ അറ്റത്തുള്ള തൊലി മുറിച്ചുകളഞ്ഞ - ലിംഗാഗ്രചർമ്മം ഛേദിച്ച -ആദ്യത്തെ മതവിഭാഗമായിരുന്നു ജൂതന്മാർ.**

# ചേലാകർമ്മം – അൽപ്പം ചരിത്രം
## (History of Circumcision)

ലൈംഗികത (ലൈംഗിക ചിന്താഗതിയും ലൈംഗിക വേഴ്ചയും) പാപമാണെന്ന് ചില പുരാതന ഗോത്രങ്ങളും ജൂത ഗോത്രങ്ങളും വിശ്വസിച്ചിരുന്നു. **ഇബ്രാഹിം നബിയുടെ കാലഘട്ടത്തിന് എത്രയോ നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ (സുമാർ 6000 വർഷങ്ങൾക്ക് മുമ്പ്) കിഴക്കൻ ആഫ്രിക്കയിലെ ചില കാട്ടുഗോത്രങ്ങളിൽ ചേലാകർമ്മം എന്ന ആചാരം നില നിന്നിരുന്നതായി കാണാം – ഇബ്രാഹിം നബി യാണ് ചേലാകർമ്മം ആരംഭിച്ചത് എന്ന സുന്നി വിശ്വാസം തെറ്റാ ണെന്ന് സാരം.** സുഡാൻ, ലിബിയ, എത്യോപ്യ, സോമാലിയ തുടങ്ങിയ നാടുകളിലെ ചില പുരാതന കുടുംബങ്ങളും ഗോത്രങ്ങളും തങ്ങളുടെ ഗോത്രക്കാരെ പരസ്പരം തിരിച്ചറിയാൻ വേണ്ടി നല്ല ചുട്ടുപഴുത്ത നീണ്ട ലോഹക്കമ്പികൾ ചൂടാക്കി കഴുത്തിലും മാറിലും മുഖത്തുമൊക്കെ മനോഹരമായ പാടുകൾ സൃഷ്ടിക്കുമായിരുന്നു. മരണം വരെ ആ പാടുകൾ (Scar) പോകാത്തതുകൊണ്ട് ഏത് കാലഘട്ടത്തിലും അവരെ തിരിച്ചറിയാൻ എളുപ്പമായിരുന്നു. കിഴക്കൻ ആഫ്രിക്കയിലെ ചില കാടന്മാരും ചില കാട്ടറബി ഗോത്രങ്ങളും ലിംഗത്തിന്റെ അറ്റത്തുള്ള തൊലി മുറിച്ചു മാറ്റി ഇങ്ങനെ അടയാളം വെച്ചിരുന്നു. സുമാർ 6000 വർഷങ്ങൾക്ക് മുമ്പ്, ഈജിപ്തിലാണ് ചേലാകർമ്മം ഒരു മതാചാരമായി ആരംഭിച്ചത് എന്ന് പലരും അഭിപ്രായപ്പെടുന്നു. സർപ്പാരാധനയുമായി (Snake worship) ചേലാകർമ്മത്തിന് ബന്ധമുണ്ടെന്നാണ് ഒരുകൂട്ടർ കരുതുന്നത്. പാമ്പുകൾ അതിന്റെ പുറംതൊലി (ഉറ) ഉരിയുന്നതോടെ, നല്ല തിളക്കവും മിനുസവുമുള്ള പുത്തൻതൊലിയോടെ പുറത്തുവരുന്നത് ഈജിപ്തിലെ ചില പ്രാകൃത വർഗ്ഗക്കാർ കണ്ടിരുന്നു. അതോടുകൂടിആപാമ്പുകൾ അനശ്വരമാകുമെന്ന് (immortal) അവർ വിശ്വസിച്ചു. മനുഷ്യന്റെ ലിംഗാഗ്ര ചർമ്മവും പാമ്പിന്റെ ആവരണവും ഒരുപോലെയാണെന്നായിരുന്നു അവരിൽ ചിലരുടെ വിശ്വാസം. (snake skin = foreskin). **ലിംഗാഗ്ര ചർമ്മം മുറിച്ചുമാറ്റുന്നതോടെ ശരീരത്തിലെ ഒരനാവശ്യ ഭാഗം മുറിച്ചുമാറ്റുന്നതുപോലെയാണ് അവർ കരുതിയിരുന്നത്. ലിംഗാഗ്ര ചർമ്മം (foreskin) മുറിച്ചുമാറ്റുന്നതോടെ ലിംഗം വളരെ 'ക്ലീൻ' ആയി എന്നെന്നും നിലനിൽക്കും എന്നും അവർ കരുതി. ഈജിപ്തുകാരിൽ നിന്നാണ് ജൂതൻമാർക്കും, അറബികൾക്കും ഈ ആചാരം കിട്ടിയത്.**

ക്രൂസ്തുവിന്(ഈസാനബിക്ക്) 2850 വർഷം മുൻപ്(ബി.സി. 2850) ഈജിപ്തിൽ ജീവിച്ചിരുന്ന, വൈദ്യലോകത്തെ ഒരതികായനായി അറിയപ്പെടുന്ന 'ഇംഹടെപ്പ്' ആണ് സുന്നത്ത് നിർബന്ധമാക്കിയതെന്ന് സി.കെ. രാമചന്ദ്രൻ അഭിപ്രായപ്പെടുന്നു.

ഈജിപ്തിലെ ഭരണകാര്യങ്ങളിൽ, ഫറോവയെ (ഫിർഔനെ) സഹായിച്ചിരുന്ന ഫറോവയുടെ 'ത്രിമൂർത്തികൾ' എന്നറിയപ്പെട്ടിരുന്ന ഇംഹടെപ്പ്, ടാഹോടെപ്പ്,കെഗെമ്നി എന്നിവരിൽ പലതുകൊണ്ടും അഗ്രഗണ്യനായിരുന്നു, ഒരു വൈദ്യശാസ്ത്രവിശാരദനായിരുന്ന ' ഇംഹടെപ്പ്'. ഫറോവയായിരുന്ന സോസറുടെയും, കൊട്ടാരത്തിലെ അന്തേവാസികളുടെയും ഭിഷഗ്വരൻ ഇംഹടെപ്പ് ആയിരുന്നു.കൊട്ടാരങ്ങളിൽ ഇംഹടെപ്പ് നടത്തിയ വൈദ്യ ശാസ്ത്രഗ്രന്ഥങ്ങളുടെയും, നിരീക്ഷണങ്ങളുടെയും വിവരണങ്ങളടങ്ങിയ 'പാപ്പിറസ് ചുരുളുകൾ' നമുക്ക് ലഭിച്ചിട്ടുണ്ട്. ' ഈബേഴ്സ് പാപ്പിറസ്' എന്നറിയപ്പെടുന്ന ഈ പുരാതന ഗ്രന്ഥ ചുരുൾ ലോകത്തിലെ ഏറ്റവും വലിയ വൈദ്യവിജ്ഞാന രേഖകളിലൊന്നാണ്. ഇംഹടെപ്പിന്റെ കാലത്താണ് ' പരിച്ഛേദനം ' അഥവാ 'സുന്നത്ത്'(circumcision) നിർബന്ധമാക്കിയതെന്നാണ് കരുതുന്നത്. അതുകൊണ്ടുള്ള നേട്ടങ്ങൾ വിവരിച്ചതും ശരിയായ വിധത്തിൽ സുന്നത്ത് നടത്തേണ്ട രീതി ആവിഷ്ക്കരിച്ചതും മറ്റാരുമായിരുന്നില്ല. (ഡോ: സി.കെ. രാമചന്ദ്രൻ (മാതൃഭൂമി).

ലോകം കണ്ട ഏറ്റവും വലിയ മനുഷ്യസ്നേഹിയായ വിപ്ലവകാരികളിൽ ഒരാളായിരുന്നുവല്ലോ ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും

മുസ്ലീംകളുടെയുമൊക്കെ ആരാധ്യപുരുഷനായിരുന്ന ഇബ്രാഹിം നബി (Abraham). പാവപ്പെട്ട ജനങ്ങളുടെ വിശ്വാസത്തെയും കർമ്മങ്ങളെയും ചൂഷണം ചെയ്തു ജീവിച്ച അന്നുണ്ടായിരുന്ന പുരോഹിതന്മാരുടേയും നാട്ടുരാജാക്കന്മാരുടെയും എതിർപ്പുകൾ അവഗണിച്ചു ഇറാഖ് (മെസോപ്പൊട്ടാമിയ) പലസ്തീൻ, സിറിയ, ഈജിപ്ത് (കാനാൻ ദേശം) തുടങ്ങിയ രാജ്യങ്ങളിൽ അദ്ദേഹം ഒളിഞ്ഞും തെളിഞ്ഞും ഏക ദൈവസിദ്ധാന്തം പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അദ്ദേഹം സഞ്ചരിച്ച ദിക്കുകളിലൊക്കെ അദ്ദേഹത്തെ ഇഷ്ടപ്പെടുകയും ബഹുമാനിക്കുകയും ചെയ്യുന്ന ഒരു വലിയ വിഭാഗം വിശ്വാസികളെ സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. പ്രായമായപ്പോൾ എല്ലാവർക്കും സ്വാഭാവികമായി ഉണ്ടാകുന്നതുപോലെ ഒരുപാട് രോഗങ്ങളും ക്ഷീണവും ഇബ്രാഹിം നബിയെയും ബാധിച്ചു. തന്റെ ലിംഗാഗ്രചർമ്മത്തിന്റെ അറ്റത്ത് വന്നുപെട്ട നീർവീഴ്ചയും നിരന്തരമായ വേദനയും പഴുപ്പും സ്വാഭാവികമായി ഇബ്രാഹിം നബിയിൽ ആശങ്ക ഉയർത്തി. തനിക്ക് വന്നുപെട്ട അസുഖം ഭേദമാക്കുവാൻ അന്നത്തെ അറിയപ്പെടുന്ന ഏറ്റവും നല്ല വൈദ്യന്മാരെയും ഗോത്രത്തലവന്മാരെയും ഇബ്രാഹിം സമീപിച്ചു. അവരുടെ നിർദ്ദേശപ്രകാരം രോഗഗ്രസ്ഥമായ ആ തൊലി മുറിക്കാൻ ഇബ്രാഹിം നബി തീരുമാനിച്ചു. ഒരു ചികിത്സ എന്ന നിലയ്ക്ക് ഇബ്രാഹിം നബിയുടെ വൈദ്യന്മാരും സഹായികളും അത് ഭംഗിയായി നിർവ്വഹിക്കുകയും ചെയ്തു. ഇബ്രാഹിം നബി അന്നറിയപ്പെടുന്ന ഒരു മഹാനായതുകൊണ്ടും ഒരുപാട് അനുയായികളും അനുഭാവികളും കുറെ ശത്രുക്കളും അദ്ദേഹത്തിന് ഉണ്ടായിരുന്നതുകൊണ്ടും ഈ ചെറിയ രോഗവാർത്തയും ചികിത്സയും ശാസ്ത്രക്രിയയുമൊക്കെ കാട്ടുതീ പോലെ അവർക്കിടയിൽ പെട്ടെന്ന് പടരുകയും എല്ലാവരും 'സംഗതി' അറിയുകയും ചെയ്തു. **എന്നല്ലാതെ ഒരു മതാചാരമായി ഇബ്രാഹിം നബി അതു പഠിപ്പിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്തിരുന്നില്ല. മന്ത്രവാദികളെയോ മുറിവൈദ്യന്മാരെയോ തേടിപ്പോകാതെ ഒരു ചികിത്സ എന്ന നിലയ്ക്ക് അന്നു ലഭ്യമായ ഏറ്റവും നല്ല മാർഗ്ഗം ഉപയോഗിച്ച് ഏറ്റവും നല്ല രീതിയിൽ അദ്ദേഹം അതു ചെയ്തു എന്നു മാത്രം.**

ചേലാകർമ്മത്തെ ശക്തിയായി എതിർത്തവരായിരുന്നു മൂസ്സാ



നബിയും(മോസ്സസ്) ഹാറൂൻ നബിയും (ബൈബിൾ പഴയനിയമം പുറപ്പാടു പുസ്തകം 4:25) എങ്കിലും മൂസ്സാ നബിയുടെ കാലഘട്ടത്തിന് ശേഷം ജോഷ്വ (Joshua) ആണ് ഇതൊരു ജൂത ആചാരമായി ജൂതന്മാരിൽ നടപ്പിലാക്കാൻ തുടങ്ങിയത്. ചേലാകർമ്മം ചെയ്ത ജൂതന്മാർ ജോഷ്വയുടെ പട്ടാളത്തിൽ ചേരുകയും പലസ്തീൻ കീഴ്ടക്കുന്നതിനു വേണ്ടി ജോഷ്വയോടൊപ്പം മരണംവരെ ഉറച്ച് നിൽക്കാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

എന്നാൽ ജൂതന്മാരിൽ നിന്നും വിരുദ്ധമായി റോമക്കാരും ഗ്രീക്കുകാരും ആ ലിംഗാഗ്രചർമ്മത്തിന് വളരെ പ്രാധാന്യം കൽപ്പിച്ചിരുന്നു. എന്നു മാത്രമല്ല, ജൂതന്മാരുടെ ചേലാകർമ്മത്തിന് എതിരായി – അതിനെ നിരോധിച്ചുകൊണ്ട്- ശക്തിയായി കുറെ നിയമങ്ങളും അവർ പാസാക്കി നടപ്പിലാക്കിയിരുന്നു. ഗ്രീക്കുകാരുടെ ഈ ചേലാകർമ്മ വിരുദ്ധ നടപടികൾ മതഭ്രാന്തന്മാരായിരുന്ന ജൂത പുരോഹിതന്മാരെയും റബ്ബിമാരെയും കൂടുതൽ ചൊടിപ്പിച്ചു. ഒരൊറ്റ ജൂതനും ചേലാകർമ്മം ചെയ്യാത്ത ഗ്രീക്കുകാരെപോലെ തോന്നരുത് എന്ന് വരെ അവർ ശഠിച്ചു. അതിനായി അവർ പെരില (Perilah) എന്നൊരു സമ്പ്രദായം നടപ്പിലാക്കി. ഇബ്രാഹിം നബി അസുഖം കാരണം തന്റെ ലിംഗത്തിന്റെ അഗ്രഭാഗവും കഴിഞ്ഞ് നീണ്ടു നിൽക്കുന്ന തൊലിയുടെ അറ്റം മാത്രമെ മുറിച്ചിരുന്നുള്ളൂ. ഈ രീതിയാണ് അന്നുവരെ ജൂതന്മാർ അവലംബിച്ചുപോന്നിരുന്നത്. അതുകാരണം ചേലാകർമ്മം ചെയ്ത ജൂതന്മാരും ചേലാകർമ്മം ചെയ്യാത്ത ഗ്രീക്കുകാരും പ്രത്യക്ഷത്തിൽ ഒരുപോലെ തോന്നിച്ചിരുന്നു. എന്നാൽ മതഭ്രാന്തന്മാരായ ജൂത പുരോഹിതന്മാരും ജൂത റബ്ബിമാരും പെരില (perilah) എന്ന പരിപാടിയിലൂടെ നവജാത ശിശുക്കളുടെ ലിംഗാഗ്രചർമ്മം മുഴുവൻ മുറിച്ചുമാറ്റാൻ തുടങ്ങി. ഇതുകാരണം ചേലാകർമ്മം ചെയ്ത ജൂതന്മാരെ ചേലാകർമ്മം ചെയ്യാത്ത ഗ്രീക്കുകാരിൽ നിന്ന് പെട്ടെന്ന് തിരിച്ചറിയാൻ സാധിച്ചു. (ഇന്ന് ഡോക്ടർമാരും സുന്നി ഒസാന്മാരും ജൂതന്മാരും ഈ രീതിയാണ് ചേലാകർമ്മത്തിന് അവലംബിച്ചുവരുന്നത്.) ഈ രീതി ചിലപ്പോൾ അമിതമായ രക്തസ്രാവത്തിലേയ്ക്കും ചിലപ്പോൾ ലിംഗത്തിന്റെ അറ്റം വികൃതമാകുന്നതിനും (Scarring) കാരണമായി. ജനന സമയത്ത് ലിംഗാഗ്രവും (Glans) ലിംഗാഗ്ര ചർമ്മവും (foreskin)

ഒട്ടിച്ചേർന്ന് - ഒന്നായി നിൽക്കുന്ന- അവസ്ഥയിലായിരിക്കും. സാധാരണയായി കുട്ടികൾക്ക് 3 മുതൽ 5 വയസ്സ് വരെയാകുന്നതോടെ ലിംഗാഗ്രചർമ്മം (foreskin) ലിംഗാഗ്ര (Glans) ത്തിൽ നിന്ന് വേർപെടുകയും അതൊരു തെന്നിമാറുന്ന ആവരണമായി, ലിംഗാഗ്രത്തിൽ ഒരു രക്ഷാകവചമെന്നോണം നിലനിൽക്കുകയും ചെയ്യുന്നു. എന്നാൽ ചില കുട്ടികൾക്ക് ലിംഗാഗ്രചർമ്മം, ലിംഗാഗ്രത്തിൽനിന്ന് വേർപെടാതെ ഒട്ടിച്ചേർന്നു നിൽക്കുന്ന (adhesions) അവസ്ഥ 17-18 വയസ്സ് വരെയൊക്കെ നീണ്ടുപോവാറുണ്ട്. ചിലപ്പോൾ അതു ചെറിയ ശസ്ത്രക്രിയ വഴി (minor surgery) നേരെയാക്കേണ്ടതായി വരും. ഈ അവസ്ഥ മനസ്സിലാക്കാത്ത പഴയ ജൂത ഒസ്സാൻമാരിൽ ചിലർ (Mohel), വേണ്ടത്ര വൃത്തിയില്ലാത്ത ഉപകരണങ്ങളും മറ്റും ഉപയോഗിച്ച് (without proper sterilization) ചേലാകർമ്മം ചെയ്തതു കാരണം ചില ഒറ്റപ്പെട്ട മരണങ്ങൾ സംഭവിച്ചു. അമിതമായ രക്തസ്രാവവും അണുബാധയുമൊക്കെയായിരുന്നു മരണങ്ങൾക്കും വൈകല്യങ്ങൾക്കും (scar) കാരണമായത്.

ജൂതന്മാരിലെ ചില ബുദ്ധിജീവികൾ ചില പ്രത്യേകതരം റിംഗുകൾ ഉപയോഗിച്ച് (ചെമ്പും തകരവും ചേർത്തുണ്ടാക്കിയ റിംഗുകൾ ഉപയോഗിച്ച്)(Pondus Judaeus or Judaeum pondum). ഇത്തരത്തിലുള്ളള്ള ചില വികൃതായ ലിംഗാഗ്രം ശരിയാക്കാൻ ശ്രമം തുടങ്ങി. മാത്രമല്ല, ജൂതന്മാരിലെ ഒസാന്മാരുടെയും ജൂത റബ്ബിമാരുടെയും ഈ പരാക്രമത്തെയും ചേലാകർമ്മത്തെയും ചോദ്യം ചെയ്തുകൊണ്ട് ചില ജൂതബുദ്ധിജീവികൾ രംഗത്ത് വരാൻ ഇത്തരം അനിഷ്ഠ സംഭവങ്ങൾ കാരണമായി.

ജൂതന്മാരിലെ ചേലാകർമ്മത്തിന്റെ മൂന്നാം ഘട്ടം മെസ്സിസാ (Messisa - Metzizah)) എന്ന പേരിൽ അറിയപ്പെടുന്നു. ബി.സി. 500 - 625 കാലഘട്ടത്തിലായിരുന്നു (Talmudic Period) ഇത് പ്രചാരത്തിലുണ്ടായിരുന്നത്. ഈ ചടങ്ങിൽ ചേലാകർമ്മം ചെയ്യുന്ന ജൂത ഒസാൻ (Mohel) ചേലാകർമ്മത്തിന് ശേഷം ചേലാകർമ്മം ചെയ്യപ്പെട്ട കുട്ടിയുടെ ലിംഗാഗ്രത്തിൽ നിന്നും സ്രവിക്കുന്ന രക്തം സ്വന്തം വായകൊണ്ട് വലിച്ച് എടുക്കുമായിരുന്നു. (Sucking). ചേലാകർമ്മം ചെയ്യുന്ന ഒസാന്റെ വായിൽ നിന്നുള്ള അണുബാധകാരണം ഒരുപാട് ജൂത ശിശുക്കൾ മരി



ക്കാൻ ഇത് കാരണമായി. ജൂതന്മാരിലെ പരിഷ്കരണ വാദികളും പുരോഗമനവാദികളും ക്രമേണ ശക്തി പ്രാപിക്കുകയും ചേലാകർമ്മം ഒരനാവശ്യമായി അവർ പ്രഖ്യാപിക്കുകയും ചെയ്തു. 1843-ൽ ഫ്രാങ്ക് ഫർട്ടിൽ ചേർന്ന സമ്മേളനത്തിൽ ചേലാകർമ്മം ഒരനാവശ്യമായി ജൂതന്മാരിലെ ബുദ്ധി ജിവികൾ പ്രഖ്യാപിക്കുകയും ചെയ്തു.

ജൂതന്മാരിലെ ആരാധനാ ഭ്രാന്തിനെയും മതഭ്രാന്തിനെയും ചൂഷണത്തെയും എതിർത്തുകൊണ്ട് ഈസാ നബി (Jesus Christ) രംഗത്ത് വന്നു. ചേലാകർമ്മത്തെ പരസ്യമായി എതിർത്തുകൊണ്ട് ക്രിസ്തു ജൂത പുരോഹിതന്മാരെയും റബ്ബിമാരെയും ജൂതന്മാരിലെ പാരമ്പര്യ വാദികളെയും ചൊടിപ്പിച്ചു. എങ്കിലും ക്രൂരന്മാരും കുബുദ്ധികളുമായ ജൂതന്മാർക്കും ജൂതറബ്ബിമാർക്കുമിടയിൽ പിടിച്ചുനിൽക്കാൻ ഈസാ നബിക്കും അനുചരന്മാർക്കും കഴിഞ്ഞില്ല. ഈസാ നബിയുടെ ദുരൂഹമായ തിരോധാനത്തോടെ ഈസാ നബി പഠിപ്പിച്ച ഏകദൈവസിദ്ധാന്തം കാറ്റിൽപ്പറത്തിക്കൊണ്ട്-ഈസാനബിയെ ദൈവമാക്കി പൂജിച്ചുകൊണ്ട് - ജൂതന്മാരിൽ നിന്ന് ക്രിസ്തുമതത്തിലേക്ക് തന്ത്രപൂർവ്വം കുടിയേറിയ വിശുദ്ധ പൗലോസിനെപ്പോലുള്ള ജൂതപുരോഹിതന്മാർ, ഈസാ നബി കൊണ്ടുവന്ന ഇസ്ലാം മതത്തെ (യഥാർത്ഥ ക്രിസ്തു മതത്തെ) വികലമാക്കി. എങ്കിലും ഈസാ നബി പഠിപ്പിച്ച ചേലാകർമ്മ വിരുദ്ധ സിദ്ധാന്തത്തിൽ മായം ചേർത്ത് ക്രിസ്ത്യാനികളെ തോൽപ്പിക്കാൻ ജൂതന്മാർക്ക് കഴിഞ്ഞില്ല.

എ.ഡി. 48ൽ ജൂതന്മാരിൽ നിന്ന് വിരുദ്ധമായി ചേലാകർമ്മത്തിന് പകരം 'ജ്ഞാനസ്നാനം' (Baptism - മാമോദീസ മുക്കൽ) മതിയെന്ന് ക്രിസ്ത്യൻ സഭകൾ തീരുമാനിച്ചു. പഴയ ജൂത നിയമമനുസരിച്ച് ഒരു മനുഷ്യൻ ജൂതനാവണമെങ്കിൽ ചേലാകർമ്മം ചെയ്തേ മതിയാകൂ. ഇന്നും ആ നിയമം പ്രാബല്യത്തിൽ ഉണ്ട്. എന്നാൽ ക്രിസ്ത്യൻ ബുദ്ധിജീവികൾ എ.ഡി. 48 ൽ ചേലാകർമ്മത്തിന് പകരം 'ജ്ഞാനസ്നാനം' മതിയെന്ന് തീരുമാനിച്ചു. പഴയ നിയമപ്രകാരവും അന്നത്തെ ആചാരപ്രകാരവും ജീസസ്സ് പിറന്ന് എട്ടാം ദിവസം അദ്ദേഹത്തിന്റെ ചേലാകർമ്മം നടന്നിരുന്നു. ജൂത ആചാരപ്രകാരമായിരുന്നു അത്. യേശുക്രിസ്തു(Jesus Christ-ഈസാനബി) കൗമാരത്തിൽ തന്നെ ഒരു വിപ്ലവ

കാരിയും മനോഹരമായ ശൈലിയിൽ സംസാരിക്കുന്ന സുമുഖനായ ഒരു വ്യക്തിയുമായിരുന്നുവെന്ന് ചരിത്രം പറയുന്നു. ജൂത പൗരോഹിത്യത്തിനെതിരെയും അവർ വളർത്തികൊണ്ടുവന്ന അമിതമായ ആരാധനാ ഭ്രാന്തിനെതിരെയും ചേലാകർമ്മം പോലുള്ള അനാവശ്യങ്ങൾക്കെതിരെയും അദ്ദേഹം ശക്തിയായി പ്രതികരിച്ചു. എങ്കിലും കുബുദ്ധികളായ ജൂതന്മാർക്ക് മുമ്പിൽ പിടിച്ചുനിൽക്കാൻ ഈസാ നബിക്ക് കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ദുരൂഹമായ തിരോധാനത്തോടെ ക്രിസ്ത്യാനികൾ അദ്ദേഹത്തെ ദൈവമാക്കി. **ക്രിസ്തുവിന് നഷ്ടപ്പെട്ട ലിംഗാഗ്രചർമ്മം സ്വർഗ്ഗത്തിൽ വെച്ച് പുനഃസംഗമിച്ചു എന്നാണ് പിന്നീട് അച്ചന്മാർ പ്രചരിപ്പിച്ചത്. ഐഹിക ജീവിതത്തിൽ കുടുംബജീവിതവും ലൈംഗിക വേഴ്ചയും ലിംഗാഗ്രചർമ്മവുമൊക്കെ ഒഴിവാക്കിയാൽ പരലോകത്ത് വച്ച് ഈ ജീവിതത്തെക്കാളും വിശിഷ്ടമായ കുടുംബജീവിതവും ലിംഗാഗ്രചർമ്മവും ലൈംഗികാസ്വാദനവുമൊക്കെ ദൈവം നൽകും എന്നൊരു വിശ്വാസം പഴയകാല ജൂതന്മാരും ക്രിസ്ത്യാനികളും പ്രചരിപ്പിച്ചിരുന്നു.** ക്രിസ്തുവിന്റെ മണവാട്ടിമാരാവാൻ ചില ക്രിസ്ത്യൻ സ്ത്രീകൾ മത്സരിക്കുന്നതും ഈ വിശ്വാസത്തിന്റെ ഭാഗമായാണ്. ക്രിസ്തു മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുമ്പോൾ ആ ലിംഗാഗ്രചർമ്മത്തോടുകൂടി പരിപൂർണ്ണനായിട്ടാണ് തിരിച്ചുവന്നതെന്നാണ് ക്രിസ്ത്യാനികളുടെ പൊതുവെയുള്ള വിശ്വാസം. ക്രിസ്തുവിന്റെ ആദ്യകാലചിത്രങ്ങളിലൊക്കെ അദ്ദേഹം വസ്ത്രം ധരിച്ച് വളരെ മാന്യമായിട്ടാണ് ചിത്രികരിക്കപ്പെട്ടത്. എന്നാൽ 15-ാം നൂറ്റാണ്ടിന് ശേഷം ക്രിസ്ത്യൻ സഭകൾ പുറത്തുവിട്ട ക്രിസ്തുദേവന്റെ ഒരു പാട് നഗ്നചിത്രങ്ങളിൽ ഈസാ നബിയെ (ക്രിസ്തുവിനെ) ചേലാകർമ്മം ചെയ്യാത്ത രീതിയിലാണ് ചിത്രീകരിച്ചിട്ടുള്ളത്. അതിന് അവർ പറഞ്ഞ ന്യായം ക്രിസ്തുവിനെപോലുള്ള ഒരു മഹാവ്യക്തി എപ്പോഴും പരിപൂർണ്ണനായി ഇരിക്കേണ്ടതുണ്ടെന്ന് മാത്രമാണ്.

ക്രിസ്തുവിന്റേത് എന്ന് അവകാശപ്പെട്ടുകൊണ്ട് ക്രിസ്ത്യൻ സഭകൾ അവതരിപ്പിക്കുന്ന ഇരുപത്തിയൊന്നോളം ഭൗതികാവശിഷ്ടങ്ങളിൽ (Relics) യേശുക്രിസ്തുവിനെ ചേലാകർമ്മം ചെയ്യപ്പെടാതെ 'പരിപൂർണ്ണനായിട്ടാണ്' (with prominent foreskin) ചിത്രീകരിച്ചിട്ടുള്ളത്.



എങ്കിലും ക്രിസ്ത്യാനികളിലെ ചില വിരുതന്മാർ പോപ്പിനെ വെറുതെ വിട്ടില്ല. ക്രിസ്തുദേവൻ ചേലാകർമ്മത്തിന് വിധേയനായോ ഇല്ലയോ എന്ന ചർച്ച ക്രിസ്ത്യൻ സഭകളിൽ ചൂടുപിടിച്ച് തന്നെ നിന്നു. 'അത് ദൈവത്തിന് മാത്രമേ അറിയൂ' എന്ന് പ്രഖ്യാപിച്ചുകൊണ്ട് പോപ്പ് ഇന്നസെന്റ് മൂന്നാമൻ വർഷങ്ങളോളം നീണ്ടുനിന്ന ആ തർക്കം അവസാനിച്ചതായി പ്രഖ്യാപിച്ചു....!

ജെറുസെലെമിൽ ചേർന്ന ക്രിസ്ത്യൻ സഭ (council at Jerusalem) ചേലാകർമ്മം ഒരനാവശ്യമായി പ്രഖ്യാപിക്കുകയും ചേലാകർമ്മത്തിൽ നിന്ന് പൂർണ്ണമായും വിട്ട് നിൽക്കാൻ സെന്റ് പോൾ ക്രിസ്ത്യൻ രക്ഷിതാക്കളെ ആഹ്വാനം ചെയ്യുകയും ചെയ്തു. എന്നു മാത്രമല്ല, ചേലാകർമ്മം ചെയ്യുന്ന മത വിഭാഗത്തെ (ജൂതൻമാരെയും സുന്നികളെയും)പ്രത്യേകം കരുതിയിരിക്കാനും സെന്റ് പോൾ ക്രിസ്ത്യാനികളെ പ്രത്യേകം ഓർമ്മിപ്പിച്ചു. അങ്ങിനെ ജൂതന്മാരുടെ ആ അനാചാരം ക്രിസ്ത്യാനികൾക്കിടയിൽ തീരെ നടപ്പിലാക്കാൻ കഴിയാതെ ആ പുരോഹിതന്മാർ പരാജയപ്പെട്ടു. എങ്കിലും ജൂതന്മാരിൽ നിന്നും ഇസ്ലാമിൽ ചേക്കേറിയ ജൂതരാജാവായ മുആവിയയും തന്റെ ശിങ്കിടിയായ അബൂഹുറൈറയും ചേലാകർമ്മം എന്ന ജൂത ആചാരം സുന്നി മുസ്ലീംകൾക്കിടയിൽ നടപ്പിലാക്കുന്നതിൽ 'മഹത്തായ വിജയം' കൈവരിച്ചു.

സുന്നികൾ (സുന്നി മുജാഹിദ് ജമാഅത്ത് മൗലവിമാർ) നിർബന്ധമല്ലാത്ത - ഒരു ഐഛിക ആചാരമായിട്ടാണ് - (സുന്നത്തായിട്ടാണ്) ചേലാകർമ്മത്തെ കണ്ടുവരുന്നത്. എങ്കിലും ചേലാകർമ്മം ചെയ്യാത്ത (ലിംഗാഗ്രചർമ്മം നഷ്ടപ്പെടാത്ത) ഒരൊറ്റ സുന്നിയെയും മുസ്ലീംകൾക്കിടയിൽ കാണാൻ സാധ്യമല്ല എന്നതാണ് സത്യം. സുന്നത്താണെങ്കിലും നിർബന്ധമായ കാര്യത്തെക്കാൾ ഗൗരവമായിട്ടാണ് സുന്നിമുസ്ലീംകൾ ചേലാകർമ്മം ആചരിച്ച് പോരുന്നത്. ചേലാകർമ്മം കഴിഞ്ഞ് രണ്ട് മൂന്ന് ആഴ്ചകൾ കഴിയുമ്പോൾ (മുറിവ് ഉണങ്ങുമ്പോൾ) വളരെ ആഘോഷത്തോടുകൂടി ആ കുട്ടിയെ മുല്ലാക്കയും കാരണവന്മാരും മറ്റു കുട്ടികളും ചേർന്ന് ഒരു വെള്ളിയാഴ്ച ദിവസം പള്ളിയിലേയ്ക്ക് കൊണ്ടുപോകും. അതോടുകൂടി പള്ളി പ്രവേശത്തിനും സുന്നി മൗലവിമാരെ തുടർന്ന് നമസ്കരിക്കാനും ആ കുട്ടി യോഗ്യനായതായി കരുതപ്പെടുന്നു. (മാർഗ്ഗം

കൂട്ടുന്നു) സുന്നി മുസ്ലീംകൾക്കിടയിൽ ഇന്നും നിലനിന്നുവരുന്ന ഒരു ആചാരമാണിത്. വൈക്കം മുഹമ്മദ് ബഷീറിന്റെ 'ബാല്യകാലസഖി യിലും' ചില അറബി കഥകളിലും 'സുന്നത്തു കല്ല്യാണ'ത്തിന്റെ രസക രമായ കുറേ മുഹൂർത്തങ്ങൾ മനോഹരമായി വരച്ചുകാട്ടിയിട്ടുണ്ട്. 'തുള്ളി മൂത്രം' തങ്ങി നിൽക്കാത്ത പരിശുദ്ധമായ ലിംഗത്തോടുകൂടിയാവണം (ശരീരത്തോടുകൂടിയാവണം) നിത്യ പ്രാർത്ഥനകൾ എന്ന ജൂത സിദ്ധാ ന്തത്തിന് അങ്ങിനെ സുന്നി മുജാഹിദ് ജമാഅത്ത് മൗലവിമാർ അറിഞ്ഞോ അറിയാതെയോ 'ഓശാന' പാടുന്നു. അതേ സമയം മൂത്രം നജസ്സാണെന്ന് ഖുർആനിൽ എവിടെയും ഒരു സൂചനപോലുമില്ല. ഇമാം അബൂ ഹനീഫയുടെ അഭിപ്രായം സുമാർ ഒരു ദിർഹം (സുമാർ 4 ഗ്രാം) മൂത്രം വസ്ത്രത്തിലും തൊലിയിലും തങ്ങിനിന്നാലും അവന്റെ പ്രാർത്ഥനയെയും നമസ്കാരങ്ങളെയും അത് ബാധിക്കില്ല എന്നാണ്. ഇത് തന്നെയാണ് ഹനഫി മദ്ഹബ്. ഇതുതന്നെയാണ് സാക്ഷാൽ ഖുർആനിക മദ്ഹബും. മൂത്രവിസർജ്ജനം കഴിഞ്ഞാൽ കഴുകൽ സുന്ന ത്താണെന്ന് മാത്രമാണ് ഹനഫി മദ്ഹബ്. അതേ സമയം മൂത്രിച്ചതിന് ശേഷം കഴുകിയില്ലെങ്കിൽ ദൈവം ശിക്ഷിക്കുമെന്നാണ് സുന്നി മദ്ഹ ബ്. (മദ്ഹബ് = School of thought- ചിന്താപ്രസ്ഥാനം)

ജൂതന്മാരും ജൂതറബ്ബിമാരും സുന്നി ഒസാന്മാരും സുന്നി മുജാഹിദ് ജമാഅത്ത് മൗലവിമാരും കച്ചവടക്കണ്ണുള്ള ചില ഡോക്ടർമാരും ദൈവ ത്തിന്റെ പേരിൽ ശിർക്ക് ചെയ്തുകൊണ്ട് ലിംഗം 'മുറിച്ചെറിയുമ്പോൾ' നമ്മുടെ ഭാരതത്തിൽ ദൈവം നൽകിയ ആ മഹത്തായ അനുഗ്രഹത്തെ പൂജിച്ചുവന്ന ഹിന്ദുക്കളുമുണ്ട് (ലിംഗപൂജ) എന്ന വസ്തുത സാന്ദർഭി കമായി നാം ഓർക്കുക. ലിംഗം മുറിച്ചെറിയാനോ ലിംഗത്തെ ദൈവമാ ക്കാനോ പറയാതെ അത് രണ്ടിനുമിടയിൽ അതിരു കവിയാതെ - അല്ലാഹു നൽകിയ സൃഷ്ടി അലങ്കോലപ്പെടുത്താതെ - ഒരു മിതമായ മാർഗ്ഗം സ്വീകരിക്കാനാണ് (ഭക്ഷണം, വസ്ത്രം, പാർപ്പിടം, അലങ്കാര ങ്ങൾ, ആഘോഷങ്ങൾ തുടങ്ങി) എല്ലാ വിഷയത്തിലും ഖുർആനും മുഹമ്മദ് നബിയും മുസ്ലീകളോട് കൽപ്പിച്ചത് എന്ന് സാന്ദർഭികമായി നാം ഓർക്കുക.



# ചേലാകർമ്മം – സമീപകാല ചരിത്രം
## (Circumcision- Recent History)

ചേലാകർമ്മത്തിൽ എന്തൊക്കെയോ ശാസ്ത്രീയ ഗുണങ്ങൾ ഉണ്ടെന്ന ധാരണയിൽ 1865 മുതൽ ഇംഗ്ലണ്ടിലെ ചില ഡോക്ടർന്മാർ ചേലാകർമ്മം തുടർന്നു വന്നു. 1870 മുതൽ അമേരിക്കയിലെ മെഡി ക്കൽ രംഗത്തും ചേലാകർമ്മം വളരെ സജീവമായി തന്നെ നിലനിന്നു. 1920 മുതൽ 1950 വരെയുള്ള കാലഘട്ടങ്ങളിൽ ഇംഗ്ലീഷ് സംസാരി ക്കുന്ന നാടുകളിൽ ചേലാകർമ്മം വളരെ പ്രചാരത്തിലുണ്ടായിരുന്നു. ചേലാകർമ്മം പുരുഷന്മാരിൽ ഹസ്തമൈഥുനം കുറക്കുന്നു (മാസ്റ്റർബേ ഷൻ) എന്നൊരു ധാരണയിലാണ് പലരും ചേലാകർമ്മത്തെ പ്രോത്സാ ഹിപ്പിച്ചിരുന്നത്. ഹസ്തമൈഥുനം (Masturbation-സ്വയംഭോഗം) മൂലം കണ്ണിന് കാഴ്ച കുറയുമെന്നും, അന്ധത ബാധിക്കുമെന്നും, അപസ്മാര രോഗിയാവുമെന്നും, കള്ളുകുടിയനും മാനസിക രോഗിയുമൊക്കെയാ കുമെന്നും ചില ഡോക്ടർമാർ വരെ പണ്ടുകാലങ്ങളിൽ വിശ്വസിച്ചിരു ന്നു. എന്നാൽ ഹസ്തമൈഥുനം ഇതൊന്നും ഉണ്ടാക്കുന്നില്ല എന്ന് ശാസ്ത്രീയമായ പഠനങ്ങൾ തെളിയിച്ചപ്പോൾ ലിംഗാർബ്ബുദം, മൂത്രാശയ രോഗങ്ങൾ, ലൈംഗിക രോഗങ്ങൾ എന്നിങ്ങനെ ഒരുപാട് രോഗങ്ങൾക്ക് കാരണമാകുന്നു എന്നാരോപിച്ച് ചില 'ബുദ്ധിജീവികൾ' ആ പാവം ലിംഗാഗ്ര ചർമ്മത്തെ (foreskin) 'പ്രതിക്കൂട്ടിൽ' നിർത്തി. എന്നാൽ ഇതൊന്നും ശാസത്രീയമായ പഠനങ്ങളുടെ പിൻബലത്തോടെയായിരു ന്നില്ല. മാത്രമല്ല. ചേലാകർമ്മം സ്ത്രീവിദ്വേഷത്തിന്റെയും (misogyny) ഹസ്തമൈഥുന ശീലത്തെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും രതിവൈ കൃതങ്ങളുടെയും( Sexual Perversions) അനേകം അടിസ്ഥാന കാരണ

ങ്ങളിൽ ഒന്നായിട്ടാണ് Anne- V. Pyterek അഭിപ്രായപ്പെടുന്നത് (The root of Misoginy). 1950-കളിൽ ചേലാകർമ്മത്തിനെതിരെ ഇംഗ്ലണ്ടിലും അമേരിക്കയിലും ചില ഡോക്ടർന്മാർ രംഗത്ത് വന്നു. ചേലാകർമ്മം മൂലം -ലിംഗാഗ്ര ചർമ്മം മുറിച്ചുമാറ്റുന്നതോടുകൂടി-പുരുഷനും സ്ത്രീക്കും ലൈംഗികാസ്വാദനക്ഷമതയും കാമോദ്ദീപന (Erotic) ശക്തിയും കുറയുന്നതായി, ചില ഡോക്ടർമാർ കണ്ടെത്തി. ചേലാകർമ്മത്തിനിടെ അണുബാധകൊണ്ടും രക്തസ്രാവംകൊണ്ടും ചില കുട്ടികൾ മരിക്കാൻ ഇടയായ ഒറ്റപ്പെട്ട സംഭവങ്ങളും ചേലാകർമ്മത്തിലൂടെ നഷ്ടപ്പെട്ട തൊലി ശാസ്ത്രക്രിയയിലൂടെ പുനർനിർമ്മിക്കാമോ എന്ന ചില ബുദ്ധിജീവികളുടെ ചോദ്യവുമായിരുന്നു ചില ഡോക്ടർമാരെ ശാസ്ത്രീയമായ പഠനത്തിന് പ്രേരിപ്പിച്ചത്.

അമേരിക്കൻ ആർമിയിൽ ക്യാപ്റ്റനായിരുന്ന നീൽ പ്രിസ്റ്റൻ (Noel Preston) 50-കളിൽ ജാമയിൽ (Journal of American Medical Association-Jama) എഴുതിയ ചില ലേഖനങ്ങളിലൂടെ ചേലാകർമ്മത്തിൽ യാതൊരു ശാസ്ത്രവും ഗുണവുമില്ലെന്നും ആ നടപടി അനാവശ്യമായ മാനസികവും ലൈംഗികവുമായ പ്രശ്നങ്ങളിലേയ്ക്ക് പിന്നീട് നയിക്കുമെന്നും സമർത്ഥിച്ചു. ഡോക്ടർ പ്രീസ്റ്റന്റെ ലേഖനങ്ങളുടെ ഫലമായി അമേരിക്കയിലെ ശിശുരോഗവിദഗ്ദ്ധന്മാരുടെ ഒരു സംഘടന (American Academy of Paediatrics) കുഞ്ഞുങ്ങളിലെ ചേലാകർമ്മത്തെ ഒരിക്കലും ന്യായികരിക്കാൻ പറ്റില്ലെന്നും അതൊരു അനാവശ്യമാണെന്നും പ്രഖ്യാപിച്ചു. അതോടുകൂടി അമേരിക്കയിൽ കുഞ്ഞുങ്ങളുടെ ചേലാകർമ്മം വളരെ കുറഞ്ഞു വന്നു. ഇംഗ്ലണ്ടിൽ 1949ൽ ഗൈഡ്നർ (Gairdner) ചേലാകർമ്മത്തിനെതിരെ ശക്തിയായി രംഗത്ത് വന്നു. അദ്ദേഹത്തിന്റെ പ്രവർത്തനഫലമായി ഇംഗ്ലണ്ടിലെ നാഷണൽ ഹെൽത്ത് സർവ്വീസിന്റെ (National Health Service) പ്രമുഖരായ ഭാരവാഹികളും പ്രസിദ്ധീകരണങ്ങളും രംഗത്ത് വന്നപ്പോൾ ഇംഗ്ലണ്ടിലും കുട്ടികളിലെ ചേലാകർമ്മം ഗണ്യമായി കുറഞ്ഞു.



1975ൽ കനേഡിയൻ പീഡിയാട്രിക്ക് സൊസൈറ്റി (Canadian Paediatric Society- CPS)ചേലാകർമ്മത്തിനെതിരെ രംഗത്ത് വന്നു. ഇംഗ്ലണ്ട്, അമേരിക്ക, കനഡ തുടങ്ങിയ രാജ്യങ്ങളിൽ 1971 മുതൽ വളരെ പ്രകടമായ കുറവാണ് ചേലാകർമ്മ നിരക്കിൽ കണ്ട് വരുന്നത്. അത് കുറഞ്ഞുകൊണ്ടേയിരിക്കുകയും ചെയ്യുന്നു. അതിനിടെ ചേലാകർമ്മത്തെ ന്യായീകരിച്ചുകൊണ്ട് വീണ്ടും ചില ഡോക്ടർന്മാർ രംഗത്ത് വന്നു. ചേലാകർമ്മം ചെയ്യാത്ത കുഞ്ഞുങ്ങളിൽ യൂറിനറി ട്രാക്ട് ഇൻഫക്ഷൻ-UTI (മൂത്രാശയ ഭാഗങ്ങളിലെ അണുബാധ) വളരെ കൂടുതലാണ് എന്നായിരുന്നു അവരുടെ ന്യായം. ഡോക്ടർ തോമസ് വിസ്വ്വല്ലിനെ (Thomas Wiswell) പ്പോലുള്ള പ്രമുഖരായിരുന്നു അതിന് ചുക്കാൻ പിടിച്ചിരുന്നത്. കനേഡിയൻ പീഡിയാട്രിക്ക് സൊസൈറ്റി ഡോക്ടർ വിസ്വല്ലിന്റെ പഠനങ്ങളെ പൂർണ്ണമായും വീണ്ടും അപഗ്രഥിക്കുകയും അതിനെക്കുറിച്ച് പഠിക്കാൻ പ്രത്യേക കമ്മറ്റിയെ നിയോഗിക്കുകയും ചെയ്തു. ഡോക്ടർ വിസ്വല്ലിന്റെ ഗവേണഷണമാർഗ്ഗങ്ങളും രീതികളും ശാസ്ത്രീയമല്ലെന്ന് ആ കമ്മിറ്റി അഭിപ്രായപ്പെടുകയും ചേലാകർമ്മം അനാവശ്യമാണെന്ന 1975ലെ പോളിസിയിൽ കനേഡിയൻ പീഡിയാട്രിക്ക് സൊസൈറ്റി ഉറച്ചുനിൽക്കുകയും ചെയ്തു.

1986ൽ NOCIRC (National Organization of Circumcision information resourse Centre) സ്ഥാപിതമായി. **ചേലാകർമ്മത്തിന്റെ ഗുണദോഷങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്കും ഡോക്ടർമാക്കും വ്യക്തമായ വിവരം നൽകുക. കുഞ്ഞുങ്ങളുടെ (നവജാത ശിശുക്കളുടെ) അവകാശത്തെക്കുറിച്ച് മാതാപിതാക്കളെയും സമൂഹത്തെയും ബോധവൽക്കരിക്കുക. പോയ കാലത്ത് വൈദ്യശാസ്ത്രത്തിന് പറ്റിയ അബദ്ധങ്ങളിലേയ്ക്ക് ഡോക്ടർമാരുടെയും രക്ഷിതാക്കളുടെയും ശ്രദ്ധതിരിക്കുക എന്നിങ്ങനെയുള്ള പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് NOCIRC രൂപം നൽകിയത്.** ഡോക്ടർമാർക്കിടയിലും രക്ഷിതാക്കൾക്കിടയിലും ചേലാകർമ്മത്തിന്റെ അനാവശ്യകതയെക്കുറിച്ച് ബോധമുളവാ

ക്കാനും ജനനേന്ദ്രിയത്തെ അതിന്റെ പൂർണ്ണരൂപത്തിൽ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അറിയിക്കാനും പ്രൊഫസർ ജോർജ്ജ് സി. ഡനിസ്റ്റൻ (Prof. George C. Denniston MD, M.P.H.) doctorsopposingcircumcision (D.O.C.) എന്ന വെബ്സൈറ്റിന് രൂപം നൽകി. ഇന്റർനെറ്റിന്റെ അനായാസവും അനന്തവുമായ സാദ്ധ്യതകൾ കാരണം അമേരിക്ക, ഇംഗ്ലണ്ട്, കനഡ, ജർമ്മനി, ഫ്രാൻസ്, സ്വീഡൻ, ആസ്ത്രേലിയ തുടങ്ങിയ നിരവധി രാജ്യങ്ങളിൽ ചേലാകർമ്മത്തിനെതിരെ ഡോക്ടർമാരും മാതാപിതാക്കളും അതിവേഗം ശക്തിയായി പ്രതികരിച്ചു തുടങ്ങി.

ഡോക്ടർമാർക്കും പൊതുജനങ്ങൾക്കും ചേലാകർമ്മത്തെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ നൽകാൻ ലോകാടിസ്ഥാനത്തിൽ 1995ൽ Circumcision Information Resource Pages (CIRP) സ്ഥാപിതമായി. ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായി അമേരിക്കയിൽ കുട്ടികളിലെ ചേലാകർമ്മ നിരക്ക് 60 ശതമാനം വരെ കുറഞ്ഞു. ആസ്ത്രേലിയയിൽ അത് 10 ശതമാനം വരെ കുറഞ്ഞതായി Australian College of Paediatrics (ACP) അവകാശപ്പെടുന്നു. (American Accademy of Paediatrics- (AAP), National Health Services of England). കനേഡിയൻ പിഡിയാട്രിക് സൊസൈറ്റി,(Canadien Paediatric Society)American College of Obstetricians & Gynacologist (ACOG) തുടങ്ങിയ ലോകപ്രശസ്തമായ മെഡിക്കൽ സംഘടനകൾ ചേലാകർമ്മം അനാവശ്യമാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് അവരുടെ പ്രസിദ്ധീകരണങ്ങളിലൂടെയും വെബ്സൈറ്റുകളിലൂടെയും ഇടയ്ക്കിടക്ക് ഡോക്ടർമാരെയും രക്ഷിതാക്കളെയും ബോധവൽക്കരിച്ചുകൊണ്ടിരിക്കുന്നു. **ചുരുക്കത്തിൽ ഇന്ന് ദേശിയവും അന്തർദേശിയവുമായ ഒറ്റ മെഡിക്കൽ സംഘടനകളും ചേലാകർമ്മത്തെ അനുകൂലിക്കുന്നില്ല. നമ്മുടെ ഈ കൊച്ചുകേരളമടക്കം ഇന്ത്യയിലും ചേലാകർമ്മത്തിനെതിരെ ശക്തമായ ജനകീയ മുന്നേറ്റം ഉണ്ടാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം.**



## ചേലാകർമ്മത്തിൽ പതിയിരിക്കുന്ന അപകടങ്ങൾ

### (Hidden Traumas of Circumcision)

അല്ലാഹു മനുഷ്യനു നൽകിയ മഹത്തായ അനുഗ്രഹങ്ങളിൽ ഏറ്റവും പ്രധാനമാണല്ലോ, കുടുംബജീവിതവും, ലൈംഗികാസ്വാദനവും, സന്താനലബ്ധിയുമൊക്കെ........! **ലൈഗിംക വേഴ്ചയിൽ പുരുഷനും സ്ത്രീക്കും ഏറ്റവും അധികം സ്പർശനസുഖം നൽകുന്ന-സംവേദന ക്ഷമത വർദ്ധിപ്പിക്കുന്ന-കാമേദ്ദീപകവുമായ (Erotic) ഇരുപതിനായിരത്തോളം ഞരമ്പുകളുള്ള (Nerve endings ഉള്ള) ലിംഗാഗ്രത്തെ (Glans നെ) സംരക്ഷിക്കുന്ന ഒരു രക്ഷാകവചവുമായ, ധാരാളം പ്രത്യേകതകളുള്ള, തൊലിയുടെ ഒരു ഭാഗമാണ് ഡോക്ടറും ഒസ്സാനും ചേലാകർമ്മത്തിലൂടെ മുറിച്ചുകളയുന്നത്.**

ചേലാകർമ്മത്തിന് വിധേയരാകാത്ത പുരുഷന്മാർക്ക് ചേലാകർമ്മം ചെയ്യപ്പെട്ട പുരുഷന്മാരേക്കാൾ ലൈംഗികത കൂടുതൽ ആസ്വദിക്കാൻ കഴിയുന്നു എന്ന് ഒരുപാട് പഠനങ്ങൾ തെളിയിക്കുന്നു. അമേരിക്ക, ബ്രിട്ടൺ, സ്വീഡൻ, കനഡ, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ വികസിത രാജ്യങ്ങളിലെ ഒരുപാട് ഡോക്ടർമാർ തങ്ങളുടെ അടുക്കൽ കൊണ്ടുവരുന്ന കുട്ടികളുടെ ചേലാകർമ്മം ചെയ്യില്ല എന്ന തീരുമാനം ഒരു പ്രതിജ്ഞയെന്നോണം എടുത്തിരിക്കുന്നു. കാരണം ചേലാകർമ്മം മുഖേന നേരെയാക്കാവുന്ന, ലിംഗാഗ്രചർമ്മത്തിന് വരാൻ സാധ്യതയുള്ള എല്ലാ രോഗങ്ങളും (മൂത്ര തടസ്സം, ഫൈമോസിസ്,- Phymosis, നിരന്തരമായ അണുബാധ,(U.T.I - Urinary Tract Infection) ബലൂണിംഗ് ഓഫ് ദി ഫോർസ്കിൻ-Ballooning of the Foreskin - പുരുഷലിംഗത്തിന്റെ പുറ

ത്തേയ്ക്കുള്ള ദ്വാരം ചെറുതാവുകയോ അടയുകയോ ചെയ്യുന്നത് കാരണം മൂത്രമൊഴിക്കുമ്പോൾ ലിംഗാഗ്രചർമ്മത്തിനും ലിംഗത്തിന്റെ അഗ്രഭാഗത്തിനും ഇടയിൽ മൂത്രം സംഭരിക്കപ്പെടുന്നത് കാരണം ലിംഗാഗ്രം ഒരു ബലൂൺപോലെ വീർക്കുന്ന അസുഖം). എന്നിങ്ങനെ ഏതാണ്ടെല്ലാ അസുഖങ്ങളും ചേലാകർമ്മം ചെയ്യാതെതന്നെ ശരിയാക്കാൻ പറ്റുമെന്ന് ഡോക്ടർമാർ സമർത്ഥിക്കുന്നു. ഗത്യന്തരമില്ലാത്ത ഘട്ടത്തിൽ മാത്രം ചേലാകർമ്മം ചെയ്യാം എന്ന് മാത്രം. ചില പ്രമേഹ രോഗികളിലും ചില വൃദ്ധന്മാരിലും കാണപ്പെടുന്ന 'Lichen Sclerosis' എന്ന രോഗത്തിന്റെ ഭാഗമായി കാണപ്പെടുന്ന Balatinis Xerotica Obliterans (BXO) എന്ന രോഗാവസ്ഥയിൽ മാത്രമാണ് ചേലാകർമ്മം ഒരു ചികിത്സയെന്നോണം വേണ്ടിവരുന്നത്. 99 ശതമാനം ഫൈമോസിസും ചേലാകർമ്മം കൂടാതെ കേവലം സ്റ്റിറോയ്ഡ് ചികിത്സ (Steroid Therapy) യിലൂടെയും കൺസർവേറ്റിവ് സർജറിയിലൂടെയും ശരിയാക്കാം എന്ന് സാരം.

ഡോക്ടർ ജോർജ്ജ് സി.ഡെന്നിസ്റ്റൻ, ഡോ. ഡീൻ എഡൽ, ഡോ. ലണ്ടൻ സ്മിത്ത്, ഡോക്ടർ കിസിഞ്ജർ തുടങ്ങിയവർ ചേലാകർമ്മത്തിന് എതിരെ തങ്ങളുടെ വെബ്സൈറ്റുകളിലൂടെയും പുസ്തകങ്ങളിലൂടെയും രംഗത്ത് വന്നിട്ടുള്ള ഡോക്ടർമാരിൽ ചിലരാണ്. കഴിഞ്ഞ 25 വർഷത്തിനുള്ളിൽ അമേരിക്കയിലെ ചേലാകർമ്മത്തിന് ഇരയായ 60 മില്യൻ രക്ഷിതാക്കൾ തങ്ങളുടെ മക്കളെ ചേലാകർമ്മത്തിന് ഇരയാക്കില്ല എന്ന പ്രതിജ്ഞ എടുക്കാനുള്ള തന്റേടം കാണിച്ചു എന്നറിയുമ്പോൾ ബുദ്ധിയുള്ളവർക്ക് ആ തൊലിയുടെ മാഹാത്മ്യം മനസ്സിലാകും. ചേലാകർമ്മത്തിലൂടെ നാം അറുത്തുമാറ്റുന്നത് കേവലം നിസ്സാരമായ ഒരു തൊലിക്കഷ്ണമല്ല. പിന്നെയോ ദൈവം നൽകിയ മഹത്തായ അനുഗ്രഹങ്ങളിലൊന്നായ ലൈംഗികാസ്വാദനത്തിനാവശ്യമായ അതിവിശിഷ്ടമായ ഞരമ്പുകളും പേശികളമടങ്ങുന്ന ഒരു 'ഹൈടക്' ചർമ്മമാണ്. (Hytech Skin). ലൈംഗിക വേഴ്ചയിൽ സ്ത്രീക്കും പുരുഷനും ഒരുപോലെ കാമോദ്ദീപകമായ (Erotic) ഇരുപതിനായിരത്തോളം ഞര



മ്പുകളുള്ള, ഇലാസ്തിക ഗുണങ്ങളുള്ള (Elastic Property) പേശികൾ അടങ്ങിയ റിഡ്ജ്ഡ് ബാന്റ് (Taylors Ridged Band) ഫ്രീനാർ ബാൻഡ് (Frenar Band) മിസ്നേഴ്സ് കോർപ്പസൽ (Meissners Corpuscle) എന്നിവ അടങ്ങിയ അതിവിശിഷ്ടമായ തൊലിയാണ് ഫോർസ്കിൻ. **ഇതിൽ ഫ്രീനാർ ബാന്റും റിഡ്ജ്ഡ് ബാൻഡും പല പുരുഷന്മാർക്കും വളരെയധികം കാമോദ്ദീപക ശക്തിയുള്ളതാണെന്ന് (Highly Erogenous) അഭിപ്രായപ്പെടുന്നു. ഈ ഭാഗം പലപ്പോഴും ചേലാകർമ്മത്തിലൂടെ പൂർണമായോ ഭാഗികമായോ നഷ്ടപ്പെടുന്നു. നമ്മുടെ കണ്ണും മൂക്കും നാവുമൊക്കെ പോലെത്തന്നെ കാമോദ്ദീപനത്തിനുവേണ്ടി ദൈവം പ്രത്യേകം സംവിധാനം ചെയ്തുണ്ടാക്കിയ ഒരു പ്രത്യേക അവയവം തന്നെയാണ് (Sense Organ) ഈ ഫോർസിക്ൻ എന്ന് ജോൺ ആർ. ടൈലറും സഹപ്രവർത്തകരും അവകാശപ്പെടുന്നു.**

ചേലാകർമ്മത്തിലൂടെ നഷ്ടപ്പെട്ട ലിംഗാഗ്രചർമ്മം ശസ്ത്രക്രിയയിലൂടെ നേരെയാക്കാൻ (Reconstructive Surgery, Uncircumcision etc) ഇന്ന് ധാരാളം മാർഗ്ഗങ്ങളുണ്ട്. കൂടാതെ സെൻസ്ലിപ്പ് (SENSLIP)പോലുള്ള കൃത്രിമ ഫോർസ്കിനുകളും ഇന്ന് വിപണിയിലുണ്ട് എന്നറിയുമ്പോൾ ലൈംഗികവേഴ്ചയ്ക്കും മറ്റും ആ അവയവം അതിന്റെ പൂർണ്ണരൂപത്തിൽ നിലനിൽക്കേണ്ടതിന്റെ ആവശ്യകത നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

ഒരേ സമയം അകത്തേയ്ക്കും പുറത്തേയക്കും മടക്കാവുന്ന (Infolding & UnFolding) ഇരട്ടപാളികളുള്ള(Double Layered) ഒരു തൊലിയാണത്. മനുഷ്യശരീരത്തിൽ കൺപോളകളിലും മൂക്കിലും വായിലും (ചുണ്ടിലുമൊക്കെയാണ്) സമാനമായ പ്രത്യേകതകളുള്ള തൊലിയും ശ്ലേഷ്മ കലകളും(Mucosa) അടങ്ങിയ ഭാഗങ്ങൾ കാണുന്നത്. കാറിന്റെയും ബസ്സിന്റെയുമൊക്കെ മുൻവശത്ത് ഗ്ലാസ്സിനു മുകളിൽ ഘടിപ്പിച്ചിട്ടുള്ള വൈപ്പറുകൾ നാം ശ്രദ്ധിച്ചിരിക്കും. മുൻവശത്തെ ഗ്ലാസ്സിൽ പറ്റിപ്പിടിക്കുന്ന അഴുക്കും ചളിയും പൊടിപടലങ്ങളും വെള്ളത്തിന്റെ സഹാ

യത്തോടെ ആ വൈപ്പർ (തൂവാല പോലെ തുടക്കുന്ന സാധനം) തുടച്ച് വൃത്തിയാക്കുന്നു. അങ്ങിനെ വാഹനങ്ങളുടെ മുൻവശത്തെ ഗ്ലാസ്സ് എപ്പോഴും വൃത്തിയോടും വെടിപ്പോടും (Fresh & Clean) നിൽക്കാൻ ആ വൈപ്പർ സഹായിക്കുന്നു. അതുപോലെതന്നെയാണ് കൺപോളകളും ലിംഗാഗ്രചർമ്മവുമൊക്കെ. ദൈവം മനുഷ്യന് നൽകിയ അതിവിശിഷ്ടമായ ഒരു വരദാനമാണ് കണ്ണും കാഴ്ചയും. കണ്ണുംകാഴ്ചകളുമില്ലാത്ത ഈ ലോകത്തെക്കുറിച്ച് ഒന്നു ചിന്തിച്ചുനോക്കൂ. തലച്ചോറിലേയ്ക്കുള്ള ഒരു ജനവാതിലായിട്ടാണ് ഡോക്ടർമാർ കണ്ണുകളെ നമുക്ക് പരിചയപ്പെടുത്തുന്നത്. (A window to the Brain) ആ 'കിളിവാതിലിലൂടെ' നമുക്ക് അകത്തേയ്ക്കും പുറത്തേയ്ക്കും 'എത്തി'നോക്കാം. മനുഷ്യശരീരത്തിന്റെ എല്ലാ നിയന്ത്രണാധികാരങ്ങളുമുള്ള ഏറ്റവും പ്രധാനപ്പെട്ട ഭാഗമായ തലച്ചോറിന് വരുന്ന ഏതാണ്ടെല്ലാ മാരകരോഗങ്ങളുടെയും തുടക്കം കണ്ണിലൂടെയുള്ള ഒരു നോട്ടത്തിലൂടെ ഒരു വിദഗ്ധഡോക്ടർക്ക് കണ്ടെത്താൻ കഴിയുന്നു. ഒരു പാട് അപകടങ്ങളും ഭീഷണികളും നിലനിൽക്കുന്ന തൊട്ടടുത്ത പരിതസ്ഥിതിയിൽ നിന്നും തലച്ചോറിനെ വേർപ്പെടുത്തുന്നത് ആ 'ചില്ലുജാലകം' മാത്രമാണെന്ന് സാരം. അതുകൊണ്ടുതന്നെ ആ കണ്ണിനെ സംരക്ഷിക്കാൻ മനുഷ്യന്റെ പ്രകൃതിയിലൂടെ ദൈവം അതിമഹത്തായ കുറെ സംവിധാനങ്ങൾ ചെയ്തിട്ടുണ്ട്. എല്ലുകളാലും(Skull) പേശികളാലും(Occular Muscles) കൺപോളകളാലും(Eye lid) ഒക്കെ ചുറ്റപ്പെട്ട് വളരെ സുരക്ഷിതമായ ഒരു വലയത്തിലാണ് നമ്മുടെ കണ്ണുകൾ സ്ഥിതി ചെയ്യുന്നത്. കൺപോളകൾ ( മിനുട്ടിൽ സുമാർ എഴുപതോളം തവണ കണ്ണിനെ തുടച്ച് വൃത്തിയാക്കികൊണ്ടിരിക്കുന്നു. കണ്ണുകളുടെ സംരക്ഷണത്തിൽ അതിപ്രധാനമായ ഒരു സ്ഥാനം കൺപോളകൾക്കുണ്ടെന്ന് സാരം. കണ്ണുനീർ ഗ്രന്ഥിയിൽ നിന്ന് ഉൽപാദിപ്പിക്കപ്പെടുന്ന കണ്ണുനീരിന്റെ സഹായത്തോടെ കണ്ണുകളുടെ കോർണിയയും റെറ്റിനയും അടക്കമുള്ള മുൻഭാഗം എപ്പോഴും വൃത്തിയോടെയും വെടുപ്പോടെയും (Fresh & Clean) നിൽക്കാൻ കൺപോളകൾ സഹായിക്കുന്നു. **തീ പൊള്ളലേറ്റോ അപടകങ്ങളിലോ കൺപോളകൾ നഷ്ടപ്പെട്ടാൽ ശരീരത്തിന്റെ മറ്റ് ഭാഗത്ത് നിന്ന് തൊലിയെടുത്ത് കൺപോളകളെ പുനർനിമ്മാണം ചെയ്യാറുണ്ട്. കേടുവന്ന കൺപോളകൾ റിപ്പയർ ചെയ്യാൻ അധികവും ഉപയോഗിക്കുന്നത് ലിംഗാഗ്രചർമ്മത്തിൽ നിന്നുള്ള തൊലിയാണെന്നറിയുമ്പോൾ ആ തൊലികൾ തമ്മിലുള്ള സാമ്യം നമുക്ക് മനസ്സിലാകും.(Re Costructive Surgery - Skin Grafting)**



കൺപോളകളെപോലെതന്നെയാണ് മനുഷ്യന്റെ ലിംഗാഗ്രഭാഗത്തെ പൊതിഞ്ഞുകൊണ്ടുള്ള ലിംഗാഗ്രചർമ്മത്തിന്റെയും പ്രവർത്തനം. പുരുഷ ലിംഗത്തിന്റെ ത്രികോണാകൃതിയിലുള്ള അഗ്രഭാഗത്തെ (Glans) ആ ചർമ്മം പല രീതിയിലും സംരക്ഷിച്ച് നിലനിർത്തുന്നു. ലിംഗത്തിന്റെ അഗ്രഭാഗത്തുള്ള രതിസുഖദായകമായ – കാമോദ്ദീപകമായ – ഒരുപാട് ഞരമ്പുകൾ അതിന്റെ പരിപൂർണ്ണാവസ്ഥയിൽ സംരക്ഷിച്ച് നിലനിർത്താൻ ആ ലിംഗാഗ്രചർമ്മം അത്യാവശ്യമാണ്. ചേലാകർമ്മം ചെയ്യുന്നതോടുകൂടി ആ രക്ഷാകവചം നഷ്ടപ്പെടുകയും ലിംഗാഗ്രം (Glans) അടിയുടുപ്പിന്റെയും വസ്ത്രങ്ങളുടെ പരുക്കൻ ഭാഗങ്ങളിൽ തട്ടി നിരന്തരമായ ഘർഷണത്തിനും ഉരസലിനും വിധേയമാകുന്നു. അന്തരീക്ഷത്തിലെ ഉയർന്ന ഊഷ്മാവും ലിംഗാഗ്രത്തെ വരണ്ടതാക്കുന്നു. കാരണം ഫോർസ്കിസിന്റെയും ഗ്ലാൻസിന്റെയും അടിഭാഗത്ത് നിന്നും സ്രവിക്കപ്പെടുന്ന സ്മെഗ്മ(Smegma) എന്ന പേരിൽ അറിയപ്പെടുന്ന വഴുവഴുപ്പുള്ള ഒരു ദ്രവ പദാർത്ഥം ലിംഗാഗ്രചർമ്മത്തിന്റെ സഹായത്തോടെ എപ്പോഴും ലിംഗാഗ്രത്തെ മിനുസവും മൃദുലവും ഈർപ്പവുമുള്ള ഒരു പുത്തൻ അവസ്ഥയിൽ നിലനിർത്തുന്നു. **ചേലാകർമ്മം ചെയ്യുന്നതോടുകൂടി ആ രക്ഷാകവചം നഷ്ടപ്പെടുകയും ലിംഗാഗ്രം ബാഹ്യവത്കരിക്കപ്പെടുകയും (**Externalization**) എന്നന്നേയ്ക്കും പുറത്താകുകയും അതുവഴി കരാട്ടനൈസേഷന്(**Keratinization**) വിധേയമാകുകയും ആ തൊലി അൽപം പരുക്കനായി മാറുകയും ചെയ്യുന്നു. ഈ അവസ്ഥ തുടരുന്നതിനാൽ ഗ്ലാൻസിലുള്ള (ലിംഗാഗ്ര ഭാഗത്തുള്ള) ഞരമ്പുകളുടെ സംവേദന ക്ഷമതയും കാമോദ്ദീപന പ്രവർത്തനവും പകുതി**

**യോളം കുറയുന്നതായി ഡോക്ടർമാർ അഭിപ്രായപ്പെടുന്നു.**

ചില പ്രത്യേക സന്ദർഭങ്ങളിൽ - മാനസിക പിരിമുറുക്കം മൂലമോ അസുഖം കാരണമായോ, ചില മരുന്നുകൾ കഴിക്കുന്നതുമൂലമോ- സ്ത്രീകളുടെ യോനീനാളം വരണ്ടുപോകാറുണ്ട്. തൊണ്ട വരണ്ടുപോകുന്നതുപോലെ (Xerostomia) അത്തരം ഘട്ടങ്ങളിൽ ലിംഗാഗ്ര ചർമ്മത്തിന്റെയും ഗ്ലാൻസിന്റെയും (ലിംഗാഗ്രത്തിന്റെയും) അടിഭാഗത്തുനിന്ന് സ്രവിക്കപ്പെടുന്ന ആ കൊഴുപ്പുള്ള ദ്രവപദാർത്ഥം ഇണയുടെ യോനീനാളത്തെ ഈർപ്പവും മാർദ്ദവവും ഉള്ളതാക്കുന്നു. (ഉമിനീർ (Saliva) വായ്ക്കുള്ളിൽ ഈർപ്പവും മാർദ്ദവവും നിലനിർത്തുന്നതുപോലെ) ചേലാകർമ്മം ചെയ്തവരിൽ പലർക്കും കൃത്രിമമായ ഔഷധങ്ങളും ഓയിലുകളും(Oil) ഒക്കെ ഘർഷണം കുറക്കാൻ ലൂബ്രിക്കന്റായി (സ്നേഹലേപനമായി) ഉപയോഗിക്കേണ്ടിവരാറുണ്ട് എന്നതും ആ തൊലിയുടെ പ്രാധാന്യം നമുക്ക് കാട്ടിത്തരുന്നു.

ചേലാകർമ്മം ചെയ്യപ്പെട്ട ലിംഗം വളരെ ക്ലീൻ ആയിരിക്കും എന്നൊരു വിശ്വാസമുണ്ട്. സാധാരണഗതിയിൽ ലിംഗാഗ്ര ചർമ്മത്തിന്റെ അകത്തെ പാളിയും (Mucosa) ഗ്ലാൻസിന്റെ അടിഭാഗത്തുനിന്നും (Tysons Gland) സ്രവിക്കുന്ന ആ കൊഴുപ്പുള്ള ദ്രാവകവും (Smegma) മൂത്രത്തിന്റെ അംശവും ശുക്ലത്തിന്റെ അംശവും ബാക്ടീരിയകളും മൃതകോശങ്ങളും പൊടിപടലങ്ങളുമൊക്കെ ചേർന്ന് ലിംഗാഗ്ര ചർമ്മം വൃത്തികേടാവാറുണ്ട്. ചിലപ്പോൾ അത് ദുർഗന്ധമുള്ളതാവാറുണ്ട്. **ദിവസം രണ്ടോ മൂന്നോ തവണ കഴുകുന്നതോടെ ആ പ്രശ്നവും പരിഹരിക്കാവുന്നതേയുള്ളു. അല്ലാതെ ലിംഗം വൃത്തിയാകാൻ ലിംഗം മുറിച്ചാലേ പറ്റൂ എന്ന വിശ്വാസം തെറ്റാണെന്നാണ് ചേലാകർമ്മത്തിനെതിരെ പ്രതികരിക്കുന്ന ഡോക്ടർമാരുടെ അഭിപ്രായം. ലിംഗാഗ്ര ചർമ്മത്തിന്റെ അകത്ത് കാണപ്പെടുന്ന Smegma എന്ന ദ്രാവകം ഒരു 'മോശം' സാധനമല്ല. അത് ദൈവദത്തമായ ഒന്നാണ്. അത് ദൈവത്തിന്റെ സൃഷ്ടിഘടനയുടെ ഭാഗം തന്നെയാണ്. ആ കൊഴുത്ത ദ്രാവകത്തിൽ**



**ഒരുപാട് ഗുണങ്ങളുണ്ടെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുമ്പോൾ പ്രത്യേകിച്ചും. വായ്നാറ്റമകറ്റാൻ വായകഴുകി വൃത്തിയാക്കുന്നതുപോലെ ലിംഗാഗ്രചർമ്മം കഴുകി വൃത്തിയാക്കാൻ കുട്ടികളെ പഠിപ്പിക്കുകയാണ് രക്ഷിതാക്കൾ ചെയ്യേണ്ടത്.**

ധ്രുവപ്രദേശങ്ങളിലും ശൈത്യരാജ്യങ്ങളിലും അതുപോലെ ഉയർന്ന പ്രദേശങ്ങളിലും (വയനാട്, ഊട്ടി, കൊടൈക്കനാൽ, ഹിമാലയൻ താഴ്വര) സാധാരണ കണ്ടുവരാറുള്ള 'ഹിമഹതി' യിൽ (Frost Bite) (അതിശൈത്യം മൂലമുള്ള വേദന- മൊട്ടുസൂചികൊണ്ട് കുത്തുന്നതുപോലെയുള്ള കടച്ചിലും ചൊറിച്ചിലും) ഹിമഹതിയിൽ നിന്ന് ലിംഗാഗ്ര ഭാഗത്തെ (ഗ്ലാൻസിനെ) ലിംഗാഗ്ര ചർമ്മം സംരക്ഷിക്കുന്നു.

**ചേലാകർമ്മം മൂലം പുരുഷലിംഗത്തിന്റെ വലിപ്പം ഗണ്യമായി കുറയുന്നു എന്നും ചില ഡോക്ടർമാർ അഭിപ്രായപ്പെടുന്നു.** കാരണം അറുത്തുമാറ്റപ്പെടുന്ന ആ തൊലി പുരുഷലിംഗത്തിന്റെ താഴ്ഭാഗത്തെ തൊലിയിൽ നിന്നും വ്യത്യസ്തമായി ഇരട്ട പാളികളുള്ളതാണ്(Double-layered). പുറത്തെ പാളി സാധാരണ തൊലിയും (Skin) അകത്തെ ഭാഗം ശ്ലേഷ്മ ചർമ്മവും (Mucosa) ആണ്. അങ്ങനെ നോക്കുമ്പോൾ പുരുഷലിംഗത്തിന്റെ മൊത്തം തൊലിയിൽ ഏതാണ്ട് പകുതിയോളം ഭാഗമാണ് ചേലാകർമ്മത്തിലൂടെ നഷ്ടപ്പെടുന്നത്. ആ അറുത്തുമാറ്റപ്പെടുന്ന തൊലിയിലെ രക്തക്കുഴലുകൾ (ചെറിയ ധമനികളും സിരകളും) ചേർത്തുവച്ചാൽ മൈലുകളോളം ദൂരമുണ്ടാകുമത്രേ. ഇതൊരു അതിശയോക്തി കലർന്ന പ്രസ്താവനയായി നമുക്കു തോന്നാം. എങ്കിലും ഒരു പ്രത്യേക പ്രവർത്തനത്തിനു വേണ്ടി സംവിധാനം ചെയ്തുണ്ടാക്കിയിട്ടുള്ള ഒരു യന്ത്രത്തിന്റെ ഏതെങ്കിലും ഒരു ഭാഗം കേടാവുകയോ നഷ്ടപ്പെടുകയോ ചെയ്താൽ ആ യന്ത്രത്തിന്റെ പ്രവർത്തനക്ഷമത കുറയും എന്നത് സാമാന്യബുദ്ധിയുള്ളവർക്ക് മനസ്സിലാവുന്ന ഒരു കാര്യമാണ്. അതുപോലെ ലൈംഗിക ആവശ്യത്തിനായി ദൈവം നൽകിയ അവയവത്തിൽ നിന്ന് ഒരൽപ്പം മുറിച്ചുമാറ്റിയാൽ ലൈംഗിക

പ്രവർത്തനത്തിലും ലൈംഗികാസ്വാദനത്തിലും ഒരു പോരായ്മ നമുക്ക് പ്രതീക്ഷിക്കാം.

ചേലാകർമ്മം ചെയ്താൽ ലൈംഗിക വേഴ്ചയുടെ സമയപരിധി കൂടും, ശീഘ്രസ്ഖലനം ഒഴിവാകും എന്നൊരു മിഥ്യാധാരണ ചില സുന്നി മൗലവിമാരും ദുർമന്ത്രവാദികളും മുറിവൈദ്യന്മാരും പ്രചരിപ്പിക്കാറുണ്ട്. ഈ ധാരണ തികച്ചും തെറ്റാണ്. **ലൈംഗിക വേഴ്ചയുടെ ദൈർഘ്യവും പാരമ്യതയുമൊക്കെ ഭാര്യാഭർത്താക്കന്മാരുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. ഇതിൽ ഏറ്റവും പ്രധാനം മാനസികമായ ആരോഗ്യമാണ്. യാതൊരു മാനസിക പിരിമുറുക്കവുമില്ലാത്ത - ടെൻഷനില്ലാത്ത- സംതൃപ്തരായ- മറ്റുള്ളവർക്ക് പാരവെയ്ക്കാത്ത- നിഷ്കളങ്കരായ ദമ്പതിമാരാണ് ലൈംഗികത അതിന്റെ എല്ലാ അർത്ഥത്തിലും പൂർണ്ണമായി ആസ്വദിക്കുന്നത് എന്നറിയുക...!**

**ചേലാകർമ്മം പുരുഷലിംഗത്തിന്റെ നിറം മാറാനും കാരണമാകുന്നു.** സാധാരണഗതിയിൽ നീലലോഹിത വർണ്ണമുള്ള (Venous Purple) പുരുഷലിംഗം ഉരസലിനും ഘർഷണത്തിനും ഉയർന്ന ഊഷ്മാവിനുമൊക്കെ വിധേയമായി അതിന്റെ പുതുമയും മിനുസവും മാർദ്ദവവും ഈർപ്പവും നഷ്ടപ്പെട്ട് (Keratinization മൂലം) ഒരുതരം (Dark Grey) ചാരനിറമുള്ളതായി മാറുന്നു.

അമിതമായ രക്തസ്രാവം, ഷോക്ക് (Hypovolumic Shock) മരണം (SIDS- Sudden Infant Death Syndrome) അണുബാധ, ലൈംഗികവൈകൃതങ്ങൾ (Sexual Perversions, Homo Sexualism, Mesogyny etc.) കാമോദ്ദീപന ശക്തിയിലുള്ള (Erogenous) കുറവ്, ലൈംഗിക വേഴ്ചയിലുള്ള സംവേദനക്ഷമതയിലും, സ്പർശനക്ഷമതയിലുമുള്ള കുറവ്, പുരുഷ ലിംഗത്തിൻെറ വലിപ്പം കുറയൽ എന്നിങ്ങനെ ചെറുതും വലുതുമായി മുപ്പത്തിയെട്ടോളം കാരണങ്ങളാണ് ചേലാകർമ്മത്തിനെതിരെ ഡോക്ടർമാർ പലപ്പോഴും എടുത്തുകാട്ടുന്നത്.



ചുരുക്കത്തിൽ ചേലാകർമ്മത്തിൽ യാതൊരു മതവുമില്ല, ശാസ്ത്രവുമില്ല. ആകെയുള്ളത് മഹാ വങ്കത്തരം മാത്രം. 'അണ്ടികളഞ്ഞ അണ്ണാന്റെ ജാള്യത' മാത്രം. ചേലാകർമ്മം ചെയ്ത പുരുഷന്റെ ലിംഗം ഇറക്റ്റഡ് സ്റ്റേറ്റിൽ (Erected State) കാണാൻ നല്ല ഭംഗിയുണ്ടെന്ന് (Visual Signal for Sexual Arousal) കാലിഫോർണിയ സിറ്റിയിലെ നാല് വേശ്യകൾ അഭിപ്രായപ്പെട്ടത് മാത്രമാണ് ഇപ്പോൾ ചേലാകർമ്മത്തെ അനുകൂലിക്കുന്നവർക്ക് പറയാനുള്ള ഏക ന്യായം.

കോൺടാക്ട് ലെൻസുകൾ (Contact Lenses) സൂക്ഷിച്ചുവെക്കാനും അമൂല്യങ്ങളായ രത്നങ്ങൾ ഒളിപ്പിച്ചുകടത്താനും (കള്ളക്കടത്ത്) ചില വിരുതന്മാർ ആ ലിംഗാഗ്ര ചർമ്മം ഉപയോഗിക്കുന്നു എന്നറിയുന്നതും കൗതുകമുള്ള കാര്യംതന്നെയല്ലേ....?

ഈയടുത്ത കാലത്തായി നവജാത ശിശുക്കളിൽ നടത്തിവരുന്ന ചേലാകർമ്മം (Infant Circumcision) നമ്മുടെ നാട്ടിൽ വളരെ കൂടുതലായിക്കൊണ്ടിരിക്കുന്നു. സുന്നി-മുജാഹിദ്-ജമാ അത്ത് കുടുംബങ്ങളിൽ ഒരു ഫാഷനെന്നോണം യാതൊരു തത്വദീക്ഷയോ വീണ്ടുവിചാരമോ ഇല്ലാതെ വളരെ ലാഘവത്തോടുകൂടിയാണ് ഈ കിരാത നടപടി നടത്തിക്കൊണ്ടിരിക്കുന്നത്. നവജാത ശിശുക്കൾക്ക് വേദന അനുഭവപ്പെടുന്നില്ല എന്നൊരു മിഥ്യാധാരണയും ദമ്പതികൾക്കിടയിൽ പ്രചരിപ്പിക്കപ്പെടുന്നു. ഇത് തെറ്റാണെന്നാണ് അമേരിക്കയിലെ പല ഗവേഷകരും ശിശുരോഗ വിദഗ്ദ്ധന്മാരും (American Academy of Paediatrics) അഭിപ്രായപ്പെടുന്നത്.

ചേലാകർമ്മത്തിന്നിരയായ നവജാത ശിശുക്കളുടെ രക്തത്തിൽ കാണപ്പെടുന്ന പ്ലാസ്മ കോർട്ടിസോളിന്റെ (Plasma Cortisol) ആധിക്യം, അമിതമായ ഹൃദയമിടിപ്പ് (Increased Heart rate) ഉള്ളംകൈ വിയർക്കൽ (Palmar Sweating) തുടങ്ങിയ ലക്ഷണങ്ങൾ ആ കുട്ടികൾ നിരന്തരം ശക്തമായ വേദന അനുഭവിക്കുകയും മാനസിക പിരിമുറുക്കത്തിലുമാണെന്നതിന്റെ സൂചനയായി അവർ അഭിപ്രായപ്പെടുന്നു. **മൂല**


**പ്പാലും മുലയൂട്ടപ്പെടലുമൊക്കെ നമ്മുടെ കുഞ്ഞുങ്ങളുടെ ജന്മാവ കാശമായതുപോലെ അവരുടെ ലിംഗാഗ്രഭാഗത്തുള്ള ആ വിശിഷ്ട മായ ചർമ്മം സംരക്ഷിച്ച് നിലനിർത്തിക്കൊടുക്കുക എന്നുള്ളതും രക്ഷിതാക്കളുടെ ബാദ്ധ്യതയും നമ്മുടെ കുഞ്ഞുങ്ങളുടെ ജന്മാവ കാശവുമാണെന്ന് അറിയുക.** ആ തൊലിക്ക് യാതൊരു കുഴപ്പവും ഉള്ള തായി കണ്ടെത്താൻ നിങ്ങൾക്ക് സാദ്ധ്യമല്ല - അല്ലാഹുവിന്റെ സൃഷ്ടി ഘടനയിൽ യാതൊരു കുഴപ്പവും കണ്ടെത്താൻ നിങ്ങൾക്ക് കഴിയുക യില്ല - എന്ന് ഖുർആനും മുഹമ്മദ് നബിയും ആവർത്തിച്ചാവർത്തിച്ച് പറഞ്ഞ സ്ഥിതിക്ക് പ്രത്യേകിച്ചും.

ആകാശവും ഭൂമിയും അവക്കിടയിലുള്ളതും മണ്ണിനടിയിലുള്ളതും മനുഷ്യ ശരീരവുമൊക്കെ പടച്ചത് അല്ലാഹുവാണെന്നും എങ്ങനെ നോക്കിയാലും അല്ലാഹുവിന്റെ സൃഷ്ടിഘടനയിൽ എവിടെയും ഒരു കുഴപ്പവും കണ്ടെത്താൻ നിങ്ങൾക്ക് കഴിയുകയില്ല എന്നും ഖുർആൻ ആവർത്തിച്ചു പറയുന്നു. (67:3,4, 64:3, 51:21, (30:30) 40:64.......87:1, 82:6,7, 95:4, 20:6,8, 20:50, 27:88) എവിടെയെങ്കിലും വല്ല കുഴപ്പവും നിങ്ങൾ കണ്ടിട്ടുണ്ടെങ്കിൽ അത് മനുഷ്യന്റെ അന്യായമായ കൈകടത്തൽ മൂല മാണെന്ന് ഖുർആൻ പറഞ്ഞതും നാമോർക്കുക. (30:36, 42:30)

**ചേലാകർമ്മം ചെയ്യുന്നതോടുകൂടി കുട്ടികളുടെ ആകാരഭംഗിയും കുറയുന്നതായി ബുദ്ധിയുള്ള രക്ഷിതാക്കൾ അഭിപ്രായപ്പെടുന്നു. മൂന്നു നാലു വയസ്സ് പ്രായമുള്ള കുട്ടികളെ ചേലാകർമ്മത്തിനു മുമ്പും ശേഷവും കണ്ടിട്ടുള്ള രക്ഷിതാക്കൾക്ക് ആ 'നഗ്നസത്യം' മനസ്സിലാ വും.** വിശുദ്ധ ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിച്ചത് പഠിക്കാതെ അബൂഹുറൈറയും മുആവിയയും കുത്തിവച്ച 'അഹ്ലുസ്സുന്നത്ത്' എന്ന പ്രസ്ഥാനത്തിന്റെ മതഭ്രാന്തും മതാന്ധതയും കാരണം മത്തുപിടിച്ച മാതാ പിതാക്കൾക്കും സുന്നി മുജാഹിദ് ജമാഅത്ത് മൗലവിമാർക്കും മാത്രമേ ചേലാകർമ്മത്തിന്റെ ദൂഷ്യഫലങ്ങൾ എത്ര പറഞ്ഞുകൊടുത്താലും ദഹി ക്കാതിരിക്കുകയുള്ളൂ.








**ചേലാകർമ്മം ഒരു പ്രശ്ന പരിഹാരമല്ല. യഥാർത്ഥത്തിൽ അത് ഒരുപാട് പ്രശ്നങ്ങളുടെ ആരംഭം കുറിക്കുകയാണെന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുന്നു. ചേലാകർമ്മത്തിലൂടെ ആരോഗ്യവാനായ ഒരു കുട്ടിയുടെ ഏറ്റവും നല്ല ഒരവയവത്തിന്റെ-ലിംഗത്തിന്റെ-സമ്പൂർണ്ണ ആരോഗ്യമുള്ള - പ്രവർത്തനക്ഷമമായ- ഒരു തൊലിയാണ് മുറിച്ചു കളയുന്നത്. ഇതു കുഞ്ഞുങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ ഒരു ക്രൂരതയാണ്. മനുഷ്യാവകാശ ലംഘനവുമാണ്. ബാലവേലയെ ('Child Abuse') നിരുത്സാഹപ്പെടുത്തുന്ന ഭരണകൂടങ്ങളും ബുദ്ധിജീ വികളും കുഞ്ഞുങ്ങൾക്ക് നേരെയുള്ള ഈ അക്രമവും എതിർക്കേ ണ്ടതാണ്. അതുകൊണ്ടുതന്നെ ചേലാകർമ്മത്തെ നിരുത്സാഹപ്പെടു ത്തേണ്ടത് ബുദ്ധിയുള്ള ഓരോ രക്ഷിതാവിന്റെയും ഡോക്ടർമാരു ടെയും ഭരണകൂടത്തിന്റെയും ചുമതലയാണെന്ന് DOC (Doctors Opposing Circumcision) അഭിപ്രായപ്പെടുന്നു. ഖുർ ആനോ മുഹ മ്മദ് നബിയോ മാതൃക കാണിക്കാത്ത ഒരു അനാചാരമാണ് ചേലാ കർമ്മം എന്നതുകൊണ്ടും അതിൽ യാതൊരു ശാസ്ത്രീയതയുമില്ല എന്ന് തെളിഞ്ഞതുകൊണ്ടും ഒളിഞ്ഞുകിടക്കുന്ന ചെറുതും വലുതു മായ ഒരുപാട് അപകടങ്ങൾ (Hidden Trauma) അതിൽ ഉണ്ട് എന്ന തുകൊണ്ടും ഖുർആൻ സുന്നത്ത് സൊസൈറ്റി കുഞ്ഞുങ്ങളിലെ ചേലാകർമ്മത്തിനെതിരെ (Non Therapeutic Infant Circumcision) കോടതിയെ സമീപിക്കാൻ തീരുമാനിച്ച വിവരം സസന്തോഷം അറി യിക്കട്ടെ.**

# ‘ചേലാകർമ്മം അനിസ്ലാമികം’ എന്നതിന്റെ ഖുർആനിക തെളിവുകൾ

ഖുർആൻ ആകെ പരിശോധിച്ചാൽ ചേലാകർമ്മത്തെ പ്രോത്സാഹിപ്പിക്കുന്ന ഒരു പ്രസ്താവന പോലും കാണാൻ സാദ്ധ്യമല്ല എന്നത് ശ്രദ്ധേയമാണ്. മാത്രമല്ല, ചേലാകർമ്മത്തെ പരോക്ഷമായി എതിർക്കുന്ന ധാരാളം പ്രയോഗങ്ങൾ ഖുർആനിൽ കാണുകയും ചെയ്യുന്നു. ആകാശവും ഭൂമിയും അതിനടിയിലുള്ളതും മണ്ണിനടിയിലുള്ളതും മനുഷ്യശരീരവുമെല്ലാം സൃഷ്ടിച്ചത് സാക്ഷാൽ ദൈവമാണെന്ന് ഖുർആൻ പറയുന്നു. . ആ ദൈവത്തിന്റെ സൃഷ്ടിഘടനയിൽ എവിടെയും ഒരു കുഴപ്പമോ ന്യൂനതയോ കണ്ടെത്താൻ നിങ്ങൾക്ക് സാദ്ധ്യമല്ല എന്നും ഖുർആൻ ആവർത്തിച്ചു പറയുന്നു. മാത്രമല്ല, മനുഷ്യനെ ഏറ്റവും നല്ല ശരീരഘടനയോടുകൂടിയാണ് നാം സൃഷ്ടിച്ചിട്ടുള്ളത് എന്നും ഖുർആൻ ഉണർത്തുന്നു. **ദൈവത്തിന്റെ സൃഷ്ടിഘടനയിൽ എങ്ങനെ നോക്കിയാലും – തിരിച്ചും മറിച്ചും നോക്കിയാലും–ഒരു കുഴപ്പവും കാണാൻ നിങ്ങൾക്ക് സാദ്ധ്യമല്ല എന്ന് ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കുന്നു. അപ്പോൾ ദൈവത്തിന്റെ ഏറ്റവും മഹത്തായ ഒരു സൃഷ്ടിയായ മനുഷ്യന്റെ ഏറ്റവും മഹത്തായ ഒരവയവത്തിന്റെ – ലിംഗത്തിന്റെ – അറ്റത്തുള്ള ആ ചർമ്മത്തിന് എന്തു കുഴപ്പമാണ് നിങ്ങൾ കാണുന്നത് എന്നാണ് ഖുർആൻ വിശ്വാസികളായ നമുക്ക് സുന്നികളോട് ചോദിക്കാനുള്ളത്. അതിനാൽ അല്ലാഹു നൽകിയ ആ അമൂല്യമായ ചർമ്മം അനാവശ്യമായി കളഞ്ഞ് മണ്ടന്മാരാവാതിരിക്കുക.** ആകെ ഈ ചേലാകർമ്മവാദികൾക്ക് പറയാനുള്ളത് അബുഹുറൈറ



യുടെ ഒരു മണ്ടൻ ഹദീസാണ്. ‘ഇബ്രാഹിം നബിയുടെ ചേലാകർമ്മം കഴിഞ്ഞത് എൺപതാമത്തെ വയസ്സിലായിരുന്നു. അതൊരു കോടാലി കൊണ്ടായിരുന്നു’ എന്ന കള്ള ഹദീസാണത്. എന്നാൽ ഇബ്രാഹിം നബി ഒരു മതാചാരമെന്ന നിലക്ക് ചേലാകർമ്മം ചെയ്തിട്ടില്ല. ഉണ്ടെങ്കിൽ അത് ഖുർആനിൽ കാണുമായിരുന്നു. (87:19, 26:196, 39:65......) ഇബ്രാഹിം നബിയുടെ ‘മഹത്തായ സുന്നത്ത്’ പിൻപറ്റിയാണ് നിങ്ങൾ അത് ചെയ്യുന്നതെങ്കിൽ 80–ാമത്തെ വയസ്സിൽ ചെയ്താൽ പോരെ....? അപ്പോഴേക്കും ‘കോടാലികൊണ്ട് കൊത്താൻ’ പാകത്തിൽ ഒരു പടുമരം കണക്കെ ‘ഇഷ്ടൻ’ വളർന്നു പന്തലിക്കുമായിരിക്കും.....! നബിയുടെ കാലത്തോ, മക്കം ഫത്ഹിൽ കൂട്ടംകൂട്ടമായി ഇസ്ലാമിലേക്ക് വന്ന പുതുവിശ്വാസികളോ ഈ ചേലാകർമ്മം ചെയ്തതായി തെളിയിക്കാൻ ഒരു വാറോല ഹദീസുപോലുമില്ല. മാത്രമല്ല, നബി തിരുമേനിയുടെ പൊന്നോമന പൗത്രന്മാരായിരുന്ന ഹസ്സൻ, ഹുസ്സൈൻ എന്നീ കുട്ടികളുടെ ചേലാകർമ്മം ചെയ്തതിനും പ്രബലമായ – വിശ്വാസയോഗ്യമായ– ഒരു തെളിവുമില്ല. നബിയുടെ സന്തത സഹചാരികളായിരുന്ന അലി, ഉമർ, ഉസ്മാൻ, അബൂബക്കർ തുടങ്ങിയവരും ഈ അനാചാരം ചെയ്തതായി യാതൊരു തെളിവുമില്ല....! മൂസ്സാ നബിയും (Moses) ഹാറൂൻ നബിയുംഈസാ നബിയും ചേലാകർമ്മത്തെ എതിർത്തതിന് ധാരാളം തെളിവുകളുണ്ടുതാനും..........!

ഇസ്ലാമിൽ – വിശുദ്ധ ഖുർആനിൽ ദൈവികമായ – ചെറുതും വലുതുമായ ഒരുപാട് നിയമങ്ങളുണ്ട്. ആ വിധിവിലക്കുകളൊന്നും പൊതുവെ കുട്ടികൾക്ക് ബാധകമല്ല എന്നതാണ് ഖുർആനിൽ നിന്നും മനസ്സിലാവുന്ന ഒരത്ഭുത വസ്തുത. എന്നാൽ പ്രായപൂർത്തിയാകുന്നതോടെ – ബുദ്ധിയുറക്കുന്നതോടെ– മാത്രമാണ് ഖുർആനിക നിയമങ്ങൾ അനുസരിക്കാൻ അവർ ബാദ്ധ്യസ്ഥരാകുകയുള്ളു. കാരണം കുട്ടികളെയും മുതിർന്നവരെയും മതനിയമങ്ങൾ അനുസരിപ്പിക്കുന്ന കാര്യത്തിൽ രണ്ടു തട്ടിലായിട്ടാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. (24:58,59). ഈ ഖുർ

ആനിക നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പത്തു വയസ്സിനു താഴെയുള്ള കുട്ടികളെക്കൊണ്ട് നോമ്പനുഷ്ഠിപ്പിക്കൽ ഹറാമാണെന്ന് ഇമാം അബു ഹനീഫയും മൗലവി ചേകന്നൂരുമൊക്കെ അഭിപ്രായപ്പെടാൻ കാരണം. ഇതെല്ലാം 'നോമ്പ്', 'വ്രതാനുഷ്ഠാനം ഇസ്ലാമിൽ' എന്നീ ഗ്രന്ഥങ്ങളിൽ വിശദമാക്കിയതിനാൽ അതിവിടെ ആവർത്തിക്കുന്നില്ല.

**ചുരുക്കത്തിൽ അറബി ഭാഷയിലുള്ള ഖുർആൻ സ്വന്തം മാതൃഭാഷയിൽ പഠിച്ച് മനസ്സിലാക്കാതെ 'ഞാനൊരു ഇസ്ലാം മതവിശ്വാസിയാണ്, ഞാനൊരു മുസ്ലീമാണ്' എന്നു പറയലും അർത്ഥമറിയാതെ അറബി ഭാഷയിൽ പ്രാർത്ഥിക്കുന്നതും അർത്ഥമറിയാതെ അറബി ഭാഷയിൽ നമസ്കരിക്കുന്നതും അർത്ഥവും ആശയവുമറിയാതെ അറബി ഭാഷയിൽ 'ഗ്രന്ഥം ചുമക്കുന്ന കഴുതകളെ പോലെ' ഖുർആൻ ഓതുന്നതും തികഞ്ഞ ഖുർആൻ ധിക്കാരവും ശിർക്ക് പോലെയുള്ള ഒരു കുറ്റവുമാണ് എന്ന ഖുർആനിക പാഠം നാം ഇനിയെങ്കിലും പഠിക്കുക. (47:24, (38:29), (25:30,73) 10:100, 17:36).**

ഖുർആൻ ഓതുകയാണെങ്കിൽ അതിന്റെ അർത്ഥവും ആശയവും കൂടി അറിഞ്ഞിരിക്കണം. അല്ലെങ്കിൽ അറിയുന്നവരോട് ചോദിച്ചു പഠിക്കണം. അല്ലാത്തപക്ഷം ദൈവകോപത്തിനും ദൈവിക ശിക്ഷക്കും നാം വിധേയരാകും എന്നറിയുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്ന് ധാരാളം ഖുർആൻ പരിഭാഷകൾ നമുക്ക് ലഭ്യമാണ്. ധാരാളം ദുർവ്യാഖ്യാനങ്ങളും വ്യാജ വിശദീകരണങ്ങളും ഓരോ കക്ഷിയും അവരവരുടെ ഖുർആൻ പരിഭാഷകളിൽ അടിക്കുറിപ്പായി നൽകിയിട്ടുണ്ടെങ്കിലും ആ ദുർവ്യാഖ്യാനങ്ങളെല്ലാം ഒരു തുറന്ന ചർച്ചയിലൂടെ പുറത്തുചാടിക്കാനും തിരുത്താനും ഖുർആൻ വിശ്വാസികൾക്ക് കഴിയും....! ചുരുക്കത്തിൽ ലോകാനുഗ്രഹിയായി അറേബ്യയിൽ വന്ന നബിയെയും അറബി ഭാഷയിലിറങ്ങിയ ഖുർആനിനെയും സ്വന്തം മാതൃഭാഷയിൽ പഠിച്ച് മനസ്സിലാക്കാതെ ഇസ്ലാം മതത്തിൽ 'മെമ്പർഷിപ്പെടുക്കാൻ' ഒരൊറ്റ വിദേ



ശിക്കും (വിശ്വാസിക്കും) പാടുണ്ടായിരുന്നില്ല- പാടില്ല- കാരണം, ഇംഗ്ലീഷ് ഭാഷ മാത്രമറിയുന്ന കെന്നഡിക്ക് അറബി ഭാഷയിലിറങ്ങിയ ഖുർആൻ എങ്ങനെ ഉദ്ബോധനമാകും. ഹിന്ദി മാത്രമറിയുന്ന ഇന്ദിരക്ക് അറബിയിലിറങ്ങിയ ഖുർആൻ എങ്ങനെ ഗുണം ചെയ്യും? മലയാളം മാത്രമറിയുന്ന രാമനും കൃഷ്ണനും അറബിയിലിറങ്ങിയ ഉദ്ബോധനം എങ്ങനെ മനസ്സിലാകും? അതുകൊണ്ടാണ് വായനയും വായനാഭ്യാസവുമൊക്കെ ഒന്നാമത്തെ ഇസ്ലാം കാര്യമായി ഖുർആൻ ആദ്യം തന്നെ പഠിപ്പിച്ചത്. ചുരുക്കത്തിൽ മുഹമ്മദ് നബിയെ അല്ലാഹു മക്കയിൽ നിയോഗിച്ചത് ലോകം മുഴുവൻ 'അഞ്ചു നേര നമസ്കാരം' കൊണ്ട് നിറയ്ക്കാനോ ലോകം മുഴുവൻ അഞ്ചുനേരം ബാങ്ക് കൊടുത്ത് ശബ്ദമുഖരിതമാക്കാനോ ലോകത്തുള്ള ജനങ്ങളെ മുഴുവൻ അറബി ഭാഷയിൽ പ്രാർത്ഥിപ്പിക്കാനോ ലോകം മുഴുവൻ 'ചേലാകർമ്മ ശസ്ത്രക്രിയ നടപ്പിലാക്കാനോ ആയിരുന്നില്ല'. മറിച്ച് ദൈവം എന്തെന്ന് ശരിക്കറിയാത്ത - അല്ലാഹുവിനെക്കുറിച്ച് വികലമായ കുറേ ചിത്രങ്ങളും ബിംബങ്ങളും മനസ്സിൽ വെച്ച് താലോലിച്ചിരുന്ന ആ കാട്ടറബികളുടെ വിശ്വാസത്തെ വിമലീകരിക്കാനും അല്ലാഹുവിനെക്കുറിച്ചുള്ള വ്യക്തമായ ചിത്രം അവർക്ക് നൽകാനും ദിവസം ഒരുനേരംപോലും ശരിയായി പ്രാർത്ഥിക്കാനറിയാത്ത - നിരക്ഷരകുക്ഷികളെന്ന് ലോകം കളിയാക്കിയിരുന്ന - അറബികൾക്കിടയിൽ ശരിയായ ദൈവവിശ്വാസവും ഒരു നമസ്കാര രീതിയും (വെള്ളിയാഴ്ച ദിവസത്തെ ജുമുഅ നമസ്കാരവും ആ നമസ്കാരം പോലെയുള്ള നിത്യനമസ്കാരങ്ങളുമായിരുന്നു നബി പഠിപ്പിച്ച പ്രാർത്ഥനകൾ) വളർത്തിയെടുത്ത്-അവർക്ക് വേദവും വിജ്ഞാനവും പഠിപ്പിച്ച്-അന്ന് ഇന്ത്യയിലും യൂറോപ്പിലും പശ്ചിമേഷ്യയിലുമൊക്കെ ഉണ്ടായിരുന്ന സംസ്കാരസമ്പന്നരായ ഒരു ജനതയെപ്പോലെ അവരെ ഉയർത്താനുമായിരുന്നു. അതിൽ നബി തിരുമേനി ഒരു പരിധി വരെ വിജയിക്കുകയും ചെയ്തു. നബി ജനിച്ച അറേബ്യയിൽ തന്നെ ഉണ്ടായിരുന്ന-നബിയെ സഹായിച്ചിരുന്ന - ജൂത കൃസ്ത്യൻ പണ്ഡി

തന്മാരെ ഖുർആൻ വാനോളം പുകഴ്ത്തുന്നതുകാണുക. (3:113) (3:199) (3:75)....(5:82,83)

മനുഷ്യനെ ഞാൻ സൃഷ്ടിച്ചു. അവന് ഏറ്റവും നല്ല ശരീര ഘടന നൽകുകയും ചെയ്തു എന്ന് ഖുർആൻ പറയുന്നു. (ലഖദ് ഹലക്ക്നൽ ഇൻസാന ഫീ അഹ്സനതഖ്വീം 95:4,5) അപ്പോൾ ഏറ്റവും മനോഹരമായത് എന്ന് ഖുർആൻ തന്നെ പരിചയപ്പെടുത്തിയ ആ മനുഷ്യ ശരീരഘടനയെ വികലമാക്കുക എന്നതായിരുന്നു ആ ചെകുത്താന്മാരുടെ ലക്ഷ്യം. ആ ലിംഗാഗ്രചർമ്മം മുറിച്ചുകളയേണ്ട ശരീരഭാഗമാണെങ്കിൽ അല്ലാഹു അത് തന്റെ സൃഷ്ടിഘടനയിൽ ഉൾപ്പെടുത്തുമോ....?

നേർച്ച മൃഗങ്ങളായ ഒട്ടകത്തിന്റെയും ആടിന്റെയുമൊക്കെ കാതുകൾ കീറി മുറിച്ച് അടയാളം വെക്കുന്ന ഒരു പതിവ് അറിബികൾക്കുണ്ടായിരുന്നുവെന്ന് നാം നേരത്തെ സൂചിപ്പിച്ചുവല്ലൊ.. അറബികളുടെ ആ ക്രൂര കൃത്യത്തെ ഖുർആൻ എതിർക്കുകയും അതിനെ നിശിതമായി വിമർശിക്കുകയും ചെയ്യുന്നുണ്ട്. (4 : 118, 119 വചനങ്ങൾ ശ്രദ്ധിക്കുക.) 'ചെകുത്താൻ അവരോട് കൽപ്പിക്കുമ്പോൾ അവർ നാൽക്കാലികളുടെ കാതുകൾ കീറി മുറിക്കുന്നു. ചെകുത്താൻ അവരോട് കൽപ്പിക്കുമ്പോൾ അവർ അല്ലാഹുവിന്റെ സൃഷ്ടി അലങ്കോലപ്പെടുത്തും.' കേവലം ഒരു വളർത്തുമൃഗത്തോടുള്ള ഖുർആനിന്റെ സമീപനം ഇതാണെങ്കിൽ നമ്മുടെ പിഞ്ചുകുട്ടികളുടെ ലിംഗാഗ്രചർമ്മം ഛേദിച്ചുകളയാൻ അല്ലാഹുവോ റൂസൂലോ അനുവദിക്കുമോ? ഖുർആനിലെന്നല്ല വാറോല ഹദീസുകളിൽപോലും വ്യക്തമായ ഒരു തെളിവില്ലാത്ത ഒരു പൈശാചികാചാരമാണ് ഈ ചേലാകർമ്മം എന്നറിയുക...! മാത്രമല്ല, ഖുർആനിൽ കാണാത്ത മതവിധികൾ യഥേഷ്ടം തിരഞ്ഞെടുക്കുവാനും നടപ്പിലാക്കുവാനും മുസ്ലീംകൾക്ക് പാടില്ലാ എന്നും ഖുർആൻ പ്രത്യേകം വിവിധ ഭാഗങ്ങളിലും വിവിധ ശൈലികളിലുമായി ധാരാളം ഉണർത്തുകയും ചെയ്യുന്നുണ്ട്. ഉദാഹരണമായി 68: 38 വചനം ശ്രദ്ധിക്കുക.



## ചേലാകർമ്മം ഖുർആൻ വിരുദ്ധം എന്നതിന് പ്രബലമായ ചില തെളിവുകൾ കൂടി..........!

വിശുദ്ധ ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത അനാചാരങ്ങളാണ് 5 നേരവും 6 നേരവും 3 നേരവുമൊക്കെയുള്ള ബാങ്കുവിളിയും ഖുർആനിൽ ഇല്ലാത്ത 5 നേര നമസ്കാരവും ചേലാകർമ്മവുമൊക്കെ. നബിയുടെ (ബിലാലിന്റെ) യഥാർത്ഥ ബാങ്കുവിളി (വെള്ളിയാഴ്ച ദിവസം ബിലാൽ വിളിച്ചിരുന്ന അസ്സലാ......... അസ്സലാ........ എന്ന ബാങ്ക് വിളി) ഇന്നും മക്കയിലും മദീനയിലും റയാദിലുമൊക്കെയുണ്ട്. ചേകന്നൂർ മൗലവിയുടെ ഗ്രന്ഥങ്ങളിലൂടെയും ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ മറ്റ് പ്രസിദ്ധീകരണങ്ങളിലൂടെയും ഇതൊക്കെ ഞങ്ങൾ മുമ്പ് ഏറെ വിശദീകരിച്ചതാണ്. ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത സുന്നികളുടേയും ശിയാക്കളുടേയും ആ ബാങ്ക് വിളിയിൽ പത്തോളം തെറ്റുകളുണ്ടെന്ന് ചേകന്നൂർ മൗലവി സമർത്ഥിച്ചിട്ട് വർഷം 25 കഴിഞ്ഞു. ഇന്നുവരെ ഒറ്റ മുജാഹിദ് സുന്നി- ജമാഅത്തു മൗലവിയും ബാങ്കിലെ ഒരബദ്ധമെങ്കിലും ന്യായീകരിച്ച് മറുപടി പറയാൻ രംഗത്ത് വന്നിട്ടില്ല. എന്നിട്ട് യാതൊരു മനസ്സാക്ഷിക്കുത്തുമില്ലാതെ 5 നേരവും 6 നേരവും 3 നേരവും സുന്നികളും ശിയാക്കളും മുജാഹിദും ജമാഅത്തും സ്പീക്കറിലൂടെ മത്സരിച്ച് ബാങ്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. റിയാദ്, ജിദ്ദ, ദമാം, ഖത്തീഫ്, ബഹ്റൈൻ (മനാമ), ദോഹ-(ഖത്തർ) തുടങ്ങിയ പട്ടണങ്ങളിൽ ഒരേ സമയം പത്തും ഇരു

പതും പള്ളികളിൽ നിന്നുള്ള ബാങ്ക് വിളിയാണ് നമുക്ക് കേൾക്കാൻ കഴിയുന്നത്. പ്രഭാതത്തിലെ ആ കൂട്ട ബാങ്ക് ഉറക്കം കാരണം പലരും കേൾക്കാറില്ല. കേട്ടാൽ തന്നെ സാധാരണ സുന്നികളും മുജാഹിദുകളും ഉറക്കം നിർത്തി പള്ളിയിലേക്ക് പോകാറുമില്ല. അഞ്ച് നേരത്തെ നിസ്കാരവും അഞ്ച് നേരത്തെ ബാങ്ക് വിളിയും 'ആമീൻ' പറയലുമൊക്കെ മുസ്ലീംകളുടെ ആത്മീയതയുടെ നേർക്കുള്ള അനാവശ്യമായ കൈയേറ്റമാണെങ്കിൽ ചേലാകർമ്മം മുസ്ലീകളുടെ നേർക്കുള്ള ശാരീരികമായ കൈയ്യേറ്റമാണ്. ഇതൊന്ന് വിശദമാക്കേണ്ടതുണ്ട്.

അത്യുദാരനും കരുണാനിധിയുമായ ഒരു അല്ലാഹുവിനെയാണ് ഖുർആനും മുഹമ്മദ് നബിയും ഉടനീളം പരിചയപ്പെടുത്തുന്നത്. മനുഷ്യർക്ക് കരുണ ചെയ്യുക എന്നത് ഒരു ബാദ്ധ്യതയായി ഏറ്റെടുത്ത ഒരു അല്ലാഹുവിനേയാണ് ഖുർആനും മുഹമ്മദ് നബിയും നമുക്ക് പരിചയപ്പെടുത്തുന്നത്. ഏകദൈവത്തിൽ വിശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്ന ഏതു വ്യക്തിക്കും ആ ദൈവം സ്വർഗ്ഗവും പരലോകമോക്ഷവും ഖുർആനിലൂടെ ഇരുനൂറ്റിയമ്പതോളം തവണ വാഗ്ദാനം ചെയ്യുന്നു. [(2:62) (5:69) (5:9)... (95:6)] അവിടെ മനുഷ്യൻ ഏത് ജാതിയാണ്, ഏത് മതക്കാരനാണ്, എത്ര നേരം നമസ്കരിക്കുന്നു, ഏത് രീതിയിൽ നമസ്കരിക്കുന്നു, ഏത് ഭാഷയിൽ പ്രാർത്ഥിക്കുന്നു എന്നൊന്നും ഖുർആൻ നോക്കിയിട്ടില്ല. ഏകദൈവ വിശ്വാസവും പരലോകവിശ്വാസവും പരോപകാരപ്രദമായ സൽകർമ്മങ്ങളുമുള്ള എല്ലാ മതങ്ങളും ഖുർആന്റെ ദൃഷ്ടിയിൽ ഇസ്ലാം തന്നെ...........! എന്നാൽ അബുഹുറൈറയും മുആവിയയും കള്ളഹദീസുകളിലൂടെ പഠിപ്പിച്ചത് കൃത്യമായി അഞ്ച് നേരം പള്ളിയിൽ പോയി നമസ്കരിക്കണമെന്നും കണ്ണ്



പൊട്ടന് പോലും ബാങ്ക് വിളികേട്ടാൽ പള്ളിയിൽ എത്തൽ നിർബന്ധമാണെന്നും ബാങ്ക് കേട്ടാൽ പള്ളിയിൽ എത്താത്തവരുടെ വീടിന് തീ വെയ്ക്കണമെന്നുമാണ്. ഖുർആനിനേയും മുഹമ്മദ് നബിയേയും അവഗണിച്ചുകൊണ്ട് ആ ഹദീസുകളെ ഒന്നാം പ്രമാണമായി വിശ്വസിച്ച എല്ലാ സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാരുടെയും അവരുടെ മക്കളുടേയും വിശ്വാസം അഞ്ച് നേരം പള്ളിയിൽ പോയി നമസ്കരിച്ചിട്ടില്ലെങ്കിൽ അല്ലാഹു ശിക്ഷിക്കും എന്നുതന്നെയാണ്. ദിവസവും പള്ളിയിൽ പോയി സംഘടിതമായി നമസ്കരിക്കുക എന്നത് വിശ്വാസികൾക്ക് അപ്രായോഗികമാണ് എന്ന ഖുർആനിക പാഠം പഠിക്കാതെ ആ കള്ളഹദീസുകളെ മാത്രം വിശ്വസിച്ച സുന്നികൾ പൊതുവേ നമസ്കാരശൂന്യരോ സുമാർ നമസ്കാരക്കാരോ ആയി. കൃത്യമായി അഞ്ച് നേരം എന്നും പള്ളിയിൽ പോകാത്ത താൻ ഒരു പൂർണ്ണ മുസ്ലീമല്ല എന്ന ഒരു ധാരണ (ഓസ്വാസ്) അവന്റെ മനസ്സിൽ വളരാൻ ആ വിശ്വാസം കാരണമായി. എല്ലാ ദിവസവും പള്ളിയിൽ പോയി സംഘടിതമായി പ്രാർത്ഥിക്കുക എന്നത് അപ്രായോഗികമാണെന്നും വെള്ളിയാഴ്ച ദിവസം മാത്രമാണ് സംഘടിത നമസ്കാരത്തിന്(ജുമുഅ നമസ്കാരത്തിന്) വിശ്വാസികൾ പള്ളിയിൽ എത്തേണ്ടത് എന്ന് ഖുർആനും നബിയും പഠിപ്പിച്ചപ്പോൾ, വെള്ളിയാഴ്ച മാത്രം പോരാ, എല്ലാ ദിവസവും കൃത്യം അഞ്ച് നേരം എല്ലാവരും (കണ്ണ് പൊട്ടൻ പോലും) പള്ളിയിൽ വന്ന് നമസ്കരിക്കണമെന്നാണ് അബൂഹുറൈറയും മുആവിയയും നിയമമാക്കിയത്. അങ്ങിനെ വരാത്തവരുടെ വീടിന് തീ വയ്ക്കണമെന്നു വരെ അവർ നിയമമാക്കി. അങ്ങിനെ അല്ലാഹുവും റസൂലും പഠിപ്പിച്ച ഖുർആനിക നിയമം പഠിക്കാതെ അബൂഹുറൈറയുടെ കള്ള ഹദീസുകൾ

മാത്രം പഠിച്ച സുന്നി മുസ്ലീംകൾ അവർ അറിയാതെ പൊതുവെ ഖുർ ആൻ ധിക്കാരികളും സുമാർ വിശ്വാസികളും സുമാർ നമസ്കാരക്കാരു മായി. കാരണം കൃത്യമായി അഞ്ച് നേരം പള്ളിയിൽ പോയി നമസ്ക രിക്കാത്തവരാണ് സുന്നി-മുജാഹിദ്-ജമാഅത്ത് പ്രസ്ഥാനക്കാരിൽ 95 ശതമാനവും എന്നറിയുക. എന്നാൽ ചെറുപ്പം മുതലേ പള്ളി മദ്രസ്സക ളിൽ വെച്ച് പഠിപ്പിച്ചതു പ്രകാരം 'കൃത്യമായി അഞ്ച് നേരം പള്ളിയിൽ പോയി സംഘടിതമായി പ്രാർത്ഥിക്കലാണ് ഇസ്ലാം മതം.' അല്ലെങ്കിൽ അവൻ കാഫിർ ആണ്. എന്നാൽ 'മഹത്തായ ആ ഇസ്ലാം മതനിയമം' തനിക്ക് പൂർണ്ണമായി ഇന്ന് വരെ പാലിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് ഓരോ സുന്നി-മുജാഹിദ്-ജമാഅത്ത് മൗലവിമാരുടെയും അവരുടെ ശിങ്കിടിക ളുടേയും മന:സ്സാക്ഷി അവരോട് മന്ത്രിക്കുന്നു. അവരുടെ ആ മനസ്സാക്ഷി കുത്ത് കാരണം അവർ കൂടുതൽ ചിന്തിച്ച് പ്രശ്നമുണ്ടാക്കാതിരിക്കാനും അഹ്ലുസ്സുന്നത്ത് വൽ ജമാഅത്ത് എന്ന അനാചാര മതത്തിൽ നിന്ന് അവർ പുറത്ത് ചാടാതിരിക്കാനും 'അബൂഹുറൈറകൾ' തന്നെ മറ്റൊരു 'ആശ്വാസനിയമം' അവർക്ക് ഉണ്ടാക്കി കൊടുത്തു. അതെന്തെന്നല്ലേ? 'അഞ്ച് നേരം നമസ്കരിച്ചിട്ടില്ലെങ്കിൽ കുഴപ്പമില്ല. അഞ്ച് നേരം നമ സ്കരിക്കണം എന്ന ഒരു സിദ്ധാന്തമെങ്കിലും മനസ്സിൽ വെച്ച് പുലർത്ത ണം, അഞ്ച് നേരം നമസ്കരിക്കുന്നവരെ വിലക്കരുത്' എന്നാണത്. 'അഞ്ച് നേരം നമസ്കരിച്ചിട്ടില്ലെങ്കിൽ കുഴപ്പമില്ല. അഞ്ച് നേരം നമ സ്കരിക്കൽ ഖുർആൻ വിരുദ്ധമാണെന്ന് പ്രസംഗിക്കുകയും എഴുതു കയും ചെയ്യുന്നവരെ കൊല്ലണം' എന്ന നിയമം ഉണ്ടാക്കിയതും ഇതേ 'അബൂഹുറൈറകൾ' തന്നെയാണ്. ചുരുക്കത്തിൽ വിശുദ്ധ ഖുർആനും നബിയുടെ യഥാർത്ഥ ചരിത്രവും മറച്ച് വെച്ച് കൊണ്ട് മൂആവിയയും



അബൂഹുറൈറയും ഒരു 'അഞ്ച് നേര സംഘടിത നമസ്കാരം' ബലാൽക്കാരമായി മദീനയിലും മക്കയിലും നടപ്പിലാക്കിയിട്ടും തന്റെ രാഷ്ട്രീയമായ എല്ലാ സ്വാധീനവും സമ്പത്തും കൂലിപ്പട്ടാളത്തെയും അതിനുപയോഗിച്ചിട്ടും മൂആവിയയുടെ അഞ്ച് നേരത്തെ സംഘടിത നമസ്കാരം നബിയുടെ ജുമുഅ നമസ്കാരം പോലെ വളരുകയോ അഭി വൃദ്ധി പ്രാപിക്കുകയോ ചെയ്തില്ല. കാരണം അബുഹൂറൈറയും മുആ വിയയും തന്ത്രപൂർവ്വം പടുത്തുയർത്തിയ 'അഞ്ച് നേരത്തെ സംഘടിത നമസ്കാരം' അവർ പഠിപ്പിച്ച അതേ ഗൗരവത്തിലും പ്രാധാന്യത്തിലും സുന്നികൾ എടുത്തിരുന്നുവെങ്കിൽ ഇന്ന് ലോകത്തുള്ള എല്ലാ മുസ്ലീം പള്ളികളിലും ദിവസവും വെള്ളിയാഴ്ച ദിവസത്തേതുപോലെ അഞ്ച് നേരവും വിശ്വാസികൾ തിങ്ങി നിറയുമായിരുന്നു. പക്ഷേ അങ്ങിനെ സംഭവിച്ചിട്ടില്ല..........! അങ്ങിനെ സംഭവിക്കുന്നുമില്ല...........! മുആവിയ ആ നിയമം അതിശക്തമായി നടപ്പിലാക്കിയ സൗദി അറേബ്യയിൽ പോലും ദിവസവും നമസ്കാര സമയത്ത് നിർബന്ധിച്ച് കടകൾ അടപ്പിച്ചിട്ട് പോലും-മുആവിയയുടെ താവഴിക്കാരായ മുത്തവ്വമാർ നിർബന്ധിച്ച് കട കൾ അടപ്പിച്ചിട്ടും-നബിയുടെ 'സ്വലവിളി' അഞ്ച് നേരം അങ്ങാടിയി ലൂടെ നടന്ന് നടപ്പിലാക്കിയിട്ടും - ബലാൽക്കാരമായി പിടിച്ചുകൊണ്ടു പോയി നമസ്കരിപ്പിച്ചിട്ടും-വെറും അഞ്ച് ശതമാനം വരെ ആളുകൾ മാത്രമാണ് അവിടെ നിത്യജമാഅത്തിന് പള്ളിയിൽ എത്തുന്നത് എന്ന റിയുക. നമ്മുടെ നാട്ടിലാവട്ടെ ആ നിത്യനമസ്കാരത്തിന് പല സുന്നി പള്ളികളിലും ആളുകൾ ഇല്ലാത്ത അവസ്ഥയാണുള്ളത്. പലപ്പോഴും ഇമാമും മുക്രിയും അവരുടെ ശിങ്കിടികളും പള്ളിയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന വിരലിൽ എണ്ണാവുന്നവരും മാത്രമാണ് അവിടെ നിത്യജ

മാഅത്തിന് എത്തുന്നത്. അതും കൃത്യമായി ശമ്പളം കിട്ടുന്നതുകൊണ്ടുമാത്രം...........! അതേ സമയം ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ച വെള്ളിയാഴ്ച തോറുമുള്ള ജുമുഅ നമസ്കാരത്തിന് 'മുഅദ്ദിൻ' ബാങ്കുവിളിക്കാൻ മറന്നാലും വിശ്വാസികൾ കുളിച്ചൊരുങ്ങി നല്ല വസ്ത്രം ഉടുത്ത് ആഹ്ലാദത്തോടെ പള്ളിയിൽ എത്തുന്നു. അപ്പോൾ ഇവിടെ ഇപ്പോഴും വിജയിച്ച് നിൽക്കുന്നത് അല്ലാഹുവിന്റെ പ്രകൃതി മതമായ ഇസ്ലാം തന്നെയാണെന്നറിയുക. ഖുർആനിലൂടെ വിശ്വാസികളോട് ജുമുഅ നമസ്കാരത്തിന് വരാൻ അല്ലാഹുവും റസൂലും കൽപിച്ചതിനേക്കാൾ ഗൗരവത്തോടും ശക്തിയോടും കൂടിയാണ് 'അഞ്ച്നേര സംഘടിത നമസ്കാരത്തിന്' പള്ളിയിലെത്താൻ അബൂഹുറൈറയും മുആവിയയും ഹദീസിലൂടെ പഠിപ്പിച്ചത് എന്നകാര്യം നാം പ്രത്യേകം ഓർക്കേണ്ടതുണ്ട്. ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ച ഖുർആൻ സുന്നത്തിന്റെ മഹത്വവും അബൂഹുറൈറ ഹദീസുകളിലൂടെ പഠിപ്പിച്ച അഹ്ലു സുന്നത്ത് വൽ ജമാഅത്ത് എന്ന അറേബ്യൻ പാരമ്പര്യ സംസ്കാര സംരക്ഷണ സംഘടനയുടെ പാപ്പരത്തവും ചേകന്നൂർ മൗലവി തന്റെ ഗ്രന്ഥങ്ങളിലുടനീളം വിശദമാക്കിയതിനാൽ അതിവിടെ ആവർത്തിക്കുന്നില്ല.

ചുരുക്കത്തിൽ, അഞ്ചുനേരം നമസ്കരിച്ചിട്ടില്ലെങ്കിൽ ശിക്ഷിക്കുന്ന-നമസ്കാരങ്ങളിൽ ഒന്ന് വൈകിയാൽ ശിക്ഷിക്കുന്ന-നമസ്കാരത്തിന്റെ 'ശർത്തോഫർളോ' മറ്റോ ഒന്ന് തെറ്റിയാൽ ശിക്ഷിക്കുന്ന-നമസ്കാരത്തിന് മുമ്പ് മടമ്പുരച്ച് കാൽ കഴുകിയിട്ടില്ലെങ്കിൽ ശിക്ഷിക്കുന്ന -അറബി ഭാഷയിൽ പ്രാർത്ഥിച്ചിട്ടില്ലെങ്കിൽ ശിക്ഷിക്കുന്ന-നമസ്കരിക്കുമ്പോൾ മക്കയിലെ കഅബയിലേയ്ക്ക് മുഖം തിരിച്ചിട്ടില്ലെങ്കിൽ ശിക്ഷി



ക്കുന്ന ക്രൂരനായ-ഒരു അല്ലാഹുവിനെയാണ് -ക്രൂരനായ ഒരു ദൈവത്തെയാണ്-അറേബ്യൻ സുന്നികൾ ഹദീസിലൂടെ നമുക്ക് പരിചയപ്പെടുത്തിത്തരുന്നത്. അതേസമയം മനുഷ്യരോട് എപ്പോഴും കരുണചെയ്യുന്ന - ദയാപരനായ - വിശ്വസിച്ചുകൊണ്ട് സൽകർമ്മങ്ങൾ ചെയ്യുന്ന എല്ലാ മതക്കാർക്കും ഒരുപോലെ സ്വർഗ്ഗവും പരലോകമോക്ഷവും നൽകുന്ന - ഒരു അല്ലാഹുവിനെയാണ്, ഖുർആനും മുഹമ്മദ് നബിയും നമുക്ക് പരിചയപ്പെടുത്തി തരുന്നത്. അതുകൊണ്ടാണ് ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത അഞ്ചുനേര നമസ്കാരവും ബാങ്കും ആമീൻ പറയലുമൊക്കെ മുസ്ലീംകളുടെ ആത്മീയതയെ കളങ്കപ്പെടുത്തുന്ന-അല്ലാഹുവിനെക്കുറിച്ചുള്ള യഥാർത്ഥ ചിത്രം വികലമാക്കുന്ന - ആത്മീയമായ ഒരു കൈകടത്തലായി - നാം ചിത്രീകരിക്കുന്നത്. അതേപോലെ അല്ലാഹുവോ ഖുർആനോ നബിയോ പഠിപ്പിക്കാത്ത ചേലാകർമ്മം അറേബ്യൻ ജൂതന്മാരെ അന്ധമായി അനുകരിച്ച് നാം ആചരിച്ച് പോന്നപ്പോൾ - നമ്മുടെ പൂർവ്വികർ ആചരിച്ച് വന്നപ്പോൾ - അതൊരു ശാരീരികമായ കൈയ്യേറ്റത്തിലും നഷ്ടത്തിലും കലാശിച്ചു.............!

ഖുർആൻ വിശ്വാസികളായ ഞങ്ങൾ - ഖുർആൻ സുന്നത്തുകാരായ ഞങ്ങൾ - ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ചതുപോലെ (11:114) പകലിന്റെ രണ്ടറ്റങ്ങളിലും രാത്രിയിലെ ആദ്യയാമങ്ങളിലുമായി മൂന്ന് നേരം നമസ്കരിക്കുന്നതും വെള്ളിയാഴ്ച ദിവസം കണിശമായി ജുമുഅ നമസ്കരിക്കുന്നതും പ്രാർത്ഥിക്കുമ്പോൾ മക്കയിലെ കഅബയിലേയ്ക്ക് മുഖം തിരിക്കുന്നതും പ്രാർത്ഥനയിൽ അറബി ഭാഷയിലുള്ള ഖുർആനിൽ നിന്ന് പ്രായോഗികമായത് ഓതുന്നതും, റംസാനിലെ എണ്ണപ്പെട്ട ദിവസങ്ങളിൽ നോമ്പ് അനുഷ്ഠിക്കുന്നതും, സാധ്യമായെങ്കിൽ

ഒന്ന് മക്കത്ത് പോയി ഹജ്ജ് ചെയ്യുന്നതും ചേലാകർമ്മം ചെയ്യാതിരിക്കുന്നതും ഞങ്ങളുടെ നബിയുടെ ചര്യ (സുന്നത്ത്) പിൻപറ്റുന്നതിന്റെ ഭാഗമായിട്ടാണ്. അത് ഖുർആനിൽ നിന്ന് കിട്ടുന്ന ഞങ്ങളുടെ നബിയുടെ സത്യമായ സുന്നത്തുകളാണ്. ആ ചര്യകൾ മാത്രമാണ് ശരി എന്നൊരു വാദവും നമുക്കില്ല. ഖുർആൻ പഠിപ്പിച്ചതുപോലെ മോക്ഷത്തിലേയ്ക്കുള്ള അനേകം മാർഗങ്ങളിൽ ഒന്ന് മാത്രമാണ് ഖുർആൻ.....! ക്രിസ്തുമതവും (ബൈബിളും), ജൂതമതവും ഹൈന്ദവ ധർമ്മവും എല്ലാം ഏകദൈവത്തിലും പരലോക മോക്ഷത്തിലും പരോപകാരമുള്ള സത്കർമ്മങ്ങളിലും അധിഷ്ഠിതമായതുകൊണ്ട് അവയെല്ലാം ഖുർആന്റെ ഭാഷയിൽ ഇസ്ലാം ദീൻ തന്നെ (ശാന്തിമാർഗം തന്നെ) - ശിർക്ക് ഒഴിവാക്കിയാൽ എല്ലാം ഒന്നുതന്നെ. ഇതെല്ലാം നാം മുമ്പ് വിശദമാക്കിയതിനാൽ അതിവിടെ ആവർത്തിക്കുന്നില്ല.



# 'ഇസ്ലാം' എന്നാൽ അറേബ്യൻ സംസ്കാരമല്ല..........!

എല്ലാ നല്ല വസ്തുക്കളും വിശ്വാസികൾക്കു അനുവദിക്കപ്പെട്ടിരിക്കുന്നു (5:4,5) (7:157) (7:33) എന്നു ഖുർആൻ പറയുന്നു. അതുപോലെ കുറ്റകരമെന്നു തോന്നിയ ഒരു കാര്യവും ചെയ്യരുതെന്നും, അതിനോട് സഹകരിക്കരുതെന്നും ഖുർആൻ ഉണർത്തുന്നു. അതുകൊണ്ട് ഭൂമിയിലുള്ള എല്ലാ നല്ല സംസ്കാരങ്ങളുടേയും നല്ല വശങ്ങൾ സ്വാംശീകരിക്കുന്നതിൽ മുസ്ലിംകൾക്കു തെറ്റില്ല. ഭാരതീയ സംസ്കാരത്തിലും യൂറോപ്യൻ സംസ്കാരത്തിലും, ഗ്രീക്കു സംസ്കാരത്തിലും, അമേരിക്കൻ സംസ്കാരത്തിലും, അറേബ്യൻ സംസ്കാരത്തിലും കാണപ്പെടുന്ന നല്ല വശങ്ങൾ സ്വായത്തമാക്കുന്നതിൽ മുസ്ലീംകൾക്കു തെറ്റില്ല. ആ സംസ്കാരങ്ങളിലെ നല്ലതും ചീത്തയുമായ കാര്യങ്ങൾ ഒരു പരിധി വരെ ആപേക്ഷികവുമാണ് എന്ന കാര്യവും നാം മറക്കാതിരിക്കുക........!

സ്ത്രീകൾ പർദ്ദ ധരിക്കുക, മുസ്ലീം പുരുഷൻമാർ തലയിൽ എന്തെങ്കിലും (തൊപ്പിയോ മറ്റോ) ധരിക്കുക, ചേലാകർമ്മം ചെയ്യുക, രാവും പകലുമായി കുറേ തവണ നമസ്കരിച്ചു കൊണ്ടിരിക്കുക, 5ഉം 6ഉം തവണ ബാങ്ക് കൊടുക്കുക, സുന്നത്തു നമസ്കാരങ്ങളനുഷ്ഠിക്കുക, സുന്നത്തുനോമ്പുകളനുഷ്ഠിക്കുക, താടിവെക്കുക, റമളാൻ മാസം

മുഴുവൻ നോമ്പനുഷ്ഠിക്കുക (റമളാനിലെ എണ്ണപ്പെട്ട ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കാനാണ് (അയ്യാമൻ മഅ്ദൂദാത്ത്) ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ചത്) ഹജ്ജും, ഉംറയും ചെയ്തുകൊണ്ടിരിക്കുക എന്നിങ്ങനെ ഒരുപാടു കാര്യങ്ങൾ അറേബ്യൻ സംസ്കാരവുമായി ബന്ധപ്പെട്ടുകാണാം. എന്നാൽ ഇതൊക്കെ നിർബന്ധമാണെന്നോ മുസ്ലിമാവാൻ ഇതെല്ലാം അത്യാവശ്യമാണെന്നോ, ധിക്കാര പൂർവ്വമല്ലാതെ ആരാധനകളുപേക്ഷിച്ചാൽ നരകശിക്ഷയുണ്ടെന്നോ ഖുർആനും മുഹമ്മദ് നബിയും എവിടെയും പഠിപ്പിക്കുന്നില്ല.

എന്നാൽ മുആവിയയും അബൂഹുറൈറയും തന്ത്രപരമായ ഒരട്ടിമറിയിലൂടെ നബി പഠിപ്പിച്ച ഖുർആനിക സത്യങ്ങൾ മറച്ചുവയ്ക്കുകയും, ഖുർആന്റെ വിശദീകരണം എന്ന പേരിൽ -നബിയുടെ ഹദീസുകൾ എന്ന പേരിൽ - ഒരു രണ്ടാം പ്രമാണമുണ്ടാക്കുകയും, ആ ഹദീസുകളിലൂടെ, അറേബ്യൻ സംസ്കാരവും, പാരമ്പര്യവും, ചിന്താഗതികളും 'ഇസ്ലാമികം' എന്ന പേരിൽ ലോകത്ത് പർവ്വതീകരിച്ച് പ്രചരിപ്പിക്കുകയും ചെയ്തു. ഇതെല്ലാം 'അബൂഹുറൈറയും ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികളും' എന്ന ഭാഗത്ത് നാം വിശദീകരിച്ചതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ചുരുക്കത്തിൽ നമ്മുടെ വേദ ഗ്രന്ഥമായ ഖുർആൻ അറബിയിലായതു കൊണ്ടും മുഹമ്മദ്നബി തിരുമേനി അറേബ്യയിൽ ജനിക്കുകയും ജീവിക്കുകയും ചെയ്തതു കൊണ്ടും അറേബ്യൻ സംസ്കാരവുമായി ബന്ധപ്പെട്ട ചില പരാമർശങ്ങളും നടപടി ക്രമങ്ങളും ഖുർആനിൽ കാണാം. അതൊന്നും ഇസ്ലാം മതത്തിന്റെ അടിസ്ഥാന പ്രമാണമായോ, ഇസ്ലാം മതത്തിന്റെ സ്തംഭമായോ ഖുർആനും നബിയും പഠിപ്പിക്കുന്നില്ല. അറബി ഭാഷയ്ക്കുപോലും മറ്റു ഭാഷകളിൽ നിന്നും



വ്യത്യസ്ഥമായി എന്തെങ്കിലും 'പോരിശ'യുണ്ടെന്നോ, മഹത്വമുണ്ടെന്നോ ഖുർആൻ അവകാശപ്പെടുന്നുമില്ല. ലോകത്തുള്ള എല്ലാ ഭാഷയും അല്ലാഹുവിന്റേതു തന്നെ.......! 'അറബി' സ്വർഗ്ഗത്തിലെ ഭാഷയാണെന്ന അറേബ്യൻ സുന്നികളുടെ (സുന്നി-മുജാഹിദ് ജമാഅത്തു മൗലവിമാരുടെ)വാദം നിരർത്ഥകമാണെന്നും, ഖുർആൻ വിരുദ്ധമാണെന്നും സാരം....!

ഭൂമിയിലുള്ള എല്ലാ ജനവിഭാഗങ്ങൾക്കും, അവരുടെ മാതൃഭാഷയിൽ സംസാരിക്കുന്ന ദൈവദൂതനേയും (റസൂലിനേയും) അവരുടെ ഭാഷയിലുള്ള വേദഗ്രന്ഥത്തെയും, അതാതു സമയങ്ങളിൽ നൽകിയിട്ടുണ്ട് എന്ന് ഖുർആൻ ഉണർത്തുന്നു. അഥവാ എല്ലാ ഭാഷയിലും അല്ലാഹു ഖുർആൻ പോലെയുള്ള ഉൽബോധനങ്ങൾ-വേദഗ്രന്ഥങ്ങൾ-നൽകിയിട്ടുണ്ട് എന്നു സാരം. മനുഷ്യർക്ക് വേദഗ്രന്ഥവും സന്മാർഗ്ഗവും നൽകുന്ന കാര്യത്തിൽ ജാതിമത വ്യത്യാസമോ, വർഗ്ഗ വർണ്ണവ്യത്യാസമോ, ഭാഷാ വിവേചനമോ, അല്ലാഹു കാണിച്ചിട്ടില്ല എന്നുസാരം. (10:47) (14:4) (35:25) (22:34) എല്ലാ ഭാഷയും സംസ്കാരവും അല്ലാഹുവിന്ന് ഒരുപോലെ.....! ഇതെല്ലാം 'സർവ്വമതസത്യവാദം ഖുർആനിൽ' എന്ന ഭാഗത്തു മൗലവി വിശദീകരിച്ചതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ആ നല്ല സംസ്കാരങ്ങളിൽ കാണപ്പെടുന്ന അനുകരണീയമായ നടപടി ക്രമങ്ങളും ആചാരങ്ങളും സന്ദർഭമനുസരിച്ച് വിശ്വാസികൾക്ക് സ്വീകരിക്കാം.......! ഇതെല്ലാം 'ഖുർആൻ -ലോകസമാധാനത്തിന്റെ ഗ്രന്ഥം' എന്ന ഭാഗത്ത് നാം വിശദമാക്കിയിട്ടുണ്ട്.

**'ഇസ്ലാം' എന്നാൽ ഏകദൈവ വിശ്വാസവും (തൗഹീദ്) പരലോകമോക്ഷത്തിലുള്ള വിശ്വാസവും, പരോപകാരമുള്ള**

**സൽകർമ്മങ്ങൾ ചെയ്യലുമാണ്. (2:62, 5:69) ഈ മൂന്നു അടിസ്ഥാന സിദ്ധാന്തങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് മതത്തിൽ ഏതു രീതിയിലുള്ള പരിഷ്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ മുസ്ലീം പണ്ഡിതനും മുസ്ലീം ഭരണാധികാരിക്കും അവകാശമുണ്ട്. അതനുസരിക്കാൻ ഓരോ മുസ്ലീമും ബാധ്യസ്ഥനാണ്.(4:59)**

ആരാധനകളിലെ അനാചാരങ്ങൾ, (നമസ്കാരത്തിൽ നബിയെ വിളിക്കൽ, ആമിൻ പറയൽ, ഹജ്ജിലെ കല്ലുചുംബിക്കൽ) അപകടകരമായ ആരാധനാ രീതികൾ, (ഹജ്ജിലെ കല്ലേറ്) സിവിൽ ക്രമിനൽ നിയമങ്ങൾ, പിന്തുടർച്ചാ നിയമങ്ങൾ, വൈവാഹിക നിയമങ്ങൾ വിവാഹമോചന നിയമങ്ങൾ എന്നിവയിലൊക്കെ ആവശ്യമെന്നു തോന്നിയാൽ അതാതു നാട്ടിലെ പണ്ഡിതൻമാർക്കും, ഭരണാധികാരികൾക്കും നീതിപൂർവ്വം മാറ്റം വരുത്താൻ ഖുർആൻ അനുവാദം നൽകുന്നു. അതനുസരിക്കൽ മുസ്ലീംകളുടെ ബാധ്യതയുമാണ്. ഇതെല്ലാം 'വിശുദ്ധ ഖുർആനിലെ അടിസ്ഥാന സിദ്ധാന്തങ്ങൾ' എന്ന ഭാഗത്തു നാം വിശദമാക്കിയിട്ടുണ്ട്.

ഏക ദൈവവിശ്വാസികളായ ജൂതനും, ക്രിസ്ത്യാനിക്കും ഹിന്ദുവിനും മുസ്ലീം സ്ത്രീകളെ വിവാഹം ചെയ്യാം (5:4,5), പർദ്ദ ഇസ്ലാമിന്റെ ഔദ്യോഗിക വസ്ത്രധാരണമല്ല, പുരുഷൻന്മാർക്കുപകരം വേണ്ടി വന്നാൽ സ്ത്രീകൾക്കും നമസ്കാരത്തിനു നേതൃത്വം നൽകാം, പുരുഷനായ ഒരു സാക്ഷിക്കുപകരം സ്ത്രീകളായ രണ്ടു സാക്ഷികൾ ആവശ്യമാണ് എന്ന ഖുർആൻ നിയമം ആപേക്ഷികമാണ്. (നബിയുടെ ഒരു നടപടി ക്രമം-സുന്നത്തു-മാത്രമാണത്) ചിലപ്പോൾ ഒരു സ്ത്രീ സാക്ഷിതന്നെ മതിയാകും, ചിലപ്പോൾ പുരുഷൻമാരെക്കാൾ നല്ല സാക്ഷി സ്ത്രീ ആയിരിക്കും എന്നൊക്കെയുള്ള ഡോ: ഹസ്സൻ തുറാബിയുടെ



(സുഡാൻ) (പ്രബോധനം 2006 ജൂൺ 17) വാദങ്ങൾ ഖുർആനികമായി ശരിയാണ് എന്നുസാരം. ഖുർആൻ സുന്നത്തുകാരായ ഞങ്ങൾ തുറാബിയുടെ ആ വാദങ്ങളെ സഹർഷം സ്വാഗതം ചെയ്യുന്നു.........!

ചുരുക്കത്തിൽ അറേബ്യൻ സുന്നികളുടെ 'അഞ്ചുനേര നമസ്കാരത്തിലും,' അഞ്ചുനേര ബാങ്കിലും, ഹദീസുഗ്രന്ഥങ്ങളിലുമൊക്കെയുള്ള ഖുർആൻവിരുദ്ധമായ നൂറ് കണക്കിന് അബദ്ധങ്ങളും അപകടങ്ങളും വഷളത്തരങ്ങളുമൊക്കെ കഴിഞ്ഞ നാൽപ്പത് വർഷമായി ചേകന്നൂർ മൗലവി എഴുതുകയും പ്രചരിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ബുദ്ധിയുള്ളവർക്കൊക്കെ അത് മനസ്സിലാവുന്നുമുണ്ട്. ചേകന്നൂർ മൗലവി പറയാറുള്ളതുപോലെ കുറച്ചൊക്കെ ബുദ്ധിപരമായ ത്യാഗം ചെയ്യാൻ തയ്യാറുള്ളവർക്ക് മാത്രമേ നമസ്കാരത്തിലെയും ബാങ്കിലെയും ചേലാകർമ്മത്തിലെയും അപകടങ്ങൾ മനസ്സിലാക്കാനും ഉൾക്കൊള്ളാനും കഴിയൂ ! അതിന് തയ്യാറല്ലെങ്കിൽ നമ്മുടെയും നമ്മുടെ കുട്ടികളുടെയും സമയവും സമ്പത്തും ലിംഗാഗ്രചർമ്മവുമൊക്കെ അനാവശ്യമായി നഷ്ടപ്പെട്ടുകൊണ്ടേയിരിക്കും.............!

# സുന്നത്തായ എല്ലാ ആരാധനകളും ഖുർആൻ വിരുദ്ധം

**ചേലാകർമ്മം അനിസ്ലാമികം എന്നതിന്റെ ഏറ്റവും ശക്തമായ ഒരു ഖുർആനിക തെളിവ്....!**

**ശാഖാപരമായ കാര്യങ്ങളിൽ പോലും (സുന്നത്തായ കാര്യങ്ങളിൽപോലും) ഹദീസുകൾ പ്രമാണമാക്കാൻ പാടില്ല എന്ന് വിശുദ്ധ ഖുർആൻ :-** സഹീഹുൽ ബുഖാരിയിലെയും മുസ്ലീമിലെയും കുറെ വൃത്തികെട്ട കള്ള ഹദീസുകൾ നാം കണ്ടു. വിശുദ്ധ ഖുർആനിന്റെ വിശദീകരണം എന്ന പേരിൽ ഹദീസു ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടത് നബിയെ ഒരു കാമഭ്രാന്തനായി ചിത്രീകരിക്കുക, നബിയെ മാരണം ബാധിച്ചവനായി ചിത്രീകരിക്കുക, നബിയെ ഒരു വഷളനും ക്രൂരനുമായി ചിത്രീകരിക്കുക, ആദരണീയനെന്നും ലോകാനുഗ്രഹിയെന്നും ഖുർആൻ വാഴ്ത്തിയ നമ്മുടെ നബിയെ – നമ്മുടെ നബിയുടെ വ്യക്തിത്വത്തെ കരിവാരിത്തേയ്ക്കുക, വിശുദ്ധ ഖുർആൻ പ്രാധാന്യം നൽകിയതിനെ അപ്രധാനമായി ചിത്രീകരിക്കുക, ഇസ്ലാമിന്റെ മറവിൽ അറേബ്യൻ നടപടിക്രമങ്ങളും പാരമ്പര്യ മര്യാദകളും അറേബ്യൻ സംസ്കാരങ്ങളും ചിന്താഗതികളും സംരക്ഷിക്കുക, ഇസ്ലാം മതത്തെ ഒരു 'നമസ്കാര പ്രസ്ഥാനമാക്കി' ലോകജനതക്കിടയിൽ അവതരിപ്പിക്കുക. ഖുർആനും നബിയും പഠിപ്പിച്ചതിനേക്കാൾ പ്രാധാന്യം ഹജ്ജിനും മക്കാനഗരിക്കും നൽകി ലോക ജനതയെ മക്കയിലേയ്ക്ക് ആകർഷിച്ച് അറബികൾക്ക് സാമ്പത്തിക നേട്ടമുണ്ടാക്കുക, ഖുർആൻ പഠിപ്പിച്ച കൊച്ചുകൊച്ചു മര്യാദകളും കാര്യങ്ങളും വളരെ പ്രാധാന്യം നൽകി പഠിപ്പിക്കുക. നബിയുടെയും അബൂബക്കർ ഉമർ, ഉസ്മാൻ അലി തുടങ്ങിയവരുടെയും യഥാർത്ഥ ചരിത്രം പൂഴ്ത്തിവെയ്ക്കുക, അവരെ വഷളൻമാനും ക്രൂരന്മാരും നബിവിരോധികളും മറ്റുമായി ചിത്രീകരിക്കുക. അതുവഴി യഥാർത്ഥ ഇസ്ലാമിനെയും ഇസ്ലാമിക ചരിത്രത്തെയും അട്ടിമറിക്കുക എന്നീ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടായിരുന്നു.



'സഹീഹുൽ ബുഖാരി'യിലെയും 'മുസ്ലീ'മിലെയും വഷളൻ ഹദീസുകളിലൂടെ കടന്നുപോയപ്പോൾ നാം നേരിൽ കണ്ട വസ്തുതകളാണിതെല്ലാം. സ്വയം സംസാരിക്കുന്ന ആ ഹദീസുകൾ വ്യക്തമാക്കുന്നത് ആ വഷളൻ ഹദീസുകളൊന്നും നബിയുടെ ഹദീസുകളല്ല എന്നും അതൊന്നും വിശുദ്ധ ഖുർആന്റെ വിശദീകരണങ്ങളല്ല എന്നുമാണ്. എന്നാൽ സഹീഹുൽ ഖുഖാരി, മുസ്ലീം തുടങ്ങിയ കള്ള ഹദീസുകൾ കലർന്ന ഒറ്റ ഹദീസ് ഗ്രന്ഥങ്ങളും മുസ്ലീംകൾ പ്രമാണമാക്കാൻ പാടില്ല, എന്ന് വിശുദ്ധ ഖുർആൻ കൊണ്ട് സമർത്ഥിക്കുകയാണ് ചേകന്നൂർ മൗലവി ചെയ്ത ഏറ്റവും മഹത്തായ ഒരു കാര്യം. **മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒന്നാം പ്രമാണമായ ഖുർആൻ കൊണ്ട് രണ്ടാം പ്രമാണമായ ഹദീസുകൾ എന്ന ചപ്പുചവറുകളെ ഇല്ലാതാക്കുകയാണ് ചേകന്നൂർ മൗലവി ചെയ്ത മഹത്തായ മറ്റൊരു സേവനം....!** അതെന്താണെന്നു മനസ്സിലാക്കുക....!! നബി തിരുമേനിയുടെ മരണത്തോടുകൂടി ഇസ്ലാമിനകത്തെ കപടന്മാർ സജീവമാകുകയും ഇസ്ലാമിക ലോകത്ത് വമ്പിച്ച കുഴപ്പങ്ങൾ ആരംഭിക്കുകയും ചെയ്തുവല്ലോ. നബിയുടെ മരണം കഴിഞ്ഞ് സുമാർ 20 വർഷം കഴിഞ്ഞപ്പോഴേക്കും നബി പഠിപ്പിച്ച നമസ്കാരമടക്കമുള്ള പല കർമ്മപദ്ധതികളും കണിശമായി നിർവ്വ

ഹിക്കാൻ പോലും ഒരു വിഭാഗം ഇല്ലാത്ത വിധം നബിയുടെ അനുയായികൾ പരസ്പരം തമ്മിൽ തല്ലി ഛിന്നഭിന്നമാകുകയും നബി കൊണ്ടുവന്ന ഇസ്ലാം മതം (ശാന്തിമാർഗ്ഗം) എല്ലാ ദൈവിക മതങ്ങൾക്കും സംഭവിച്ചതുപോലെ ഒരു അനാചാര പ്രസ്ഥാനമായി അധഃപതിക്കുകയും ചെയ്തുവെന്നുമാണ് അറേബ്യൻ ചരിത്രം പറയുന്നത്. ഹദീസ് ഗ്രന്ഥങ്ങളിൽ പോലും ആ ചരിത്ര വസ്തുത സമ്മതിച്ചിട്ടുണ്ട്. ഖുർ ആനിന്റെ ഏതാനും കൈയെഴുത്ത് പ്രതികൾ ഭദ്രമായി ചില നാട്ടുരാജാക്കന്മാരുടെയും നല്ലവരായ ചില സുന്നി- ശിയ പണ്ഡിതന്മാരിലൂടെയും അറേബ്യയിലും ഇതര ദേശങ്ങളിലും എത്തിയിരുന്നു. ഖുർആനിന്റെ അടിസ്ഥാനത്തിൽ നബി തിരുമേനി  വളർത്തിയെടുത്ത ആ ചെറിയ അറേബ്യൻ സമൂഹം പരസ്പരം കടിച്ചുകീറി ഛിന്നഭിന്നമായ ശേഷമാണ് മുസ്ലീംകളുടെ രക്ഷകനായും സുന്നി വിഭാഗത്തിന്റെ നേതാവായും വന്ന മുആവിയ അറേബ്യയുടെ രാജാവായത്.  മുആവിയ എന്ന സമർത്ഥനായ ആ ജൂത രാജാവ് ആ സന്ദർഭം ശരിക്കും പ്രയേജനപ്പെടുത്തി. അതിനായി തന്റെ കൂട്ടുകാരനും മറ്റൊരു ജൂത പുരോഹിതനുമായ അബൂഹുറൈറയെ മക്കത്തെ ഇമാമാക്കുകയും ചെയ്തു എന്നതും നാം കണ്ടു.

**ഹദീസുകൾ എന്നാൽ 'നബിയുടെ വചനം' 'നബിയുടെ ചര്യ' എന്നൊക്കെയാണ് നാം മനസ്സിലാക്കിയ അർത്ഥം. എന്നാൽ നബിയുടെ വചനങ്ങളാണ് എന്നുറപ്പുള്ളതിനു പുറമെ നബിയുടെ പേരിൽ പ്രചരിപ്പിക്കപ്പെട്ട വാർത്തകൾക്കും ഹദീസുകൾ എന്ന് പറയാം എന്നാണ് സുന്നി പണ്ഡിതന്മാർ പണ്ടേ തീരുമാനിച്ചത്. സത്യവും അസത്യവുമൊക്കെ കൂട്ടിക്കലർത്താൻ പാകത്തിലുള്ള ഇത്തരം മണ്ടൻ നിർവ്വചനങ്ങളൊക്കെ ഹദീസുകളിലൂടെ ഇസ്ലാമിക ലോകത്തേക്ക് കടത്തിവിട്ടത് അബുഹൂറൈറയും മുആവിയയുമടക്കമുള്ള**



**ആദ്യകാല സുന്നികളായിരുന്നു എന്നാണ് ചേകന്നൂർ മൗലവിയുടെ കണ്ടെത്തൽ.** ആ ഖുർആൻ വിരുദ്ധ ചിന്താഗതികളെ അദ്ദേഹം ഖുർആൻ കൊണ്ട് തന്നെ തകർക്കുകയും ശുദ്ധീകരിക്കുകയും ചെയ്തു എന്നതാണ് ഏറെ ശ്രദ്ധേയമായ ഒരു വസ്തുത.

ഹദീസുകളെ (വാർത്തകളെ) - അതു നബിയുടെ ഹദീസുകളായാലും ആരുടെ പേരിൽ പ്രചരിപ്പിക്കപ്പെട്ട വാർത്തകളായിരുന്നാലും- നാലായി തരം തിരിക്കാം എന്ന് വിശുദ്ധ ഖുർആൻ കൊണ്ട് അദ്ദേഹം സമർത്ഥിക്കുന്നു.

**ഇൽമ്-** അഥവാ ഉറപ്പായ സത്യം- കേവലം ബുദ്ധി ഉപയോഗിച്ചും പഞ്ചേന്ദ്രിയങ്ങളുപയോഗിച്ചും ഉറപ്പിക്കാനും വിശ്വസിക്കാനും കഴിയുന്ന കാര്യത്തിനാണ് 'ഇൽമ്' എന്നു പറയുന്നത്. നമ്മുടെ വേദഗ്രന്ഥമായ വിശുദ്ധ ഖുർആനിനെ 'ഇൽമ്' ഉറപ്പായ സത്യം അഥവാ അല്ലാഹുവിങ്കൽ നിന്നുള്ള വ്യക്തമായ ജ്ഞാനം എന്ന അർത്ഥത്തിലാണ് ദശക്കണക്കിന് സ്ഥലങ്ങളിൽ ഖുർആനിലൂടെ അല്ലാഹു തന്നെ നമുക്ക് പരിചയപ്പെടുത്തുന്നത്.

**ളന്ന്**:- അഥവാ ഊഹങ്ങൾ - തെളിവുകളില്ലാതെ സുമാറായിട്ട് വിശ്വസിക്കുന്നതിനാണ് 'ളന്ന്' എന്ന് ഖുർആൻ പറയുന്നത്. ഊഹങ്ങളിലധികവും ചെകുത്താന്റെതാണെന്നും ഊഹങ്ങളിലൊന്നും പിൻപറ്ററുതെന്നും ഖുർആൻ ഇടക്കിടെ ഉണർത്തുന്നുണ്ട്.

**ശക്ക്**:- അഥവാ സംശയഗതിയിലുള്ളത്. വിശ്വസിക്കാൻ പറ്റിയ യാതൊരു തെളിവുകളുമില്ലാതെ സംശയഗതിയിലുള്ള- അങ്ങോട്ടും ഇങ്ങോട്ടും ആടിക്കളിക്കുന്ന-ആശയത്തിനാണ് 'ശക്ക്' എന്നു പറയുന്നത്.

**ഇഫ്തിറാഅ്**:- മനഃപൂർവ്വം കെട്ടിയുണ്ടാക്കി പറയുന്ന അസത്യത്തിനാണ് 'ഇഫ്ത്തിറാഅ്' അഥവാ 'കെട്ടുകഥകൾ' എന്ന് പറയുന്നത്. മേൽപ്പറഞ്ഞ നാലെണ്ണത്തിൽ ഇൽമ് അല്ലാത്ത - ഉറപ്പായ സത്യമല്ലാത്ത - മറ്റ് മൂന്ന് തരം വാർത്തകളെയും - ഊഹങ്ങളായാലും സംശയങ്ങളായാലും കെട്ടുകഥകളായാലും - അവ മൂന്നിനെയും 'കദിബ്' അഥവാ 'പച്ചക്കള്ളം' എന്ന ഇനത്തിലാണ് ഖുർആൻ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അതൊന്നും ഖുർആനിക ദൃഷ്ട്യാ മതത്തിൽ പ്രമാണമാക്കാൻ പാടില്ലാ എന്നുമാണ് ഖുർആനിന്റെ അടിസ്ഥാനത്തിൽ 'അബൂഹുറൈറയുടെ തനി നിറം' എന്ന ഗ്രന്ഥത്തിൽ മൗലവി സമർത്ഥിച്ചത്. ഒന്നു കൂടി വ്യക്തമാക്കി പറഞ്ഞാൽ 'ബുഖാരി' 'മുസ്ലീം' തുടങ്ങിയ ഹദീസു ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ- ഏതു ഹദീസ് ഗ്രന്ഥങ്ങൾ പരിശോധിച്ചാലും- അതിൽ 50 ശതമാനവും (മിഅ്ഇറാജ് പോലുള്ള ) കെട്ടുകഥകളാണെന്നു കാണാം. ബാക്കിയുള്ളതിൽ 20 ശതമാനം ഊഹങ്ങളും (ളന്ന്), 20 ശതമാനം സംശയ ഗതിയിലുള്ള (ശക്ക്) ഹദീസികളാണെന്നും കാണാം. സുന്നികളും മുജാഹിദുകളും ജമാഅത്തുകളും പരക്കെ സമ്മതിക്കുന്ന ഒരു വസ്തുതയാണിത്. ചുരുക്കിപ്പറഞ്ഞാൽ ബുഖാരിയിലുള്ള ഹദീസുകളിൽ 10 ശതമാനം മാത്രമെ വിശുദ്ധ ഖുർആനിലുള്ള ആശയങ്ങളുമായി യോജിക്കുന്നുള്ളൂ. ആ നല്ല ഹദീസിലെ തത്വങ്ങൾ അതിലും മനോഹരമായി ഖുർആനിലൂടെ അല്ലാഹു തന്നെ പഠിപ്പിക്കുന്നുണ്ടുതാനും. അതുകൊണ്ടാണ് ഖുർആനിലൂടെ തെളിയിക്കാൻ പറ്റാത്ത ഏതെങ്കിലും ഒരു ഇസ്ലാം മത നിയമം ഹദീസുകൊണ്ട് തെളിയിക്കാമോ എന്ന അതി ശക്തിമത്തായ ഒരു ചോദ്യം മൗലവി ചേകന്നൂർ തന്റെ ഗ്രന്ഥങ്ങളിൽ ഇടക്കിടെ ആവർത്തിക്കാൻ കാരണം. മൗലവിയുടെ



ആ ചോദ്യങ്ങൾ എന്നെന്നും പ്രസക്തമാണെന്ന് ഖുർആനും ഹദീസും പഠിച്ചവർക്കൊക്കെ ബോധ്യമാവുകയും ചെയ്യുന്നുണ്ട്.

ഹദീസുകളെ മൊത്തത്തിൽ ഖുർ ആന്റെ അടിസ്ഥാനത്തിൽ നാലായിതരം തിരിക്കാമെന്നും അതിൽ മൂന്നു തരവും മതവിഷയത്തിൽ മുസ്ലീംകൾ പിൻപറ്റാൻ പാടില്ലെന്നും, ഹദീസുകളിൽ 'ഇൽമു'ള്ളതു മാത്രമെ (വാർത്തകളിൽ ഉറച്ചതും വിശ്വാസയോഗ്യമായ തെളിവുള്ളതും മാത്രമെ) മുസ്ലീംകൾ പിൻപറ്റാൻ പാടുള്ളു എന്നും ഖുർആൻ കൊണ്ടു സമർത്ഥിക്കുകയാണ് മൗലവി ചേകന്നൂർ ചെയ്തത്. ഇൽമല്ലാത്ത യാതൊന്നും - ഉറപ്പും വിശ്വാസയോഗ്യവുമല്ലാത്ത യാതൊന്നും - വിശ്വാസയോഗ്യമായ തെളിവില്ലാത്ത യാതൊന്നും - ഖുർആനിലില്ലാത്ത യാതൊന്നും - ഇസ്ലാമിൽ പ്രമാണമാക്കാൻ മുസ്ലീംകൾക്കുപാടില്ല എന്ന ഖുർആനിലെ ഏറ്റവും അടിസ്ഥാനപരവും, വിപ്ലവാത്മകവുമായ ആ മഹാസിദ്ധാന്തം മൗലവി ചേകന്നൂർ ഖുർആൻകൊണ്ട് സമർത്ഥിക്കുന്നത് ശ്രദ്ധിക്കുക.

'നിനക്ക് ഇൽമില്ലാത്ത - ഉറപ്പും വിശ്വാസവും ഇല്ലാത്ത - യാതൊരു കാര്യവും നി പിൻപറ്ററുത്. നിന്റെ കേൾവിയും കാഴ്ചയും ഹൃദയവും എല്ലാം ചോദ്യം ചെയ്യപ്പെടുകതന്നെ ചെയ്യും. (17:36)

മാത്രമല്ല മതപരമല്ലാത്ത കാര്യങ്ങൾ - ഖുർആനിൽ ഇല്ലാത്തതും നബിതിരുമേനി പഠിപ്പിച്ചിട്ടില്ലാത്തതുമായ കാര്യങ്ങൾ - അതു സുന്നത്തായ ഒരു കാര്യമാണെങ്കിൽ പോലും അല്ലാഹുവിന്റെ പേരിൽ അല്ലെങ്കിൽ നബിയുടെ പേരിൽ കെട്ടിപ്പറയുകയും അതുപ്രചരിപ്പിക്കുകയും ചെയ്യുന്നത് ശിർക്കിനോടടുത്ത ഒരു മഹാപാപമാണെന്ന്, 7-ാം അദ്ധ്യായം 33-ാം വചനത്തിൽ ഖുർആൻ വ്യക്തമാക്കുന്നു. (7:33). വിശുദ്ധ ഖുർ

ആന്റെ മഹത്തായ ആ ഭാഗം നാം ശ്രദ്ധിച്ചു പഠിക്കേണ്ടിയിരിക്കുന്നു. ഹദീസുകൾ എന്നപേരിൽ ഒരു രണ്ടാം പ്രമാണം വളരെ സാർവ്വത്രിക മായത് നബിയുടെ മരണം കഴിഞ്ഞു സുമാർ ഇരുപത് വർഷം കഴി ഞ്ഞാണെന്നും 'മുആവിയ'യുടെ രാജഭരണകാലത്താണ് ആ ദുരന്തം സംഭവിച്ചത് എന്നും ചരിത്രത്തിന്റെ പിൻബലത്തോടുകൂടി, ഖുർആൻ കൊണ്ട് സമർത്ഥിക്കുകയാണല്ലോ മൗലവി ചേകന്നൂർ ചെയ്തത്. ആ ഹദീസുകളാണ് സുമാർ ഇരുനൂറ് കൊല്ലം കഴിഞ്ഞപ്പോൾ, റഷ്യയിലെ ബുഖാറയിൽനിന്നും വന്ന ബുഖാരി ഗ്രന്ഥരൂപത്തിലാക്കിയത്.... ആ ഹദീസുകളിൽ 90 ശതമാനവും ഇൽമല്ലെന്നും (അഥവാ ആ ഹദീസു കളിൽ 90 ശതമാനവും വിശ്വാസയോഗ്യമായ തെളിവുകളുള്ളതല്ലെന്നും അതുകൊണ്ടുതന്നെ ആ ഹദീസുകളെല്ലാം 'കദിബ്' അഥവാ പച്ചകള്ളം (അല്ലെങ്കിൽ ജഹ്ല് - അറിയപ്പെടാത്തത്) എന്ന ഇനങ്ങ ളിൽ പെടുന്നതാണെന്നും സമർത്ഥിക്കുകയാണ് മൗലവി ചേകന്നൂർ ചെയ്തത്. എന്നാൽ ഇൽമല്ലാത്ത ഒറ്റ ഹദീസുകളും - കെട്ടുകഥകളും ഊഹങ്ങളും സംശയഗതിയുലുള്ളതുമായ, ഹദീസുകൾ-മുസ്ലീംകൾ പ്ര മാണമാക്കാൻ പാടില്ല എന്ന് ഖുർആൻ പഠിപ്പിച്ചപ്പോൾ, ഊഹങ്ങളുടെ ഇനത്തിൽപെടുത്താവുന്ന കള്ള ഹദീസുകൾ പോലും പ്രചരിപ്പിക്കാ മെന്നും അത് പ്രമാണമാക്കാമെന്നുമാണ് അഹ്ലുൽ ഹദീസുകാർ നിയ മമാക്കിയത്. അഹ്ലുൽ ഹദീസുകാരുടെ ആ വാദത്തെയാണ് ഖുർആൻ കൊണ്ട് മൗലവി ചേകന്നൂർ തകർത്തത്. ചേകന്നൂർ മൗലവിയുടെ ശ്രദ്ധേ യമായ ആ വാദഗതികൾ ശ്രദ്ധിക്കുക....!

ഇസ്ലാമിലെ എല്ലാ നിയമങ്ങളെയും സുന്നികൾ മൊത്തത്തിൽ അടി സ്ഥാനപരമെന്നും ശാഖാപരമെന്നും രണ്ടായി തരംതിരിക്കാറുണ്ട്. അതിൽ അടിസ്ഥാനപരമായ (ഉസൂലിൽ പെട്ട) കാര്യങ്ങളാണ് ഏക



ദൈവ വിശ്വാസം (തൗഹീദ്) ഈമാൻ കാര്യങ്ങൾ, ഇസ്ലാം കാര്യങ്ങൾ, ജിഹാദ്, സക്കാത്ത്, കരാർ പാലനം തുടങ്ങിയ കർമ്മ പദ്ധതികളും അല്ലാഹു മുസ്ലീംകളുടെ മേൽ നിയമമാക്കിയ നമസ്കാരം നോമ്പ്, ഹജ്ജ്, തുടങ്ങിയ ആരാധനമുറകളും. ഉസൂലിൽ പെട്ട (അടിസ്ഥാനപരമായ) ഈ കാര്യങ്ങൾ കൂടാതെ ശാഖപരമായ ചില കാര്യങ്ങളും - (ഫുറുഇ യ്യത്തിൽ പെട്ട അഥവാ, സുന്നത്തായ) ചിലകാര്യങ്ങളും ഇസ്ലാമിൽ ഉണ്ട്. ഉദാഹരണമായി നല്ല ഭക്ഷണസാധനങ്ങൾ ഉപയോഗിക്കുന്നതും, സ്വർണ്ണം, വെള്ളി, മേത്തരം കുതിരകൾ, തുടങ്ങിയ അലങ്കാര വസ്തു ക്കൾ ഉപയോഗിക്കുന്നതും സുന്നത്തു നോമ്പുകൾ, സുന്നത്തു ഹജ്ജു കൾ, സുന്നത്തു നമസ്കാരങ്ങൾ തുടങ്ങിയ അനുഷ്ഠിക്കുന്നതും ചേലാ കർമ്മം ചെയ്യുന്നതും സുന്നികൾക്കുപോലും കേവലം ശാഖാപരവും ഐഛികവുമായ കാര്യങ്ങളാണ്. ഉറപ്പില്ലാത്ത യാതൊന്നും ഇസ്ലാമിൽ നിയമമോ പ്രമാണമോ ആക്കാൻ പാടില്ല എന്ന 108 ആയത്തുകൾ കൊണ്ട് സ്ഥാപിതമായ ഇസ്ലാമിന്റെ ഏറ്റവും അടിസ്ഥാനപരമായ ഒരു സിദ്ധാന്തം ഇസ്ലാമിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾക്കുമാത്രമേ ബാധകമുള്ളു എന്നും, ഇസ്ലാമിലെ ശാഖാപരമായ കാര്യങ്ങളിൽ (സുന്നത്തായ കാര്യ ങ്ങളിൽ) സുമാർ വിശ്വാസവും, ഊഹങ്ങളുമായ ഹദീസുകളെയും പിൻപറ്റാം എന്നുമാണ് മുആവിയൻ കാലഘട്ടം മുതൽ ഇങ്ങോട്ടുള്ള സുന്നത്തു ജമാത്തു പണ്ഡിതൻമാർ നിയമമാക്കിയത്. കാരണം ഖുർ ആനിൽ ഇല്ലാത്ത കുറെ അറേബ്യൻ ആചാരങ്ങളും അനുഷ്ഠാനങ്ങളും ചിന്താഗതികളും ഇസ്ലാമിലേയ്ക്കു കുത്തിക്കയറ്റാനും, ആ അനുഷ്ഠാന ങ്ങൾക്ക് 'നബിയുടെ ഹദീസുകൾ' (നബിയുടെ ചര്യകൾ) എന്ന പദവി നൽകി, ഇസ്ലാമിക ലോകത്ത് സ്വീകാര്യത ലഭിക്കാനും സാധാരണക്കാ രായ അന്നത്തെ മുസ്ലീംകളെക്കൊണ്ടതംഗീകരിപ്പിക്കലും ദുർവ്യാഖ്യാനം

ചെയ്യലും മുആവിയയുടെയും അബൂഹുറൈറയുടെയും ആവശ്യമായിരുന്നു. **മാത്രമല്ല, ഖുർആനിൽ ഇല്ലാത്ത അഞ്ചുനേര നമസ്കാരം, അഞ്ചു നേരത്തെ ബാങ്കുവിളി, ഖുർആൻ വിരുദ്ധമായ ആമീൻ പറയൽ, ഖുർആനിൽ ഇല്ലാത്തതും ജൂതപാരമ്പര്യവുമായ ചേലാകർമ്മം എന്നിവയെല്ലാം തന്റെ ഭരണത്തിന്റെ ആദ്യഘട്ടത്തിൽ (ആദ്യത്തെ 4 വർഷം) കേവലം സുന്നത്തുകളായിട്ടു മാത്രമാണ് മുആവിയ പ്രചരിപ്പിച്ചത്. പിന്നീടത് ക്രമേണ ഒരു നിർബ്ബന്ധമായ (ഫർളായ) കാര്യമാക്കാനും, പിന്നീടത് ഒരു തബ്‌ലിഗ് പ്രവർത്തനത്തിലൂടെ ലോകം മുഴുവൻ പരത്താനുമുള്ള മുആവിയയുടെ 'ഉള്ളിലിരിപ്പ്' അധികമാർക്കും അറിഞ്ഞുകൂടായിരുന്നു...! മക്കയിലും മദീനയിലും കേവലം ഒരു വർഷത്തോളം നബി ഭരണാധികാരിയും മതാദ്ധ്യക്ഷനുമായി പിടിച്ചുനിന്നപ്പോൾ, നബിയുടെ ശത്രുവായ മുആവിയക്ക് യാതൊരു എതിർപ്പുകളുമില്ലാതെ, 'നബിയുടെ പ്രസ്ഥാനത്തിൽ മായം ചേർക്കുക' എന്ന ഒറ്റ ലക്ഷ്യത്തോടെ, സുമാർ ഇരുപത് വർഷത്തോളം 'ഇസ്ലാമിക ഭരണം' എന്ന വ്യാജേന ഭരിക്കാൻ കഴിഞ്ഞു എന്നതും സാന്ദർഭികമായി നാം ഓർക്കുക...!** ഖുർആൻ ലളിതമാണെന്നും സ്പഷ്ടമാണെന്നും ഖുർആൻ ആവർത്തിച്ചാവർത്തിച്ചു പറഞ്ഞപ്പോൾ ഖുർആൻ ലളിതമല്ലെന്നും, ഖുർആനിന്റെ അർത്ഥം ആർക്കും മനസ്സിലാകില്ലെന്നും ഖുർആൻ ദുരൂഹമാണെന്നും ഖുർആൻ അറബി ഭാഷയിൽ നിന്നും മറ്റൊരു ഭാഷയിലേയ്ക്കും പരിഭാഷചെയ്യാൻ പാടില്ലെന്നും അമുസ്ലീംകൾ ഖുർആൻ തൊടാൻ പാടില്ലെന്നും അബൂഹുറൈറയും മുആവിയയും പണ്ടെ നിയമമാക്കിയതും നാളിതുവരെ സുന്നത്തു ജമാഅത്തു പണ്ഡിതന്മാർ അതേറ്റുപാടിയതും അവർ നടത്തിയ അട്ടിമറികൾ പൂഴ്ത്തിവെയ്ക്കാനായിരുന്നുവെന്നും



സാന്ദർഭികമായി നാം ഓർക്കുക.

മതപരമായ കാര്യങ്ങളിൽ -ഇസ്ലാംമതത്തിന്റെ ഏതു മേഖലയിലും -അതു അടിസ്ഥാനപരമാവട്ടെ, ശാഖാപരമാവട്ടെ (ഫർളാകട്ടെ, സുന്നത്താവട്ടെ) വാർത്തകൾ അഥവാ ഹദീസുകൾ സ്വീകരിക്കുമ്പോൾ അതു ഉറപ്പും വിശ്വാസവുമുള്ളതാവണം എന്നു ഖുർആനും മുഹമ്മദ് നബിയും പഠിപ്പിച്ചപ്പോൾ വിശ്വാസയോഗ്യമായ തെളിവ് മതത്തിന്റെ അടിസ്ഥാന തത്വങ്ങൾക്കും കർമ്മപദ്ധതികൾക്കും മാത്രമെ ബാധകമുള്ളൂ എന്നും ശാഖാപരമായ കാര്യങ്ങളിൽ (സുന്നത്തു സമസ്കാരങ്ങൾ, സുന്നത്തു നോമ്പുകൾ, സുന്നത്തു ഹജ്ജുകൾ, ചേലാകർമ്മം, പട്ടുവസ്ത്രങ്ങൾ ഉപയോഗിക്കൽ, സ്വർണ്ണം ഉപയോഗിക്കൽ എന്നിവയിൽ) സുമാർ വിശ്വാസങ്ങളും ഊഹങ്ങളും പിൻപറ്റാം എന്നുമാണ് ഖുർആനിന്ന് എതിരായി സുന്നി പണ്ഡിതമാർ നിയമമാക്കിയത്. ഇസ്ലാം മതത്തെ ആകെ അട്ടിമറിച്ചതും വിശുദ്ധ ഖുർആൻ എന്ന ദൈവികഗ്രന്ഥം പാടെ അവഗണിക്കപ്പെടാൻ കാരണമായതും, 'സുന്നത്തു ജമാഅത്ത്' എന്ന ഖുർആൻ വിരുദ്ധ ഹദീസ് സംഘടനയുടെ ഉൽഭവത്തിനും അത്ഭുതകരമായ വളർച്ചക്കും നാന്ദികുറിച്ചതുമായ ആ സുന്നി സിദ്ധാന്തമാണ് ചേകന്നൂർ മൗലവി തന്റെ വർഷങ്ങൾ നീണ്ടുനിന്ന ഗവേഷണ സപര്യയിലൂടെ (ഖുർആൻ കൊണ്ട്) തകർത്തുകളഞ്ഞത്. ഖുർആനിലെ ആ ഭാഗം പ്രത്യേകം ശ്രദ്ധിക്കുക.

സ്വർണ്ണം ഹറാമാണെന്ന് ഖുർആനിൽ എവിടെയുമില്ല. എന്നാൽ മുസ്ലീം പുരുഷന്മാർ സ്വർണ്ണം ഉപയോഗിക്കുന്നത് ഹറാമാണെന്നു വിശ്വസിക്കുന്നവരാണ് അറേബ്യൻ സുന്നികൾ. (സുന്നി - മുജാഹിദ് - ജമാഅത്തു മൗലവിമാർ ഇന്നും അങ്ങിനെ പഠിപ്പിക്കുന്നുണ്ട്.) ലക്ഷക്കണക്കിന് വിലപിടിപ്പുള്ള റിസ്റ്റ് വാച്ചുകളും ആഢംബര കാറുകളും ഉപ

യോഗിക്കുന്നത് ഹറാമാണെന്ന് സുന്നികൾ പറയാറില്ല. കാരണം സ്വർണ്ണം ഹറാമാണെന്ന ജൂത നിർമ്മിത കള്ള ഹദീസേ അവർ കണ്ടിട്ടുള്ളൂ. സ്വർണ്ണം, വെള്ളി, മേത്തരം കുതിരകൾ തുടങ്ങിയവയെല്ലാം അലങ്കാരവസ്തുക്കളായിട്ടാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. അമിതമല്ലാത്ത രീതിയിൽ എല്ലാ നല്ല വസ്തുക്കളും ഉപയോഗിക്കാമെന്നും ഖുർആൻ ഉണർത്തുന്നുണ്ട്. മാത്രമല്ല. മനുഷ്യർക്കു വേണ്ടി ഭൂമിയിൽ നിന്നും അല്ലാഹു ഉൽപ്പാദിപ്പിച്ചുകൊണ്ടുവരുന്ന അലങ്കാരവസ്തുക്കൾ ഹറാമാക്കിയ ആ ആക്രമി ആരാണ് എന്നാണ് ഖുർആൻ ചോദിച്ചത്. നബി തിരുമേനി ഖുർആൻ ആദ്യമായി പഠിപ്പിക്കുന്നതും പ്രചരിപ്പിക്കുന്നതും യാതൊരു മതവുമില്ലാത്ത അറബികളുടെയും, മതത്തിൽ അട്ടിമറി നടത്തി അനാചാരങ്ങൾ കുത്തിനിറച്ച – ആരാധനാ ഭ്രാന്തന്മാർ എന്ന് ഖുർആൻ അധിക്ഷേപിച്ച-അറേബ്യൻ ജൂതന്മാക്കിടയിലേയ്ക്കുമാണല്ലോ.... സ്വർണ്ണം, പട്ട് തുടങ്ങിയ അലങ്കാര വസ്തുക്കൾ ഹറാമാണെന്ന് വിശ്വസിക്കുന്ന ജൂതന്മാരും യഥാസ്ഥിക കൃസ്ത്യാനികളും അക്കാലത്ത് ധാരാളമുണ്ടായിരുന്നു. ഇന്നും സ്വർണ്ണം ഹറാമാണെന്ന് വിശ്വസിക്കുന്ന ജൂത-കൃസ്ത്യൻ സ്ത്രീകൾ വരെയുണ്ട്. (സ്വർണ്ണം ഉപയോഗിക്കാത്ത ജൂത-കൃസ്ത്യൻ സ്ത്രീകൾ വരെയുണ്ട്). സ്വർണ്ണം ഹറാമാണെന്ന് മത നിയമമുണ്ടാക്കി തൗറാത്തിൽ കൈകടത്തിയ ആ ജൂതന്മാരെയാണ് ഖുർആൻ അധിഃക്ഷേപിച്ചത്. **അഥവാ സ്വർണ്ണം വെള്ളി, പട്ട് തുടങ്ങിയ അലങ്കാര വസ്തുക്കൾ ഹറാമാണെന്ന് ഒരു അല്ലാഹുവും പറഞ്ഞിട്ടില്ലെന്നും അങ്ങിനെ പറയലാണ് അല്ലാഹു ഹറാമാക്കിയിട്ടുള്ളതെന്നും പഠിപ്പിക്കുകയാണ് സൂറത്തുൽഅഅ്റാഫിൽ (അദ്ധ്യായം അൽഅഅ്റാഫ് 7: 31ൽ) അല്ലാഹു ചെയ്തത്.** ഖുർആനിലെ ആ പ്രസക്ത ഭാഗം വിശദമായി ശ്രദ്ധിക്കുക. (7:31, 32, 33 എന്നീ വചനങ്ങൾ ശ്രദ്ധിക്കുക.) 'ഖുൽമൻഹർറമ സീനത്തല്ലാഹി...'എന്നു തുടങ്ങുന്ന ആ ഭാഗം ശ്രദ്ധിക്കുക.



'ആദം സന്തതികളെ.... എല്ലാ ആരാധനാലയങ്ങളിലും അഥവാ എല്ലാ ആരാധനാ വേളകളിലും നിങ്ങൾ അലങ്കാരമുള്ള വസ്ത്രം ധരിച്ചുകൊള്ളുക. നിങ്ങൾ നല്ല ആഹാര പദാർത്ഥങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. എന്നാൽ നിങ്ങൾ ദുർവ്യയം ചെയ്യരുത്. ദുർവ്യയം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയേ ഇല്ല. (നബിയെ താങ്കൾ) പറയുക. അല്ലാഹു അവന്റെ ദാസൻമാർക്കുവേണ്ടി ഈ (പ്രപഞ്ചത്തിൽ നിന്നും) ഉൽപാദിപ്പിച്ചുകൊണ്ടുവന്നിട്ടുള്ള അലങ്കാര വസ്തുക്കളും വിശിഷ്ടമായ ആഹാര പദാർത്ഥങ്ങളും നിഷിദ്ധമാക്കിയത് ആരാണ്, പറയുക. അവ ഈ ഐഹിക ജീവിതത്തിൽ സത്യവിശ്വാസികൾക്ക് അവകാശപ്പെട്ടതാണ്. ഉയർത്തെഴുന്നേൽപ്പിന്റെ നാളിൽ അവർക്ക് മാത്രമുള്ളതുമാണ്. മനസ്സിലാക്കുന്നവർക്ക് വേണ്ടി അപ്രകാരം നാം ഖുർആനിലൂടെ തെളിവുകൾ വിശദീകരിക്കുന്നു.

(നബിയെ) പറയുക. രഹസ്യവും പരസ്യവുമായ എല്ലാ നീചവൃത്തികളും കുറ്റകരമാണെന്ന് ബോധ്യപ്പെട്ട എല്ലാ കാര്യങ്ങളും അന്യായമായ എല്ലാവിധ കൈകടത്തലുകളും അല്ലാഹുവിനോട് മറ്റൊന്നിനെ പങ്കുചേർക്കലും അല്ലാഹുവുന്റെ പേരിൽ അല്ലാഹുവിന്റെ മതത്തിൽ നിങ്ങൾക്ക് ഉറപ്പില്ലാത്ത എന്തൊരു കാര്യവും പറഞ്ഞുണ്ടാക്കലുമാണ് (അടിസ്ഥാന പരമായി അല്ലാഹു ഹറാമാക്കിയത്.) 7: 31, 32, 33. അൽ അഅ്റാഫ്.

അല്ലാഹുവിന്റെ പേരിൽ – ദൈവത്തിന്റെ പേരിൽ – വിശ്വാസയോഗ്യമായ യാതൊരു തെളിവുമില്ലാതെ മത നിയമങ്ങൾ കെട്ടിയുണ്ടാക്കൽ

ശിർക്ക് പോലെതന്നെ ഒരു മഹാ അപരാധമാണെന്ന് അർത്ഥശങ്കക്കി ടയില്ലാത്ത വിധം വ്യക്തമാക്കുകയാണ് മേൽസൂക്തത്തിൽ അല്ലാഹു ചെയ്തിരിക്കുന്നത്. നല്ല നല്ല ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗിക്കലും സ്വർണ്ണം വെള്ളി, പട്ടുകൾ തുടങ്ങിയ അലങ്കാര വസ്തുക്കൾ ഉപയോ ഗിക്കലും മതത്തിലെ ശാഖപരമായ ഒരു കാര്യമാണെന്ന് (സുന്നത്താ ണെന്ന്) സമ്മതിക്കാത്തവർ സുന്നികൾക്കിടയിൽ പോലും ഉണ്ടാകു മെന്ന് തോന്നുന്നില്ല. അപ്പോൾ സ്വർണ്ണം, വെള്ളി തുടങ്ങിയ അലങ്കാര വസ്തുക്കൾ അല്ലാഹു ഹറാമാക്കിയിട്ടില്ല എന്നും എന്നാൽ യാതൊരു തെളിവുമില്ലാതെ 'അല്ലാഹുവും റസൂലും അതൊക്കെ ഹറാമാക്കിയിരി ക്കുന്നു' എന്നു കള്ള ഹദീസുണ്ടാക്കി - അത് മതനിയമമാക്കി - പ്രച രിപ്പിക്കലാണ് അല്ലാഹു ഹറാമാക്കിയത് എന്നും വ്യക്തമാക്കുകയാണ് മേൽസൂക്തത്തിൽ അല്ലാഹു ചെയ്തീട്ടുള്ളത്. മറ്റൊരു വിധത്തിൽ പറ ഞ്ഞാൽ ഖുർആനിലൂടെ അല്ലാഹു ഹറാമാക്കാത്ത സ്വർണ്ണം, വെള്ളി തുടങ്ങിയ അലങ്കാര വസ്തുക്കൾ മുസ്ലീംകൾക്ക് ഹറാമാണെന്ന് പറ യൽ ശിർക്ക് പോലെത്തന്നെ ഒരു വൻ കുറ്റമാണെന്ന് ഖുർആൻ വ്യക്ത മാക്കി എന്ന് സമർത്ഥിക്കുകയാണ് മേൽസൂക്തം കൊണ്ട് മൗലവി ചേക ന്നൂർ ചെയ്തത്.

സ്വന്തം വീട്ടിലേയ്ക്ക് കയറുമ്പോൾ മുൻ വാതിലൂടെ തന്നെ കടക്ക ണം. 'തല ചുറ്റി മൂക്ക് പിടിക്കരുത്', അഥവാ കാര്യങ്ങൾ വളച്ചൊടിച്ച് പറഞ്ഞ് പ്രശ്നങ്ങളും പ്രയാസങ്ങളും ഉണ്ടാക്കരുത്. നാം മറ്റൊരുളുടെ മുറിയിലേയ്ക്ക് കടക്കുമ്പോൾ ഒരു നല്ല മര്യാദയും സംസ്കാരവും എന്ന നിലയ്ക്ക് അവരോട് സലാം പറയണം, അല്ലെങ്കിൽ കതികിൽ മുട്ടി നമ്മുടെ സാന്നിദ്ധ്യം അറിയിക്കുകയും അവരുടെ സമ്മതം ചോദിക്കു കയും ചെയ്യണം എന്നൊക്കെ ഖുർആൻ പഠിപ്പിക്കുന്നു. അതേ പോലെ



മാതാപിതാക്കളോട് സംസാരിക്കുമ്പോൾ അവരെ വെറുപ്പിക്കരുതെന്നും അവരോട് കയർക്കരുതെന്നും അവരോടുള്ള സംസാരത്തിൽ 'ച്ഛെ' എന്നു പോലും പറയരുതെന്നും ഖുർആൻ പഠിപ്പിക്കുന്നു. വളരെ നിസ്സാരമായി നമുക്ക് തോന്നാവുന്ന പ്രാഥമിക മര്യാദകൾ പോലും വിട്ടുപോകാതെ ഖുർആൻ പഠിപ്പിക്കുന്നുണ്ട് എന്ന് സാരം. മറ്റൊരു വിധത്തിൽ പറ ഞ്ഞാൽ മതപരമായ കാര്യങ്ങൾ ഖുർആനിലുടെ വിവരിച്ചുതരുന്നതിൽ അല്ലാഹുവോ റസൂലോ യാതൊരു വീഴ്ചയും വരുത്തിയിട്ടില്ല എന്ന ഖുർആനിന്റെ ആവർത്തിച്ചുള്ള പ്രഖ്യാപനം 100 ശതമാനം ശരിയാ ണെന്ന് സാരം. ഖുർആനിലൂടെ അല്ലാഹു ഹലാലാക്കിയ - അനുവദി ച്ചുതന്ന- അലങ്കാര വസ്തുക്കൾ യാതൊരു പ്രമാണവുമില്ലാതെ കള്ള ഹദീസുണ്ടാക്കി ഹറമാമാണെന്നു പറയൽ ശിർക്ക് ചെയ്യുന്നതുപോലെ കൊടിയ പാപമാണെന്ന്- ഒരു വൻ കുറ്റമാണെന്ന്- ഖുർആൻ അസന്നി ഗ്ദമായി പ്രഖ്യാപിച്ചു എന്ന് സാരം. അതുപോലെ **ഖുർആനിൽ ഇല്ലാ ത്തതും നബിതിരുമേനി പഠിപ്പിച്ചിട്ടില്ലാത്തതുമായ സുന്നത്തു നമ സ്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, സുന്നത്ത് ഹജ്ജുകൾ, താടി, തൊപ്പി, ഖുർആനിൽ പറഞ്ഞിട്ടില്ലാത്തതും നബിതിരുമേനി പഠിപ്പി ച്ചിട്ടില്ലാത്തതും മുആവിയയും അബൂഹുറൈറയും ഇരുപത് വർഷംകൊണ്ട് പടുത്തുയർത്തിയതുമായ 30 തെറ്റുകളുള്ള 5 നേരനമ സ്കാരം, 10 തെറ്റുകളുള്ള ഖുർആൻ വിരുദ്ധവും നബി തിരുമേനി കേട്ടിട്ടുപോലുമില്ലാത്തതുമായ സുന്നി-ശിയ ബാങ്കുവിളി, ഖുർആനോ നബിയോ പഠിപ്പിക്കാത്ത ചേലാകർമ്മം എന്ന അക്രമം, ഹജ്ജിലെ കല്ലേറ്, ഹജ്ജിലെ കല്ലുപെറുക്കലും കല്ല് ചുംബിക്കലും, ഖുർആനോ മുഹമ്മദ് നബിയോ പഠിപ്പിക്കാത്ത ആമീൻ പറയൽ, നമസ്കാരാന ന്തരമുള്ള കൂട്ട പ്രാർത്ഥന എന്നിവ കള്ള ഹദീസുകളുടെ അടിസ്ഥാ**

**നത്തിൽ ഇസ്ലാം മതമായി പ്രചരിപ്പിക്കലും അതനുഷ്ഠിക്കലും ഖുർ ആനിക ദൃഷ്ട്യാ ഏറ്റവും വലിയ ശിർക്കാണ് എന്ന് സാരം. ഏതൊരു മുസ്ലീനെയും അമ്പരിപ്പിക്കുന്നതും അത്ഭുതപ്പെടുത്താൻ പോന്നതു മായ വിപ്ലവാത്മകമായ ഒരു ഖുർആനിക സിദ്ധാന്തമാണ് 'അബൂഹുറൈറയുടെ തനിനിറം' എന്ന ഗ്രന്ഥത്തിൽ മൗലവി ചേക ന്നൂർ സമർത്ഥിച്ചത്.**

മതമില്ലാത്ത ശാസ്ത്രം മുടന്തനും ശാസ്ത്രമില്ലാത്ത മതം അന്ധ വുമാണെന്ന് ഐൻസ്റ്റീൻ ഒരിക്കൽ പറയുകയുണ്ടായി. ശാസ്ത്രത്തിന്റെ ഭാഗത്ത് നിന്ന് നോക്കിയാൽ മുടന്തന്മാരും മതത്തിന്റെ ഭാഗത്തുനിന്നു നോക്കിയാൽ അന്ധന്മാരുമാണ് ഈ ചേലാകർമ്മവാദികൾ എന്ന് നമുക്ക് മനസ്സിലാകും. ചേലാ കർമ്മം ചെയ്യുന്ന മുസ്ലീം പുരുഷന്മാർക്കും സ്ത്രീകൾക്കും ഗുഹ്യസ്ഥാനങ്ങളിലും ഗർഭാശയങ്ങളിലും വരുന്ന ക്യാൻസർ പോലുള്ള മഹാവ്യാധികൾ കുറവാണെന്ന് ചിലർ അഭിപ്രാ യപ്പെടുന്നു. അതൊരു സത്യവുമാണ്. ചേലാ കർമ്മം ചെയ്യുന്ന ജൂത പുരഷന്മാരിൽ ലിംഗാഗ്രചർമ്മത്തിൽ വരുന്ന ക്യാൻസർ ഒരു ശതമാനം പോലും കാണുന്നില്ല എന്ന് സാരം. എന്നാൽ ആ അവയവം വൃത്തിയിൽ കൊണ്ടു നടക്കുന്ന മറ്റു മതക്കാർക്കിടയിലും ലിംഗത്തിനും ഗർഭാശയ ത്തിനുമൊക്കെയുള്ള ക്യാൻസർ കാണുന്നില്ല എന്നറിയുക. അപ്പോൾ വൃത്തിയോടെ നടക്കുക എന്നതാണ് കാര്യം. വൃത്തിയുള്ളവരെയും പ്രായ ശ്ചിത്തം ചെയ്യുന്നവരേയും ദൈവം ഇഷ്ടപ്പെടുന്നു എന്ന ഖുർആൻ വചനം ശ്രദ്ധിക്കുക(2:222). ദിവസം 5 നേരവും 8 നേരവുമൊക്കെ മൂത്രി ക്കുകയും അതുകഴിഞ്ഞാൽ വെള്ളം കൊണ്ടു കഴുകണം എന്ന് നിർബ ന്ധമുള്ളവരുമാണ് മുസ്ലീംകൾ. അപ്പോൾ ലിംഗം വൃത്തിയാവാതിരിക്കുക എന്ന അവസ്ഥ വരാൻ മുസ്ലീം പുരുഷന്മാർക്ക് യാതൊരു സാധ്യതയും കാണുന്നില്ല. പിന്നെ 10 ലക്ഷത്തിൽ ഒരു അമുസ്ലീമിന് അവൻ കുളി



ക്കാതെ, വൃത്തിയാക്കാതെ, കുത്തഴിഞ്ഞു നടന്നു എന്നതിന്റെ പേരിൽ അവന്റെ ലിംഗത്തിന് ക്യാൻസർ വന്നു എന്നുപറഞ്ഞ് അല്ലെങ്കിൽ വരാൻ സാധ്യതയുണ്ട് എന്നു പറഞ്ഞ് മുസ്ലീംകൾ എല്ലാവരും ചേലാകർമ്മത്തെ പ്രോത്സാഹിപ്പിക്കുന്നത് അപഹാസ്യമാണ്. പ്രത്യേകിച്ചും ഖുർആനും നബിയും പഠിപ്പിക്കാത്ത ഒരനാചാരത്തിന്റെ പേരിൽ...! എലിയെ പേടിച്ച് ഇല്ലം ചുടുന്നതുപോലെയാണത്. വൃത്തിയില്ലാതെ-വ്യഭിചാരവും കള്ളു കുടിയുമായി കുത്തഴിഞ്ഞു ജീവിക്കുന്നവർക്ക് ചേലാകർമ്മം ചെയ്താലും -മുസ്ലീമായാലും- അത്തരം മാറാവ്യാധികളും ലൈംഗിക രോഗങ്ങളും ക്യാൻസറുമൊക്കെ വരും. **ചേലാകർമ്മത്തിലെ ശാസ്ത്രവും പാടി നടന്ന് സുന്നികളെയും മുജാഹിദുകളെയും ജമാഅ ത്തുകളെയും പറ്റിക്കുന്ന ഡോക്ടർമാർ ഇതോർക്കുന്നത് നല്ലതാണ്. അതിനാൽ അല്ലാഹു നൽകിയ ഏറ്റവും ഉൽകൃഷ്ടമായ ശരീര ത്തിലെ, ഏറ്റവും പ്രധാനപ്പെട്ട ഒരവയവത്തിന്റെ - ലിംഗത്തിന്റെ - അഗ്രം ഛേദിച്ചുകൊണ്ടല്ല നാം ഭക്തി കാണിക്കേണ്ടത്. ഇനി ജനി ക്കാൻ പോകുന്ന നമ്മുടെ കുട്ടികളോടെങ്കിലും നാം ആ ക്രൂരകൃത്യം കാട്ടാതിരിക്കുക.**

മാത്രമല്ല, സ്ത്രീക്കും പുരുഷനും ഒരുപോലെ സ്പർശന സുഖം നൽകുന്ന കാമോദ്ദീപകമായ (Highly Erogenous) ഒരു ഭാഗമാണ് ആ തൊലിയെന്ന് ഒരു പാട് ഡോക്ടർമാരും ലൈംഗിക ശാസ്ത്രവിദ്ധഗരും അഭിപ്രായപ്പെടുന്നു. ജീവിതത്തിൽ ഒരിക്കലും ബിരിയാണി തിന്നാത്ത വനോട് ബിരിയാണിയുടെ രസം പറഞ്ഞിട്ട് കാര്യമില്ലല്ലോ... !

നമ്മുടെ ശരീരത്തിൽ കുടലുമായി ബന്ധപ്പെട്ട് അപ്പന്റിക്സ് എന്നൊരു ഭാഗമുണ്ട്. അതിന് ചിലപ്പോൾ അണുബാധയും വീക്കവും ഒക്കെ ഉണ്ടായാൽ 'അപ്പൻഡിസൈറ്റിസ്' എന്ന രോഗത്തിന് കാരണമാ കുന്നു. ഈ രോഗം മൂർച്ഛിച്ചാൽ അതി കഠിനമായ വയറുവേദനയും പനിയും തുടർന്ന് മരണവും സംഭവിക്കാം. അത്തരം ഘട്ടങ്ങളിൽ അടി

യന്തിര ശാസ്ത്രക്രിയ വഴി അപ്പൻഡിക്സ് എന്ന ഭാഗം നീക്കി കളയാറുണ്ട്. പതിനായിരത്തിൽ അല്ലെങ്കിൽ ഒരു ലക്ഷത്തിൽ ഒരാൾക്ക് ഇങ്ങനെ 'അപ്പൻഡിസൈറ്റിസും' വേദനയും മരണവും സംഭവിക്കാം എന്നതുകൊണ്ട് എല്ലാവരും ചെന്ന് 'അപ്പൻഡിസെക്റ്റമി' എന്ന ഓപ്പറേഷൻ മുഖേന 'അപ്പൻഡിക്സ്' എടുത്തുകളയാറില്ല. ആവശ്യമായ ഘട്ടങ്ങളിൽ ഉചിതമായ ചികിത്സ നൽകാം എന്നുമാത്രം. കുടലുമായി ബന്ധപ്പെട്ടുകാണുന്ന ആ അപ്പൻഡിക്സ് എന്ന ഭാഗം ഒരനാവശ്യമാണെന്ന് ആദ്യകാലങ്ങളിൽ ഡോക്ടർമാർ പറഞ്ഞിരുന്നു. എന്നാൽ മനുഷ്യന്റെ രോഗപ്രതിരോധ ശക്തിയിൽ അതിന് അപ്രധാനമല്ലാത്ത ഒരു പങ്കുണ്ടെന്ന് ഇപ്പോൾ പറയപ്പെടുന്നു.

'ഇന്നലെ ചെയ്തോരബദ്ധം-
മൂഢർക്കിന്നത്തെയാചാരമാവാം-
നാളത്തെ ശാസ്ത്രമതാവാം-

അതിൽ മൂളായ്കസമ്മതം............' അതേപോലെ ലക്ഷത്തിൽ അല്ലെങ്കിൽ 10 ലക്ഷത്തിൽ ഒരാൾക്ക് കുളിക്കാതെ, വൃത്തിയില്ലാതെ വ്യഭിചാരവും, കള്ളുകുടിയും പ്രകൃതി വിരുദ്ധ നടപടികളുമായി നടന്ന് ലിംഗത്തിനും ഗർഭപാത്രത്തിനും യോനീ നാളത്തിനും മറ്റും ക്യാൻസർ വന്നു എന്ന് പറഞ്ഞ് പേടിപ്പിച്ച് മുസ്‌ലീം പുരുഷന്മാരെ മുഴുവൻ അഡ്വാൻസായി ചേലാകർമ്മം നടത്തി അപൂർണ്ണരാക്കുന്നത് ഖുർആൻവിരുദ്ധവും ഇസ്ലാം വിരുദ്ധവും മനുഷ്യത്വരഹിതവും - മിതമായ ഭാഷയിൽ പറഞ്ഞാൽ-തികഞ്ഞ തെമ്മാടിത്തവുമാണ്. **നമ്മുടെയൊക്കെ ലിംഗാഗ്ര ചർമ്മവും കൊണ്ട് 'അബൂഹുറൈറകൾ' പോയി. നമ്മുടെ കുട്ടികളെങ്കിലും ആ ക്രൂരകൃത്യത്തിൽ നിന്ന് രക്ഷപ്പെടട്ടെ. നബിയോ മക്കം ഫത്തഹിൽ കൂട്ടം കൂട്ടമായി ഇസ്ലാമിലേയ്ക്ക് വന്ന പുതുവിശ്വാസികളോ 4 ഖലീഫമാരോ നബിയുടെ പേരക്കുട്ടികളായിരുന്ന ഹസൻ, ഹുസ്സൈൻ എന്നിവരോ ആ ചേലാകർമ്മം ഒരു**



**മതാചാരം എന്ന നിലയ്ക്ക് ചെയ്തതിന് യാതൊരു തെളിവുമില്ല. എന്നിരിക്കെ ഇസ്ലാം മതത്തിൽ ചേരുമ്പോഴേയ്ക്കും പിഞ്ചുകുട്ടികൾ ജനിച്ചു വീഴുമ്പോഴേയ്ക്കും അവരുടെ ലിംഗാഗ്രചർമ്മം അറുത്തുമാറ്റുന്നത് ക്രൂരതയല്ലേ...?** മൂത്രതടസ്സം, നിരന്തരമായ അണുബാധ തുടങ്ങിയ ഘട്ടങ്ങളിൽ ആ തൊലി അൽപ്പം കീറിമുറിക്കുകയോ ചേലാകർമ്മം ചെയ്യുകയോ ചെയ്യാം. ഒരു ചികിത്സയുടെ ഭാഗം എന്ന നിലയ്ക്ക് ഖുർആനിക ദൃഷ്ട്യാ അത് തെറ്റുമല്ല. ഹിന്ദു സഹോദരന്മാരും കൃസ്ത്യൻ സഹോദരന്മാരും ഒരു ചികിത്സ എന്ന നിലയ്ക്ക് ആവശ്യമായ ഘട്ടങ്ങളിൽ ചേലാകർമ്മം ചെയ്യാറുണ്ട്. **ഖുർആനിന്റെ അടിസ്ഥാനത്തിൽ അക്ഷരാഭ്യാസമാണ് ഒന്നാമത്തെ ഇസ്ലാം കാര്യം. അല്ലാതെ ലിംഗം മുറിച്ച് വികലാംഗനാക്കലല്ല.** വിദ്യാഭ്യാസമില്ലാത്ത വിവരദോഷികളോട് തർക്കിച്ചു സമയം കളയാതെ അവരോട് 'സലാം' എന്ന് പറഞ്ഞ് ഒഴിഞ്ഞു മാറിപ്പോരാനാണ് ഖുർആൻ പഠിപ്പിക്കുന്നത്. മുസ്ലീമാകാനുള്ള ആദ്യത്തെ യോഗ്യത അക്ഷരഭ്യാസമാണ് അല്ലാതെ ലിംഗം മുറിച്ച് വികലാംഗനാക്കലല്ല..!!

**അതേസമയം ഖുർആനിലില്ലാത്ത ഒരു നടപടിക്രമം ഇസ്ലാമിന്റെ പേരിൽ ചെയ്യുന്നത്, ഒരു വൻകുറ്റവും ശിർക്കിനോടടുത്ത പാപവുമാണ്. ഖുർആനും നബിയും പഠിപ്പിച്ച ഒരു അടിസ്ഥാന സിദ്ധാന്തവുമാണത്. ഇസ്ലാമികം എന്ന് പറഞ്ഞ് നാം എന്ത് ചെയ്യുമ്പോഴും അതു ഖുർആനിൽ കാണണം. അതുകൊണ്ട് ഖുർആനോ നബിയോ പഠിപ്പിക്കാത്ത 5 നേരത്തെ പള്ളിയിൽപോയുള്ള സംഘടിത നമസ്കാരം, മുപ്പത് തെറ്റുകളുള്ള അഞ്ചുനേര നമസ്കാരം നബി കേട്ടിട്ടില്ലാത്തതും ഖുർആനിന് ഘടകവിരുദ്ധവുമായ 7 തെറ്റുകളുള്ള ഒരു ബാങ്കുവിളി, സുന്നത്ത് നമസ്കാരങ്ങൾ, സുന്നത്ത് നോമ്പുകൾ, സുന്നത്ത് ഹജ്ജുകൾ, ഹജ്ജിലെ കല്ലേറ്, ഹജ്ജിലെ കല്ലുചുംബിക്കൽ, ഖുർആൻ യാതൊരു പ്രാധാന്യവും പുണ്യവും നൽകാത്ത 'സംസം**

വെള്ളം' വിറ്റുകാശാക്കൽ, നമസ്കാരത്തിലെ അത്തഹിയ്യാത്ത് ഓതൽ, ഖുർആനിൽ ഇല്ലാത്തതും നബി ഒരിക്കൽ പോലും ഒരു പ്രാർത്ഥനാമൊഴിയായി പഠിപ്പിച്ചിട്ടില്ലാത്തതുമായ ആമീൻ പറയൽ നമസ്കാരാനന്തരമുള്ള കൂട്ട പ്രാർത്ഥന, ഖബർ പൂജ, അറേബ്യൻ ജൂതപാരമ്പര്യമായ ചേലാകർമ്മം തുടങ്ങിയ അനാചാരങ്ങൾ ഇസ്ലാമികമെന്ന് പറഞ്ഞ് നില നിർത്താൻ വിശുദ്ധ ഖുർആനെയും നബിയെയും സ്നേഹിക്കുന്ന യഥാർത്ഥ മുസ്ലീംകൾക്ക് പാടുള്ളതല്ല. അല്ലാഹു നമുക്ക് നല്ല ബുദ്ധി നൽകട്ടെ...

അല്ലാഹുമ്മ്ർഹം.....

സർവ്വലോക രക്ഷിതാവായ അല്ലാഹുവിന്നർഹതപ്പെട്ടതാകുന്നു സർവ്വസ്തുതിയും....



മൂത്രതടസ്സം, മൂത്രാശയ ഭാഗങ്ങളിലെ നിരന്തരമായ അണുബാധ (UTI-Urinary tract Infections), ലിംഗാർബുധം (Cancer of the Penis) ലൈഗിംക രോഗങ്ങൾ, Ballooning of the foreskin, Phimosis തുടങ്ങി ചേലാകർമ്മം മൂലം ഇല്ലാതാകുന്ന രോഗങ്ങളായി, ഡോക്ടർമാരും, മൗലവിമാരും അവകാശപ്പെടുന്ന രോഗങ്ങൾ, ലിംഗം വൃത്തിയിൽ കൊണ്ട് നടക്കുന്നതോടെ (ദിവസവും 3-4 തവണ കഴുകുന്നതോടെയും-സദാചാര ജീവിതം നയിക്കുന്നതിലൂടെയും) ചേലാകർമ്മം ചെയ്യാതെതന്നെ പൂർണ്ണമായി ഇല്ലാതാക്കാൻ കഴിയും എന്നു ചേലാകർമ്മത്തിനെതിരെ പ്രതികരിക്കുന്ന ഡോക്ടർമാർ അഭിപ്രായപ്പെടുന്നു.......! വൃത്തിയിൽ നടക്കുക എന്നതാണു കാര്യം വൃത്തിയുള്ളവരെയും പശ്ചാത്തപിക്കുന്നവരേയും ദൈവം ഇഷ്ടപ്പെടുന്നു എന്ന ഖുർആൻ വചനം (2:222) ശ്രദ്ധിക്കുക.




നിങ്ങളും
NO എന്നു പറയൂ...

www.nocirc.com

## The End of Circumcision in America

**Doctors Opposing Circumcision (D.O.C)**
**2442 NW Market St., Suite 42**
**Seattle, Washington 98107-4137**
**U.S.A.**

**George C. Denniston M.D., M.P.H.**
**President**

*“Having to justify the Foreskin is like having to justify breast feeding!”*

## Doctors Opposing Circumcision (D.O.C)

**1727-14th Ave., Suite 18**
***Seattle, Washington 98122***

**Tel:225-383-8067 / Fax 225-381-8200**
***E-mail: inconbuster@earthlinknet***

*“Fear, pain,crippling, disfigurement and humiliation are the classic ways to break the human spirit. Circumcision includes them all.”*

**വേദനിപ്പിക്കുക, ഭയപ്പെടുത്തുക, മുടന്തനോ അശക്തനോ ആക്കുക, അംഗവൈകല്യം വരുത്തുക, വികൃതമാക്കുക, അവമാനിച്ച് അടിച്ചിരുത്തുക തുടങ്ങിയ മാർഗ്ഗങ്ങൾ പണ്ടുമുതലേ മനുഷ്യചേതനയെ-മനുഷ്യന്റെ ഇച്ഛാശക്തിയെ തകർക്കാനോ കുറക്കാനോ ഉപയോഗിച്ചിരുന്ന മാർഗ്ഗങ്ങളാണ്. ചേലാകർമ്മത്തിൽ ഇതെല്ലാം അടങ്ങിയിരിക്കുന്നുവെന്ന് ചേലാകർമ്മത്തിനെതിരെ പ്രതികരിക്കുന്ന ഡോക്ടർമാർ അഭിപ്രായപ്പെടുന്നു.**

# മരണമില്ലാത്ത മൗലവി ചേകന്നൂർ

## ചേകന്നൂർ മൗലവിയുടെ ഖുർ ആനിക ദർശനങ്ങൾ.....

ആധുനിക ഇസ്ലാംമതത്തെ - അഹ്‌ലുസ്സുന്നത്ത്‌വൽ ജമാ അത്ത് എന്ന ഖുർആൻ വിരുദ്ധ ഹദീസ് സംഘടനയെ - പൂർണ്ണ മായും ഖുർആൻ കൊണ്ട് തിരുത്തിയെഴുതിയ ചേകന്നൂർ മൗല വിയുടെ ചരിത്രം സൃഷ്ടിച്ച ഗ്രന്ഥങ്ങളുടെ ഒരു തനിയാവർത്ത നം...!

- **പത്തുദിവസം നീണ്ടുനിൽക്കുന്ന പ്രഭാഷണ പരമ്പര...**
- **50 മണിക്കൂർ നീണ്ടുനിൽക്കുന്ന മുപ്പതു ഓഡിയോ, വീഡിയോ കാസറ്റുകളുടെ സമാഹാരം....!**

## 'ഇസ്ലാമിലേക്കുള്ള പാത'

ഇസ്ലാംമതത്തെ-വിശുദ്ധ ഖുർആനിനെ-ചേകന്നൂർ മൗലിയെ - കണ്ടും കേട്ടും മനസ്സിലാക്കാൻ ഒരു സുവർണ്ണാവസരം.

***തയ്യാറാക്കിയത് (COLLECTED EDITED AND PRESENTED BY)***
***ഡോ. അബ്ദുൾ ജലീൽ പുറ്റെക്കാട്***

### ഒന്നാം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത' - ഒന്നാം ഭാഗം

- ഏക ദൈവവിശ്വാസം (തൌഹീദ്) എന്നാൽ എന്ത് ?
- ദൈവവിശ്വാസത്തിന്റെ മഹത്വവും ദൈവനിഷേധത്തിന്റെ പാപ്പരത്തവും...!
- തൌഹീദിന്റെ മഹത്വവും ശിർക്കിന്റെ പാപ്പരത്തവും
- തൌഹീദ് ഖുർ ആനിക വീക്ഷണത്തിൽ...!



- ഏകദൈവ വിശ്വാസം (തൗഹീദ്) എല്ലാ നല്ല മാനുഷിക ഗുണങ്ങളുടെയും-(സ്നേഹം, കരുണ, വിനയം, ഉത്തരവാദി ത്വബോധം, കർമ്മോത്സുകത (നിഷ്കാമ കർമ്മം) സഹകര ണം, മിതവ്യയം, ശുഭാപ്തി വിശ്വാസം എന്നിങ്ങനെ) എല്ലാ നല്ല മാനുഷിക ഗുണങ്ങളുടെയും-ആരംഭമാണെന്ന് വിശുദ്ധ ഖുർആൻ.
- ദൈവനിഷേധം (ശിർക്ക്) എല്ലാ പൈശാചിക ഗുണങ്ങളു ടെയും (ക്രൂരത, അലസത, ക്രോധം, അഹങ്കാരം, സ്വാർത്ഥ ത, ദുർവ്യയം, ദോഷൈക ദൃഷ്ടിത്വം. (Pessimism) - ലോകം മുഴുവൻ തിന്മയാണെന്നുള്ള വിശ്വാസം - ഒന്നും ശരിയാ വില്ല എന്ന സിദ്ധാന്തം) എന്നിങ്ങനെ എല്ലാ പൈശാചിക ഗുണങ്ങളുടെയും ഉറവിടമാണെന്ന് വിശുദ്ധ ഖുർആൻ.
- ആരാധനകളുടെ ബാഹ്യരൂപത്തിൽ വ്യത്യാസമുണ്ടെങ്കിലും എല്ലാ ദൈവിക മതങ്ങളും - ഹിന്ദു ധർമ്മവും, ജൂതമത വും, ക്രിസ്തുമതവും, ഇസ്ലാം മതവും - 'ഇസ്ലാംദീൻ' എന്ന ശാന്തി മാർഗ്ഗം തന്നെയാണെന്ന് വിശുദ്ധ ഖുർആൻ...!

### രണ്ടാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത' - രണ്ടാം ഭാഗം

- ചേകന്നൂർ മൗലവിയെ പരിചയപ്പെടുക...
- എന്തായിരുന്നു ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശ നങ്ങൾ...!
- ചേകന്നൂർ മൗലവി സ്ഥാപിച്ച 'ഖുർആൻ സുന്നത്തു പ്രസ്ഥാന'ത്തെ പരിചയപ്പെടുക....!

### മൂന്നാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത' - മൂന്നാം ഭാഗം

- ഖുർആൻ വിരുദ്ധ ബാങ്കും ജമാഅത്തും... ( മൂതൂർ അബൂ ബക്കർ മൗലവി)
- ഖുർആൻ പഠിപ്പിക്കാത്ത - നബിതിരുമേനി കേട്ടിട്ടില്ലാത്ത - സുന്നി - ഷിയാ ബാങ്കിലെ പത്തുതെറ്റുകൾ.....!
- സുന്നികൾക്കും ഷിയാക്കൾക്കും രണ്ടുതരം ബാങ്കുണ്ടാ യതെങ്ങിനെ?
- ബാങ്കുണ്ടായതിന്റെ ചരിത്ര പശ്ചാത്തലം

- നബിയുടെ ബാങ്കുവിളി (ബിലാലിന്റെ ബാങ്കുവിളി) എങ്ങിനെയായിരുന്നു....?

**നാലാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത' - നാലാം ഭാഗം**

- സുന്നി - ഷിയാ നമസ്കാരങ്ങളിലെ ഖുർആൻ വിരുദ്ധമായ മുപ്പതുതെറ്റുകൾ....! (മൂതൂർ അബൂബക്കർ മൗലവി)
- സുന്നികൾക്കും ഷിയാക്കൾക്കും രണ്ടുതരം നമസ്കാരരീതിയുണ്ടായതെങ്ങിനെ...?
- നബിയുടെ നമസ്കാരം എങ്ങിനെയായിരുന്നു....?
- അല്ലാഹുവിന്റെ തസ്ബീഹും അബൂഹുറൈറയുടെ അത്തഹിയ്യാത്തും....!!

**അഞ്ചാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത' - അഞ്ചാം ഭാഗം**

- ഖുർആനിലെ നമസ്കാര സമയങ്ങൾ...
- നബിതിരുമേനിയുടെ നമസ്കാര സമയം...!
- ഖുർആനിൽ നമസ്കാരം മൂന്നുമാത്രം.....!!
- സുന്നികൾക്കും - ഷിയാക്കൾക്കും രണ്ടുതരം നമസ്കാര രൂപവും നമസ്കാരസമയവും ഉണ്ടായതെങ്ങിനെ... ?

**ആറാം ദിവസം - 'ഇസ്ലാമിലേക്കുള്ള പാത'- ആറാം ഭാഗം**

- ഇസ്ലാമിൽ പ്രമാണം ഖുർആൻമാത്രം....! (മജീദ് സുല്ലമി ഉഗ്രപുരം)
- മതവിഷയങ്ങളിൽ ഖുർആൻ അല്ലാത്ത ഒറ്റ ഹദീസു ഗ്രന്ഥങ്ങളും പ്രമാണമാക്കാൻ പാടില്ലെന്ന് വിശുദ്ധ ഖുർആൻ....!
- എല്ലാഹദീസുഗ്രന്ഥങ്ങളും ഖുർആൻ വിരുദ്ധം...!!!

**എഴാം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത' - ഏഴാം ഭാഗം**

- ഖുർആനും ഹദീസും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ....! (മജീദ് സുല്ലമി ഉഗ്രപുരം)
- ഹദീസുഗ്രന്ഥങ്ങളിലെ ഖുർആൻ വിരുദ്ധ കള്ള ഹദീസുകളെക്കുറിച്ച് ഒരു സമഗ്രപഠനം....



- 'സഹീഹുൽ ബുഖാരി' വിമർശിക്കപ്പെടുന്നു...!
- അബൂഹുറൈറയുടെ തനിനിറം....!
- അബൂഹുറൈറയും ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികളും...
- ബുഖാരി, മുസ്ലീം, അബുദാവൂദ്, തുർമുദി, നസാഇ, ഇബ്നുമാജ തുടങ്ങിയ ആറു പ്രാമാണിക ഹദീസു ഗ്രന്ഥങ്ങളിലെ ഉള്ളടക്കം തൊണ്ണൂറ് ശതമാനവും ഖുർആനിക ആശയങ്ങൾക്കും ചിന്താഗതികൾക്കും എതിരാവാൻ കാരണമെന്ത്...?
- അറേബ്യൻ പാരമ്പര്യങ്ങളും, ചിന്താഗതികളും അറേബ്യൻ സംസ്കാരവും മാത്രം പ്രോത്സാഹിപ്പിക്കുന്ന പ്രസ്തുതകള്ള ഹദീസുഗ്രന്ഥങ്ങൾക്ക് സുന്നി, മുജാഹിദ് ജമാഅത്തു മൗലവിമാർ ഖുർആനിനേക്കാൾ സ്ഥാനവും മാനവും നൽകാൻ കാരണമെന്ത് ?

**എട്ടാം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത'- എട്ടാം ഭാഗം**

- ഖുർആനിലില്ലാത്ത - മുഹമ്മദുനബി പഠിപ്പിക്കാത്ത - ഒരാചാരവും - ഒരു സുന്നത്തും - മുസ്ലീംകൾക്ക് ബാധകമല്ലെന്ന് വിശുദ്ധഖുർആൻ...!
- സുന്നത്തായ എല്ലാ ആരാധനകളും ഖുർആൻവിരുദ്ധം.....!
- 'ചേലാകർമ്മം' അനിസ്ലാമികം.....!!
- മുഹമ്മദുനബിമാതൃക കാണിക്കാത്ത - ഖുർആനിൽ ഇല്ലാത്ത - ചേലാകർമ്മത്തിലെ മതവും ശാസ്ത്രവും......!
- മുഹമ്മദ് നബിയോ, നാലുഖലീഫമാരോ ചെയ്തിട്ടില്ലാത്ത - നബിയുടെ പേരക്കുട്ടികളായിരുന്ന ഹസൻ ഹുസൈൻ തുടങ്ങിയവർക്ക് നബി ചെയ്തിട്ടില്ലാത്ത, ചേലാ കർമ്മം സുന്നി മുസ്ലീംകൾക്ക് നിർബന്ധമാക്കിയത് ആര്...?
- വിശ്വാസികൾക്ക് സമയനഷ്ടം, ധനനഷ്ടം, ശാരീരക നഷ്ടം എന്നിവ ഉണ്ടാക്കുന്ന ഒരു ആചാരവും, ആരാധനാ കർമ്മങ്ങളും, അല്ലാഹുപഠിപ്പിച്ചിട്ടില്ലെന്ന് വിശുദ്ധഖുർ

ആൻ....!

- സഹീഹുൽ ബുഖാരി, മുസ്ലിം തുടങ്ങിയ കള്ള ഹദീസുകൾ കലർന്ന ഹദീസു ഗ്രന്ഥങ്ങൾ പ്രമാണമാക്കാൻ പാടില്ലെന്ന് വിശുദ്ധഖുർആൻ...!

## ഒമ്പതാം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത' - ഒമ്പതാം ഭാഗം

- ഇസ്ലാമിക ചരിത്രത്തിലെ കറുത്ത അദ്ധ്യായങ്ങൾ...
- ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികളുടെ ചരിത്രപാശ്ചാത്തലം
- യാതൊരു അത്ഭുതങ്ങളും കാണിക്കാത്ത - യാതൊരുഅമാനുഷികദൃഷ്ഠാന്തവും കാണിക്കാത്ത - ആകാശത്ത് കയറാത്ത - നമ്മെപ്പോലെ ആഹാരം കഴിക്കുകയും അങ്ങാടിയിലൂടെ നടക്കുകയും ചെയ്യുന്ന മനുഷ്യനായ ഒരു ദൈവദൂതൻ എന്നു ഖുർആൻ പരിചയപ്പെടുത്തിയ നബിയെ ഒരു ദൈവമാക്കി ചിത്രീകരിച്ച് - നബിയുടെ മരണം കഴിഞ്ഞ് സുമാർ ഇരുപത് വർഷം കഴിഞ്ഞപ്പോൾ ഇസ്ലാം സുന്നി-ഷിയാ എന്നീ രണ്ടു രാഷ്ട്രീയ ചേരികളായി പിളർന്നു അധഃപ്പതിച്ച ചരിത്രം...
- ഖുർആനിന് പകരം ഹദീസുകളുണ്ടായ ചരിത്രം... ഇസ്ലാമിന് പകരം 'ഖുർആനും സുന്നത്തും' എന്ന സുന്നീ മതവും 'ഖുർആനും അഹ്ലുൽ ബൈത്തും' എന്ന ഷിയാ പ്രസ്ഥാനവും ഉണ്ടായ ചരിത്രം....!
- ഇസ്ലാമിൽ നടന്ന ഗുരുതരമായ അട്ടിമറികളുടെ ചരിത്രം....!

## പത്താം ദിവസം - 'ഇസ്ലാമിലേയ്ക്കുള്ള പാത' - പത്താം ഭാഗം

- വിശുദ്ധ ഖുർആനിലെ അടിസ്ഥാന സിദ്ധാന്തങ്ങൾ....!
- മുസ്ലിംകൾ ഖുർആനിലേയ്ക്ക്....!
- സർവ്വമതസത്യവാദം ഖുർആനിൽ....! യൂസുഫ് മൗലവി, മുതൂർ അബുബക്കർ മൗലവി
- സുന്നി - ഷിയാ ഐക്യം ഖുർആനിലൂടെ മാത്രം...!



മുസ്ലീം ഐക്യം ഖുർആനിലൂടെ.....!

മാനവഐക്യം ഖുർആനിലൂടെ....!

- പത്തുഖുത്തുബകൾ (ചേകന്നൂർ മൗലവിയുടെ തിരഞ്ഞെടുത്ത പത്ത് പ്രസംഗങ്ങൾ)...!
- ഖുർആൻ... ലോകസമാധാനത്തിന്റെ ഗ്രന്ഥം...!
- ചേകന്നൂർ മൗലവിയുടെ നൂറ് ചോദ്യങ്ങൾ...!
- നബിക്ക് എഴുത്തും വായനയും അറിയാമെന്ന് വിശുദ്ധ ഖുർആനും മുഹമ്മദ് നബിയും പഠിപ്പിക്കുമ്പോൾ എഴുത്തും വായനയും അറിയാത്ത ഒരു നിരക്ഷര കുക്ഷിയായിരുന്നു മരണം വരെ മുഹമ്മദ് നബിയെന്ന് അബൂഹുറൈറയും സുന്നി - മുജാഹിദ് - ജമാഅത്ത് മൗലവിമാരും പ്രചരിപ്പിക്കാൻ കാരണമെന്ത് ...!
- അറബി ഭാഷയിൽ അവതരിപ്പിക്കപ്പെട്ട ഖുർആൻ മറ്റ് ഭാഷകളിലേയ്ക്ക് പരിഭാഷപ്പെടുത്താൻ പാടില്ല എന്ന് സുന്നികൾ ( അബൂഹുറൈറയും മുആവിയയും) നിയമമാക്കാൻ കാരണമെന്ത്...!
- ചിന്തിച്ചു പഠിച്ചല്ലാതെ വിശുദ്ധ ഖുർആൻ പോലും സ്വീകരിക്കരുത് എന്ന് വിശുദ്ധ ഖൂർആനും മുഹമ്മദ് നബിയും പഠിപ്പിക്കുമ്പോൾ നാലിൽ ഒരു സുന്നിമദ്ഹബ് (ഷാഫി, മാലിക്കി, ഹനഫി, ഹമ്പലി എന്നിങ്ങനെ നാലിൽ ഒരു മദ്ഹബ്) അന്ധമായി അനുകരിക്കണമെന്ന് അബൂഹുറൈറയും മുആവിയയും നിയമമാക്കാൻ കാരണമെന്ത്...?
- ഈ മാൻ - ഇസ്ലാം കാര്യങ്ങൾ ഖുർആനിൽ നിന്ന്....!
- നബി മനുഷ്യനായ ഒരു ദൈവദൂതൻ (മാനുഷിക വളർച്ചയുടെ പരമോന്നതി പ്രാപിച്ച ഒരു ദൈവദൂതനാണ് മുഹമ്മദ് നബിയെന്ന് വിശുദ്ധ ഖുർആൻ...!)
- അശാസ്ത്രീയമായ മദ്രസ്സാ - ദർസുപഠനങ്ങൾ...! (മദ്രസ്സാ ദർസുപഠനങ്ങൾക്ക് ഒരു ഖുർആനിക സിലബസ്...!)
- ഖുർആനിൽ ഒന്നാമത്തെ ഇസ്ലാം കാര്യം അക്ഷരാഭ്യാസം....!
- മനുഷ്യ ജീവിത ലക്ഷ്യം ഖുർആനിക വീക്ഷണത്തിൽ

- ഖുർആനും അറബി സാഹിത്യവും
- ഖുർആനിലെ സകാത്ത് - (ഇൻഫാഖ് - സദഖ - സകാത്ത്)
- നിർബന്ധ ദാനവും, ആത്മസംസ്കരണവും
- നമസ്കാരത്തിന്റെ (സ്വലാത്തിന്റെ ) നാനാർത്ഥങ്ങൾ
- നമസ്കാരവും (പ്രാർത്ഥനയും) ദൈവികമായ മറ്റുബാധ്യതകളും
- ഇബാദത്ത് - ദൈവിക സേവനം (Service to God) - സ്വന്തം ആത്മാവിനോടും സ്വന്തം ശരീരത്തോടും, സ്വന്തം കുടുംബത്തോടും, സ്വന്തം സമൂഹത്തോടും, ഈ പ്രപഞ്ചത്തോടും, അല്ലാഹുവിനോടുമുള്ള കടപ്പാടുകൾ നിറവേറ്റി ജീവിക്കുക.
- നബിതിരുമേനിയുടെ അനുകരണീയമായ സുന്നത്തുകൾ...
- നബിയുടെ (ബിലാലിന്റെ) ബാങ്കുവിളി എങ്ങിനെയായിരുന്നു.....?

  നബിയുടെ നമസ്കാരസമയം...
  നബിയുടെ നമസ്കാരരൂപം...
  നബിയുടെ നോമ്പ്
  നബിയുടെ ഹജ്ജ്....
- ഖുർആൻ പരിഭാഷ - വിശുദ്ധ ഖുർആനിനെ ഖുർആനിക ആശയങ്ങൾ കൊണ്ടും ഖുർആൻ വിരുദ്ധമല്ലാത്ത ഹദീസുകൾകൊണ്ടും വ്യാഖ്യാനിച്ച് തയ്യാറാക്കിയ പരിഭാഷ.
- മുഹമ്മദുണ്ണി മൗലവി മാറഞ്ചേരി, മൂതൂർ അബൂബക്കർ മൗലവി , മൗലവി യൂസഫ് കരുനാഗപ്പിള്ളി , ഷാഹുൽ ഹമീദ് മൗലവി, പറപ്പൂര് , സെയ്തലവി അൻസാരി. സി. പി.എ. അസീസ് മൗലവി, ഡോ.എം.അബ്ദുൾ ജലീൽ പുറ്റേക്കാട് , അബ്ദുൾ മജീദ് സുല്ലമി ഉഗ്രപുരം, അബ്ദുൾ റഹ്മാൻ കൂത്തുപറമ്പ്, ബഷീർതാനാളൂർ എന്നിവരുടെ പ്രബന്ധങ്ങളും പ്രസംഗങ്ങളും

## ഖുർആൻ സുന്നത്ത് സൊസൈറ്റിയുടെ മറ്റു പ്രസിദ്ധീകരണങ്ങൾ

1. **ഹദീസുകളുടെ പ്രാമാണികത**
   *- എം.പി. മുഹമ്മദുണ്ണി മൗലവി മാറഞ്ചേരി*
2. **ഈ ഹദീസുകൾ ആർക്കു വേണ്ടി**
   *- പി.സി. മുഹമ്മദ് കുട്ടി ഹാജി*
3. **ചേകന്നൂർ മൗലവിയുടെ ആദർശ പടയോട്ടം**
   *- മൗലവി യൂസുഫ് കരുനാഗപ്പള്ളി*
4. **ഇസ്ലാമിലെ ചിന്താ പ്രസ്ഥാനങ്ങൾ**
   *- മഹമ്മദുണ്ണി മൗലവി*
5. **ഹസ്രത്ത് അലി**
   *- മുഹമ്മദുണ്ണി മൗലവി*
6. **ചേകന്നൂർ മൗലവിയുടെ ഖുർആനിക ദർശനങ്ങൾ**
   *- ഡോ. എം. അബ്ദുൾ ജലീൽ, പുറ്റേക്കാട്*
7. **ഖുർആൻ ദർശനം മാസിക**



## സി.ഡികൾക്കും കാസറ്റുകൾക്കും ബന്ധപ്പെടുക.

**സെക്രട്ടറി**
**ഖുർആൻ സുന്നത്ത് സൊസൈറ്റി, ഫറോക്ക്**
**മാർക്കറ്റ് റോഡ്, ഫറോക്ക്, കേരള, ഇന്ത്യ. പിൻ -673631**
**ഫോൺ : 00919847099064**

**കെ.സി. അബ്ദുൾ റഹ്മാൻ** ഫോൺ : 00919447106748
**നിസാർ,** ഫോൺ : 00919387449994
**സി.എം.എ സലാം,** സി.എം.ടി. മെഡിക്കൽസ്, മൂച്ചിക്കൽ, **തിരൂർ,**
ഫോൺ : 00919846028029

***ആശയം, ആവിഷ്കാരം:***

ഡോ. അബ്ദുൾ ജലീൽ, പുറ്റെക്കാട്

***പ്രായോജകർ***

ഡോ.സി.എം.കുട്ടി
എൻ. ടി. എ കരീം
എം. എസ്. റഷീദ് അത്തർവാല
നാണി സാഹിബ് കാളികാവ്
ഡോ. എം.എ. ജലീൽ
ഹസ്സൻ കോയ എരഞ്ഞിക്കൽ
അബ്ദുൾ മജീദ് ചെറുവാടി
സി.പി. കോയ
ബഷീർ താനാളൂർ

**ഖുർആൻ - സുന്നത്തു പ്രസ്ഥാനത്തിന്റെ ഇന്നുവരേയുള്ള ആശയപ്രചരണപ്രവർത്തനങ്ങളുടെ ഒരു രൂപരേഖയാണ് ഈ കൊച്ചു ഗ്രന്ഥത്തിലുള്ളത്.**

**കൂടുതൽ അറിവിനും റഫറൻസിനുമായി ഈ ബുക്ക്ലറ്റുകൾ ഭദ്രമായി സൂക്ഷിച്ചുവെയ്ക്കുക.**